Reg. No. C. 101, M: 2293

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6-0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2-0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8-0
പ്രതിമാസം തപാൽ 1.12.0
ഒററപ്രതി 0. 1.0

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു — എറണാകുളം 1124 ഇടവം 5 | ലക്കം 37

# ദോഷാരോപണങ്ങൾ

അഥവാ

## കത്തോലിക്കാസഭ എന്തായിരിക്കുന്നില്ല

(കെ. ഇ. ജോബ്, എം. എ, എൽ. ടി.)

തെററിദ്ധാരണകൾക്കു വിധേയമായ ഏതെങ്കിലും ഒരു വസ്തുവിനേയോ സ്ഥാപനത്തേയോ പററി യഥാൎത്ഥബോധം പൊതുജനങ്ങളിൽ ഉളവാക്കുന്നതിനുള്ള പ്രധാനമാൎഗ്ഗം, അതു എന്തല്ല എന്നു പറയുന്നതായിരിക്കും. ഉദാഹരണമായി വിമാനം എന്നു പറയുന്നതു്, ജലസ്ഥലവാഹനങ്ങളായ കപ്പലോ, ബോട്ടോ, വള്ളമോ, കാളവണ്ടിയോ, മോട്ടോർവണ്ടിയോ, കുതിരവണ്ടിയോ, തീവണ്ടിയോ അല്ല, പിന്നെയോ ആകാശത്തിൽക്കൂടി അതിശീഘ്രം സഞ്ചരിക്കുന്ന ഒരു വാഹനമാണെന്നു പറയുന്നതു്, ആദ്യം പറഞ്ഞ വിധത്തിലുള്ള തെററിദ്ധാരണയുള്ളവൎക്കു പ്രത്യേകിച്ചും, കൂടുതൽ ഫലപ്രദമായിരിക്കുമല്ലോ.


ഭുവനവിശാലമായ കത്തോലിക്കാസഭയെക്കുറിച്ചു് ഇപ്പോഴും അന്യമതസ്ഥരിൽ പല തെററിദ്ധാരണകളുണ്ടു്. അവയിൽ ചിലവയെ ഉദ്ധരിച്ചു് അവയുടെ അൎത്ഥശൂന്യതയെ ചുരുക്കമായി വെളിപ്പെടുത്തുന്നതിനാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.

(A) അതിലൊന്നു് കത്തോലിക്കാസഭ റോമ്മായിലെ പ്രാദേശികസഭമാത്രം ആണെന്നുള്ളതാണു്. ക്രൈസ്തവസഭയുടെ അവശ്യലക്ഷണങ്ങൾ ഏകത്വവും കാതോലികത്വവും വിശുദ്ധിയും അപ്പസ്തോലികത്വവുമാണല്ലോ. ഏകമായ ഈ സഭ ഒരു ഗിരിദീപംപോലെ എല്ലാവൎക്കും ദൃശ്യമായിരിക്കണം. ഈ ദൃശ്യസഭയുടെ തലസ്ഥാനമത്രെ റോമ്മാനഗരം. റോമ്മായിലെ മെത്രാന്മാർ തിരുസഭാതലവനായ പത്രോസിന്റെ അനന്തരഗാമികളാണു്. ആകയാൽ റോമ്മാ മേൽപ്പട്ടക്കാൎക്കു ലോകമാസകലമുള്ള ഇതരമെത്രാന്മാരുടെമേൽ ശ്രേഷ്ഠാധിപത്യമുണ്ടു്. പ്രത്യേക ദൈവാനുഗ്രഹവും ക്രിസ്തുവിന്റെ വാഗ്ദാനവുംമൂലം, അദ്ദേഹത്തിനു മതവും സന്മാൎഗ്ഗവും സംബന്ധിച്ച ഔദ്യോഗികബോധനങ്ങളിൽ അപ്രമാദിത്വവുമുണ്ടു്. ആകയാൽ കത്തോലിക്കാസഭ സാക്ഷാൽ റോമ്മായിലെ സഭ മാത്രമല്ല; അതു ലോകവിശാലമാണു്. അതു ക്രിസ്തു സ്ഥാപിച്ച സാൎവ്വത്രികസഭയാകുന്ന കടുകുമണി വീണു കിളുത്തു്, ശാഖോപശാഖകളായി പടൎന്നുവന്നിട്ടുള്ള ഒരു വടവൃക്ഷമാണു്. അതാണു് ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ക്രൈസ്തവസഭ. ഇന്നു ഭൂമുഖത്തുള്ള മററു വിഭിന്നസഭാവിഭാഗങ്ങൾ അതിന്റെ സജീവശാഖകളല്ല; അതിന്റെ വിത്തു വീണു കിളുത്തതുമല്ല. അവ വെട്ടിക്കളയപ്പെട്ട ശിഖരങ്ങളാവാം. അവ നിൎജ്ജീവമായിപ്പോകാതെയിരിക്കണമെങ്കിൽ തായിത്തടിയുമായി പുനരൈക്യപ്പെടുത്തണം. വെട്ടിക്കളഞ്ഞ പല ശാഖകൾ പരസ്പരം കൂട്ടിച്ചേൎത്താൽ അവക്കു ജീവനുണ്ടാകയില്ല. ആകയാൽ ദേശാഭിമാനം, ജാത്യഭിമാനം, ആത്മാഭിമാനം, അഹങ്കാരം ഇവയൊന്നും യഥാൎത്ഥപുനരൈക്യത്തിനു പ്രതിബന്ധമായിക്കൂടാത്തതാണു്.

(B) കത്തോലിക്കാസഭയിൽ ജീവിതപരിശുദ്ധിയില്ലെന്നാണു് മറെറാരു തെററിദ്ധാരണ. ഇതു ഒട്ടുംതന്നെ ശരിയല്ല. കത്തോലിക്കാസഭയിലുള്ളിടത്തോളം വിശുദ്ധന്മാരുടെ സംഖ്യ വിഭിന്നസഭകളിലും മതങ്ങളിലും കാണുകയില്ല. വേദപാരംഗതനായ തോമസ് അക്വിനാസ്, രണ്ടാമത്തെ ക്രിസ്തു എന്ന പേരിന്നർഹനായ ഫ്രാൻസിസ് അസ്സീസി, എന്നിവർ തുടങ്ങിയ അസംഖ്യം വിശുദ്ധന്മാരെ ഇന്നു സകല ക്രൈസ്തവജനങ്ങളും വിശുദ്ധരായി പരിഗണിക്കുന്നുണ്ടു്. എന്നാൽ അവർ നിസ്സംശയമായും പരിപൂൎണ്ണ റോമ്മൻകത്തോലിക്കരായിരുന്നു. അതുപോലെ പരിപാവനജീവിതം നയിക്കുന്നതിനു നിത്യവ്രതം നേൎന്നിട്ടുള്ളവരായി ഇപ്പോൾ കത്തോലിക്കരിൽ അനേകശതം സന്യാസസഭകളും അനേകലക്ഷം സന്യാസിനീസന്യാസികളും, അനേകായിരം മേൽപ്പട്ടക്കാരും ലക്ഷത്തിലധികം പട്ടക്കാരുമുണ്ടു്. കത്തോലിക്കരായ അവൈദികജനങ്ങളിലും ധീരോദാത്തമായ സുകൃതജീവിതം നയിക്കുന്ന പലരുണ്ടു്. എന്നാൽ കത്തോലിക്കാസഭയിൽ ജീവിതപരിശുദ്ധി ഇല്ലെന്നുള്ള ആക്ഷേപം എങ്ങനെ വന്നു എന്നു പരിശോധിച്ചുനോക്കിയാൽ ഒരു കാൎയ്യം മനസ്സിലാകും. അതായതു്, കത്തോലിക്കാസഭയുടെ ദൗത്യം മിശിഹായുടെ ദൗത്യമാണു്. മിശിഹായാകട്ടെ, പാപികളെ രക്ഷിക്കുന്നതിനുവേണ്ടിയാണു ലോകത്തിലേക്കു വന്നതു്. (I Timothy i.15) "നീതിമാന്മാരെയല്ല പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കുന്നതിനത്രെ" (മത്തായി 16,5) ആഗതനായതു്. അദ്ദേഹം പാപികളുടേയും ചുങ്കക്കാരുടേയും സഹചാരിയായിരുന്നു. അവരെ ദൈവത്തോടു യോജിപ്പിക്കുന്നതിനായിരുന്നു അവിടുന്നു് അപ്രകാരം ചെയ്തതു്. മിശിഹായാൽ സ്ഥാപിതമായ കത്തോലിക്കാസഭയും ഈ ദൗത്യംതന്നെയാണു് അനുഷ്ഠിക്കുന്നതു്. അവളുടെ മിഷനറിമാർ യൂറോപ്പു്, അമേരിക്കാ, ആസ്ത്രേലിയാ, ഇൻഡ്യാ, ചൈനാ, ആഫ്രിക്ക എന്നീ വിസ്തൃതരാജ്യങ്ങളിലെ ധനികന്മാരെയും പണ്ഡിതന്മാരെയും മാത്രമല്ല ദരിദ്രരെയും അജ്ഞന്മാരെയും പാപികളെയുംകൂടി മതത്തിന്റെ ആശ്വാസങ്ങൾ നല്കി സ്വാഗതംചെയ്യുന്നുണ്ടു്. ഈ പാവപ്പെട്ടവരുടെ ബാഹ്യജീവിതം പക്ഷെ ചില തെററിദ്ധാരണകൾക്കിടംകൊടുത്തേക്കാം. പക്ഷെ സഭയുടെ ലക്ഷ്യം അവരെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുന്നതിനാണു്. അതു അവൎക്കു സാധിക്കുന്നുമുണ്ടു്. അഥവാ ധനികരുടേയും കുലീനരുടേയും വിജ്ഞന്മാരുടേയും ആന്തരികമായ ജീവിതപരിശുദ്ധി എത്രത്തോളം മെച്ചമാണെന്നുള്ളതു സൎവ്വജ്ഞനായ ദൈവത്തിനു മാത്രമേ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. ഏതായാലും കത്തോലിക്കാസഭയിൽ, അന്യാപേക്ഷയാ, ജീവിതപരിശുദ്ധി കുറവാണെന്നു പറയുന്നതു പിശകാണു്.

(C) കത്തോലിക്കാസഭ നൂതനമായതത്വങ്ങൾ പഠിപ്പിച്ചു് മിശിഹായുടെ ഉപദേശങ്ങളെ ദുഷിപ്പിച്ചുകളയുന്നു എന്നാണു് മറെറാരു ദോഷാരോപണം. ആകയാൽ ആധുനികകത്തോലിക്കാസഭ മിശിഹായുടെ യഥാൎത്ഥസഭയല്ലെന്നുകൂടി ഇതിനൊരു ധ്വനിയുണ്ടു്. ഈ ദോഷാരോപണത്തിൽ ലയിച്ചിരിക്കുന്നതും ഒരു തെററിദ്ധാരണയാണു്. ക്രിസ്തു സ്ഥാപിച്ച സഭയ്ക്കു ഇപ്പോൾ 1900-ൽ പരം സംവത്സരത്തെ പഴക്കമുണ്ടു്. അതു ഈ കാലമെല്ലാം വളൎന്നുകൊണ്ടിരിക്കയായിരുന്നു. വളൎച്ച എന്നതു് ഒരു ജീവൽതത്വമാണു്. ജീവനുണ്ടെങ്കിൽ വളൎച്ചയുണ്ടു്; വളൎച്ചയില്ലെങ്കിൽ ജീവനില്ല. ഇന്നു ജനിക്കുന്ന ശിശു 50 കൊല്ലം ജീവിച്ചുകഴിയുമ്പോൾ ശരീരമനശ്ശക്തിയിലും ആകൃതിയിലും പ്രകൃതിയിലും വളരെ അഭിവൃദ്ധി പ്രാപിക്കുന്നു. എന്നാൽ അതേശിശു 10 കൊല്ലം ജീവിച്ചു മരിച്ചശേഷം അതിന്റെ മൃതദേഹം കേടുവരാതെ സംരക്ഷിച്ചുവച്ചിരുന്നുവെങ്കിൽ അതിനു് ഇപ്പോഴും കഷ്ടിച്ചു പത്തുവയസ്സേ പ്രായം തോന്നുകയുള്ളു. പ്രായപൂൎത്തിയാകുമ്പോൾ ഒരു മനുഷ്യജീവിയിൽ പ്രത്യക്ഷപ്പെടുന്ന കായികശക്തികളും കേശമീശാദിയും എല്ലാം ആ വ്യക്തിയുടെ കാലാന്തരവികാസങ്ങളാണു്. അവ ആ വ്യക്തിയുടെ ബാഹ്യസമ്പാദ്യങ്ങളാണെന്നുള്ളതു ഒരു ഭ്രമമാണു്. ഇതുപോലെതന്നെ കത്തോലിക്കാസഭയിൽ ഇടയ്ക്കിടെ ഉണ്ടായിട്ടുള്ള മതതത്വനിൎച്ച

(ശേഷം 12-ാം പേജിൽ)



തേവരവച്ചു നടത്തപ്പെട്ട സമ്മർസ്കൂളിൽ സംബന്ധിച്ചിരുന്ന അദ്ധ്യാപകാദ്ധ്യേതാക്കൾ. ഇരിക്കുന്നവർ (ഇടത്തുനിന്നു വലത്തോട്ടു്) ഫാ. മാർസൽ, മി. ഈ. പി. ജോൺ, ഫാ. ഫ്രാൻസിസ് സെയിൽസ്, ഫാ. ക്ലെമെൻറു്, ഷെവ. സി. ജെ. വക്കി, ഫാ. പ്ലാസിഡ്, പ്രൊ. ടി. ജെ. ജോബ്, ഫാ. ലിയോൺസിയുസ്, മി. ജയിംസ് കണ്ടത്തിൽ.

# അവതാരവും ഉദ്ദേശ്യവും

(ഫാദർ തോമസ് കൊച്ചുയ്യങ്കാനാൽ)

അവതാരത്തെ അധികരിച്ചു പല ലേഖനങ്ങളും മുൻലക്കങ്ങളിൽ നമ്മൾ കണ്ടുകഴിഞ്ഞുവല്ലൊ. ഇൻഡ്യാനിവാസികളായ നമ്മളോ കത്തോലിക്കരോ മാത്രമല്ല അവതാരത്തിൽ വിശ്വസിക്കുന്നവരും അവതാരത്തെപ്പററി എഴുതിയിട്ടുള്ളവരും. പിന്നെയോ സകല ജാതികളുടേയും സമസ്തജനങ്ങളുടേയും ഇടയിൽ അവതാരത്തെക്കുറിച്ചു വിശ്വാസമുണ്ടായിരുന്നുവെന്നു തെളിയിക്കുന്ന രേഖകൾ കാണ്മാനുണ്ടു്. അവയിൽ ചിലതിന്റെ നാമങ്ങളെ ഇവിടെ ഉദ്ധരിച്ചതിന്റെ ശേഷം അവതാരത്തിന്റെ ഉദ്ദേശ്യം എന്താണെന്നു പറയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

ഈ ഉദ്യമത്തിൽ ആദ്യമായി വായനക്കാരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിനു വിചാരിക്കുന്നതു നമ്മുടെ ഏഷ്യാഖണ്ഡത്തിന്റെ കിഴക്കേ അററത്തുള്ള ചൈനാക്കാരുടെ ഇടയിലെ ഒരു രേഖയാണു്. അതു അവിടത്തെ രാജകീയമതസ്ഥാപകനായ കൊൺഫ്യൂസിയസിന്റേതുമാണു്. അദ്ദേഹം പറയുന്നു: "ബലം പ്രയോഗിക്കയോ, നിർബന്ധിക്കയോ ചെയ്യാതെ വിപ്ലവങ്ങളെ തടയുകയും, പ്രസംഗപ്രൗഢികൂടാതെ ശ്രോതാക്കളിൽ നിസ്സീമമായ വിശ്വാസം ഉളവാക്കുകയും, യാതൊന്നിനും ഒരു വ്യതിക്രമവും വരുത്താതെ ധീരകർമ്മങ്ങൾ പ്രവർത്തിക്കുകയും ഒരു സുകൃതസാഗരം തന്നെ സൃഷ്ടിക്കയും ചെയ്യുന്ന ഒരു പരമസാത്വികൻ പടിഞ്ഞാറെരാജ്യത്തു ആഗതനാകും." "Tchoung-young"

പ്രസ്തുത പ്രതീക്ഷിതപുരുഷന്റെ മഹിമാവിലാസംകൊണ്ടു ലോകംമുഴുവനും പരിപൂർണ്ണമാകും. ജീവിക്കയും ശ്വസിക്കയും ചെയ്യുന്ന സർവ്വജനങ്ങളും അദ്ദേഹത്തെ നിസ്സീമമായി സ്നേഹിക്കയും സമാദരിക്കയും ചെയ്യും. അദ്ദേഹത്തിന്റെ മാനസികശക്തികളും, ധീരസുകൃതങ്ങളും അദ്ദേഹത്തെ ഈശ്വരസദൃശനാക്കിത്തീർക്കും. — ഉദ്ധൃതഗ്രന്ഥം."

രണ്ടാമതായി പ്രദർശിപ്പിക്കുന്നതു പേർഷ്യയിലെ "മേജൈ" മതത്തിന്റെ സ്ഥാപകനായ സൊറൊപാസ്റ്ററിന്റെ തത്വങ്ങളെ ക്രോഡീകരിച്ചുള്ള യവനചരിത്രകാരനും സന്മാർഗ്ഗശാസ്ത്രജ്ഞനുമായ പ്ലൂട്ടാർക്കിന്റേതാണു്.

"ഒർമസ" ദൈവവും അഹ്റിമാൻ തിന്മയുടെ മൂർത്തിയും ആകുന്നു. ഇവക്കു മധ്യേ മിത്ര എന്നൊരു മദ്ധ്യസ്ഥനുമുണ്ടു്. അഹ്റിമാൻ ഒരുകാലത്തു ലോകമെങ്ങും ബഹുവിധവിപത്തുകളെക്കൊണ്ടു നിറയ്ക്കും. അതോടെ അവൻ നാമാവശേഷനാക്കപ്പെടുകയും ചെയ്യും. അപ്പോൾ നിമ്നോന്നതങ്ങളായ മാർഗ്ഗങ്ങൾ സമനിരപ്പുള്ളവയായിത്തീരും. തടങ്ങളും താഴ്‌വരകളും നികക്കും. മനുഷ്യരുടെ ജീവിതരീതിയിലും നിയമസംഹിതയിലും ഐകരൂപ്യമുണ്ടാകും" (Isis & Osiris). ഇവയേയും ഏതാദൃശങ്ങളായ മററു ഏഷ്യൻ കഥകളേയും നിരൂപണം ചെയ്തുകൊണ്ടു വോൾണി എന്നൊരു മഹാപണ്ഡിതൻ പറയുന്നു: "ക്രിസ്തുവിനുമുമ്പുള്ളകാലത്തെ മതാത്മകവും ഇതിഹാസപരവുമായ പാരമ്പര്യങ്ങൾ, ആഗതനാകുവാനിരുന്ന മഹാമദ്ധ്യസ്ഥനും, പരിഛേദം വിധിപ്രസ്താവിക്കുവാനിരുന്ന പരമന്യായാധിപനും, ഈ ലോകത്തിൽ സുവർണ്ണഘട്ടം പുനസ്ഥാപിച്ചു തിന്മയുടെ ശക്തിയിൽനിന്നു നരകുലത്തെ മോചിക്കാനിരുന്ന വിജയശ്രീമാനായ നിയമദാതാവും രാജാവും ദൈവവും പരിത്രാതാവും ആയ ഒരുവനെക്കുറിച്ചുള്ള വിശ്വാസം സർവ്വത്ര പ്രചരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു."

"Les Ruines"

അടുത്തതായി ഗ്രീസിലെ സുപ്രസിദ്ധ താത്വികനായ സോക്രട്ടീസിന്റെ പ്രസ്താവനകളെയാണു് ഉദ്ധരിക്കുന്നതു്.

"മനുഷ്യൻ എന്തുചെയ്യണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും ഉപദേശിക്കുന്നതിനു ഗുരുനാഥനും രക്ഷകനുമായ ഒരാൾ വരുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കയല്ലാതെ ഗത്യന്തരമില്ല... ഈശ്വരനോടും സഹോദരന്മാരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ധർമ്മങ്ങളെ അനുശാസിക്കുവാനുള്ള ഒരാളെ നാം പ്രതീക്ഷിക്കുകതന്നെ ചെയ്യണം."

"Plato in Alcibiades"

ഭൂഗോളത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ള ജനങ്ങളുടെ ഇടയിൽ ഇതുപോലെയുള്ള പ്രസ്താവനകളും കഥകളും കാണ്മാനുണ്ടു്. അവയെക്കുറിച്ചു ജിജ്ഞാസയുള്ളവർക്കു മംഗലപ്പുഴ സെമ്മിനാരിയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള "മനുഷ്യപുത്രൻ" എന്ന വിശിഷ്ടകൃതി കാണുവാൻ എളുപ്പമുണ്ടല്ലൊ. കാവ്യരായ റോമ്മാക്കാരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഐതിഹ്യങ്ങളെ സിസറോയുടെയും വെർജിലിന്റെയും കൃതികൾ വായിച്ചിട്ടുള്ള പണ്ഡിതന്മാർ കണ്ടിട്ടുണ്ടായിരിക്കാം. യഹൂദന്മാരുടെ പാരമ്പര്യങ്ങൾ കാണണമെങ്കിൽ ബൈബിൾ നോക്കിയാൽ മതിയാകും. ദേവന്മാരുടേയൊ, ഉപദേവന്മാരുടേയൊ വീരന്മാരുടേയൊ അവതാരങ്ങളല്ലാത്ത കഥാപാത്രങ്ങൾ ഇല്ലാത്ത മഹാകാവ്യങ്ങൾ ഇൻഡ്യായിൽ ഉണ്ടോ എന്നുള്ളതു സംശയാധീനവുമാണു്.

ഇങ്ങനെ ലോകമാസകലമുള്ള ജനങ്ങളുടെ ഇടയിൽ ഒരേവിഷയത്തെ സംബന്ധിച്ചു ഒരു ബോധം കടന്നുകൂടുവാനിടയായതു് എങ്ങനെയെന്നുള്ളതു ചിന്തനീയമല്ലയോ?

ഇതിനുള്ള സമാധാനം ഒരു യാഥാർത്ഥ്യത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു പറയാം. ഭൂമുഖത്തുള്ള ജനങ്ങളെല്ലാവരുടേയും ഉൽപത്തി ഒരേ മാതാപിതാക്കന്മാരിൽ അല്ലെങ്കിൽ ഒരേമൂലത്തിൽനിന്നാണെന്നുള്ള സത്യത്തെയാണു ഞാൻ സൂചിപ്പിക്കുന്നതു്. പ്രസ്തുതസത്യത്തെ നിഷേധിച്ചു മനുഷ്യരെല്ലാം പരിണാമമുള്ള മക്കടസന്താനങ്ങളാണെന്നു സ്ഥാപിച്ചുകളയാമെന്നു നടിച്ചു പുറപ്പെട്ട ഡാർവിൻ പ്രഭൃതികൾ എങ്ങനെ പരാജയംവരിച്ചുവെന്നു കാണണമെങ്കിൽ "പരിണാമസങ്കല്പം" എന്ന അഭിധാനത്തിൽ സി. സ്വാമിനാഥൻ ബി. എ. എൽ.ററി അവർകൾ രചിച്ചു കഴിഞ്ഞ മാസത്തിൽ മംഗലപ്പുഴയുള്ള എസ്. എച്ച്. ലീഗുകാരുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശിഷ്ടഗ്രന്ഥം വായിക്കേണ്ടതാണു്. ഇതു "പരിണാമം" "മാനുഷോദയം" എന്ന പേരിൽ തിരുവിതാംകൂർ സർവ്വകലാശാലക്കാർ കോളെജുക്ലാസ്സുകളിലേക്കു നിശ്ചയിച്ചിട്ടുള്ള രണ്ടു പാഠ്യപുസ്തകങ്ങളെ വിദഗ്ദ്ധമായി നിരൂപണം ചെയ്യുന്നതിനുവേണ്ടി രചിച്ചിട്ടുള്ളതാണെന്നു വിശിഷ്യ പ്രസ്താവിച്ചുകൊള്ളുകയും ചെയ്യുന്നു.

ഇതിൽനിന്നു വിശദമാകുന്നതു് മനുഷ്യരെല്ലാം ഒരേ മാതാപിതാക്കന്മാരിൽനിന്നു് ഉത്ഭവിച്ചവരാണെന്നത്രേ. എന്നാൽ, നരവംശം മുഴുവനും എന്തിനുവേണ്ടിയാണു രക്ഷകനായി ഒരു അവതാരപുരുഷനെ പ്രതീക്ഷിച്ചതെന്നു ചെയ്യേക്കാവുന്ന ചോദ്യത്തിനാണു് ഇനി സമാധാനം പറയേണ്ടതു്. ആദിമമനുഷ്യർ സൃഷ്ടിമൂലമാണു് ലോകത്തിൽ ആവിർഭവിച്ചതു് എന്നാണല്ലോ ആസ്തികന്മാരുടെ ഇടയിലുള്ള വിശ്വാസം. ദൃശ്യസൃഷ്ടിയുടെ മകുടമായ ആദിമമനുഷ്യൻ ഇപ്പോഴത്തെ നികൃഷ്ടമായ അവസ്ഥയിൽ അല്ലായിരുന്നു. പിന്നെയോ പരിശുദ്ധനും നിഷ്കളങ്കനും അജ്ഞത, ക്ലേശം, മരണം മുതലായവയിൽനിന്നു സ്വതന്ത്രനുമായിരുന്നു. അവന്റെ അധമാംശം ഉത്തമാംശത്തിനും ശരീരം ആത്മാവിനും വിധേയമായിരുന്നു. അവനു പെരുമഴ, പെരുങ്കാററു മുതലായ പ്രകൃതിവിക്ഷോഭങ്ങളെയോ കടുവാ, പുലി മുതലായ ദുഷ്ടമൃഗങ്ങളെയോ പ്ലേഗ്, വിഷൂചിക മുതലായ സാംക്രമികരോഗങ്ങളെയോ ഭയപ്പെടേണ്ടതില്ലായിരുന്നു. കാമ്യമായ ഈ നിലയിൽനിന്നു അവനൊരു അധ:പതനം ഉണ്ടായി. ആ വസ്തുത ശ്രീ രാമാനുജാചാര്യർ അവർകളുടേതായി മുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിണാമസങ്കല്പത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനെ വായനക്കാരുടെ എളുപ്പത്തിനായി അതേപടി ഇവിടെ എടുത്തുചേർക്കാം. അധ:പതനത്തിന്റെ ഫലം സ്രഷ്ടാവും സൃഷ്ടിയും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ഒരു വേർപാടായിരുന്നു.

"ഈ വേർപാടു മനുഷ്യസ്വഭാവത്തിൽത്തന്നേ വലിയ ഒരു വിപ്ലവം ഉണ്ടാക്കി. മൃഗീയവാസനകളുടെ കോളിളക്കങ്ങൾ അവന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ മേന്മയ്ക്കു വലിയ പ്രതിബന്ധങ്ങളായിത്തീർന്നു. മനുഷ്യാത്മാവു് ഈശ്വരനോടു് എതിർത്തപ്പോൾ അവന്റെ മൃഗീയഗുണങ്ങൾ അവന്റെ ആത്മാവിനോടു് എതിർത്തു. മൃഗീയവാസനകളെ അടക്കിബ്ഭരിക്കുന്നതിനു പ്രേരകമായിരുന്ന പ്രത്യേകാനുഗ്രഹം നഷ്ടപ്പെട്ടതോടുകൂടി കാമക്രോധമാത്സര്യങ്ങൾ സ്വതന്ത്രമായി പ്രവർത്തിച്ചുതുടങ്ങി. അവയെ അടക്കിബ്ഭരിക്കുന്നതിനു അവന്റെ ആത്മശക്തിക്കു നിവൃത്തിയില്ലാതെയായി. അവനുണ്ടായിരുന്ന ദിവ്യവും സ്വാഭാവികവുമായ ജ്ഞാനം നഷ്ടപ്പെട്ടതോടുകൂടി അത്യാസക്തിയും അവിദ്യയും രജസ്സും തമസ്സും അവന്റെ ആത്മാവിൽ കടന്നു. സകലസൽഗുണങ്ങളേയുംനശിപ്പിക്കുന്ന സ്വാർത്ഥത അവന്റെ ഹൃദയത്തിൽ കുടികൊണ്ടു്, കായികവും മാനസികവും ആദ്ധ്യാത്മികവുമായ ദു:ഖങ്ങൾക്കു മൂലകാരണമായിത്തീർന്നു. സ്വാർത്ഥതയിൽ സമാധാനവും സന്തോഷവും കാണാഞ്ഞതുകൊണ്ടു ലൗകികസുഖങ്ങളിലേക്കു ദൃഷ്ടിതിരിച്ചു. "അഹം ബ്രഹ്മം" ആണെന്നുള്ള വിശ്വാസത്തോടുകൂടി പ്രകൃതിയോടടുത്തു. അവിടേയും അവൻ വിയോജനവും വിപ്ലവവും ആണു കണ്ടതു്. പ്രകൃതിയെ അതിൽത്തന്നേ പരിഗണിക്കുമ്പോൾ അതു ദൈവികസംവിധാനത്തെ പ്രകാശിപ്പിക്കുന്ന ഒരു തത്വമാണെന്നു കാണാം. ഇങ്ങനെയുള്ള പ്രകൃതിയോടു് അഹങ്കാരിയായ മനുഷ്യൻ അടുത്തപ്പോൾ അതിനു താൻ അടിമയാണെന്നു് അവൻ കണ്ടു. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തെ വിഛേദിച്ചതുകൊണ്ടു്, മനുഷ്യൻ ദൈവത്തിൽനിന്നും മററു മനുഷ്യരിൽനിന്നും പ്രകൃതിയിൽനിന്നും തന്റെ സ്വഭാവത്തിൽനിന്നുതന്നേയും തെററി നിസ്സഹായനായി ജീവിക്കുന്നുവെന്നു് അവൻ കണ്ടു. ദൈവത്തിൽനിന്നു പിരിഞ്ഞു സ്വതന്ത്രനായി ജീവിക്കണമെന്നു് ആഗ്രഹിച്ച മനുഷ്യൻ ശാരീരികമായ വാസനകളുടെ കോളിളക്കങ്ങളിൽപ്പെട്ടു ദു:ഖസാഗരത്തിൽ വലയുന്നു." ("പരിണാമസങ്കല്പം." 376-7 പക്ഷങ്ങൾ) കത്തോലിക്കരായ ദൈവശാസ്ത്രജ്ഞന്മാരുടെ തന്മയത്വത്തോടുകൂടിയുള്ള വർണ്ണനകളെ ഉപേക്ഷിച്ചുകൊണ്ടു് ഈ ഉദ്ധരണി മുഴുവനായി ഇവിടെ പകർത്തിയതു ശ്രീ രാമാനുജാചാര്യർ അവർകൾ ഹിന്ദുക്കളിൽ വളരെയധികം പേരുടെ ഇടയിൽ പ്രാമാണ്യം സമ്പാദിച്ചിട്ടുള്ള ഒരു മഹാനായിരിക്കുന്നതുകൊണ്ടത്രെ.

പ്രസ്തുതവേദാന്തി പറയുന്ന ദു:ഖസാഗരത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടിയാകുന്നു എല്ലാവരും ഒരു അവതാരപുരുഷനെ പ്രതീക്ഷിക്കുന്നതു്. ശ്രീകൃഷ്ണന്റെ ദശാവതാരത്തിന്റെ കാരണം ദുർവ്വാസാവിന്റെ ശാപമാണെന്നു ചില ഹിന്ദുക്കൾ പറയുന്നുണ്ടെങ്കിലും (ശബ്ദതാരാവലി കാൺക) പ്രസിദ്ധമായ ഭഗവദ്ഗീതയിലെ രണ്ടുശ്ലോകങ്ങളായിരിക്കാം പ്രകൃതത്തിനു യോജിക്കുന്നതു്.

യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി
ഭാരത— അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം.

* * *

പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ.

(ഭഗവദ്ഗീത. അ. iv. 7-8)


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറൻറു | 1½ ശതമാനം |
| സേവിംഗ്സ് | 3 |
| ഷോർട്ട് നോട്ടീസ് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | 4½ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്കു് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം
പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല


വേദശാസ്ത്രപംക്തി

## പരിശുദ്ധ കുർബാന

വാഗ്ദാനം (യോ. അ. 6)

ഗലീലയാതടാകത്തിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തു യോർദ്ദനാൻനദീമുഖത്തു ബെത്സെയിദാ എന്നൊരു പട്ടണം സ്ഥിതിചെയ്തിരുന്നു. ദിവ്യനാഥൻ അവിടെവെച്ചു് അഞ്ചപ്പം വർദ്ധിപ്പിച്ചു 5000 പുരുഷന്മാർക്കു് (ഏതാണ്ടു് അത്രയും സ്ത്രീകൾക്കും കുട്ടികൾക്കും) വയറുനിറയെ ഭക്ഷണം കൊടുത്തു. അലൗകികമായ ശക്തിപ്രഭാവംകണ്ടു് വിസ്മയപരവശരായ ജനാവലി അവിടുന്നു വരുവാനിരുന്നപ്രവാചകനാണെന്നു ധരിക്കുകയുംഅങ്ങെരാജാവായിവാഴിക്കുവാൻവട്ടംകൂട്ടുകയും ചെയ്തു ദിവ്യനാഥനാകട്ടെ അതിനു സമ്മതിച്ചില്ല. ശിഷ്യന്മാരോടു കടൽവഴി കഫർനാമിലേക്കു് (പ്രസ്തുതതടാകത്തിന്റെ തെക്കുപടിഞ്ഞാറെ ഭാഗത്തു സ്ഥിതിചെയ്തിരുന്ന പട്ടണത്തിലേക്കു്) പൊയ്ക്കൊള്ളുവാൻ കല്പിച്ചതിനുശേഷം ജനക്കൂട്ടത്തെ പിരിച്ചുവിട്ടു. തദനന്തരം ആരും കാണാതെ അവിടുന്നു മലയിലേക്കു പോയി.

അപ്പസ്തോലന്മാർ രാത്രിയുടെ നാലാം യാമംവരെ അത്യദ്ധ്വാനം ചെയ്തിട്ടും ഉദ്ദിഷ്ടസ്ഥലത്തെത്തിയില്ല. കാററും കോളും അവരുടെ വഞ്ചിയെ നടുക്കടലിലേക്കു് അടിച്ചുനീക്കി. അവരങ്ങനെ കൊടുങ്കാററിനോടു മല്ലിട്ടുകൊണ്ടിരുന്നപ്പോൾ ദിവ്യനാഥൻ വെള്ളത്തിൻമീതെ നടന്നു വരുന്നതുകണ്ടു. പത്രോസിനും അപ്രകാരം വെള്ളത്തിന്റെ മേൽപ്പരപ്പിൽക്കൂടെ നടന്നാൽ കൊള്ളാമെന്നൊരാഗ്രഹമുണ്ടായി. വലിയ കാര്യങ്ങളിൽ സ്വപ്രതിപുരുഷനാക്കാനിരുന്ന ആ അപ്പസ്തോലപ്രധാനന്റെ ആഗ്രഹം ദിവ്യനാഥൻ അനുവദിച്ചുകൊടുത്തു. പിന്നീടു അവിടുന്നു കടലിനെ ശാന്തമാക്കി. അപ്പോഴേക്കും നേരം പ്രഭാതമായി. വള്ളം കഫർനാം കരയ്ക്കടുക്കുകയും ചെയ്തു. വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ ആദ്യത്തെ അത്ഭുതം അവരുടെ വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്നതിനു പര്യാപ്തമായില്ലെങ്കിലും, രണ്ടാമത്തെ അത്ഭുതപ്രവൃത്തി ദർശിച്ചപ്പോൾ, ക്രുദ്ധമായ കടലും കൊടുങ്കാററും ശാന്തമാകുന്നതു വീക്ഷിച്ചപ്പോൾ, അവിടുന്നു സർവ്വചരാചരങ്ങളുടേയും അധിരാജനാണെന്നു അവർക്കു ബോധ്യമായി. അവർ സാഷ്ടാംഗം പ്രണമിച്ചു്, അവിടുന്നു സാക്ഷാൽ ദൈവകുമാരനാണെന്നു ഏററുപറഞ്ഞു.

അന്നു ഉച്ചതിരിഞ്ഞു് ബെത്സെയദായിലെ ആ ജനക്കൂട്ടം ദിവ്യനാഥനെ തിരക്കി കഫർനാമിൽ വന്നപ്പോൾ, അവിടുന്നു പ്രാർത്ഥനാലയത്തിൽ ഇരുന്നു പഠിപ്പിക്കയായിരുന്നു. അത്ഭുതപ്രവൃത്തികൾ ചെയ്യുന്നതിനുള്ള തന്റെ ദിവ്യശക്തിയെ ഗ്രഹിക്കാതെ, വർദ്ധിപ്പിക്കപ്പെട്ട അപ്പത്തെക്കുറിച്ചുള്ള ജഡികാഗ്രഹംമൂലംമാത്രം തന്നെ അന്വേഷി

(ശേഷം 11-ാം പേജിൽ)

ബാലരംഗം

# ഓററ്ററിയുടെ വിപുലീകരണം

"തനുവല്ലാത്ത മുഴപ്പും
മീനുസവുമൊത്തിശശേഹമിവണ്ണം
അനുഭാവം വിലസീടുമാ
മനുജേശൻ പൂർത്തിയാക്കി വഴിപോലെ."

പ്രിയ കുഞ്ഞുങ്ങളേ,

വേനല്ക്കാലം കഴിഞ്ഞു വർഷം ആരംഭിക്കുന്നതിനോടെ വൃക്ഷലതാദികൾ പൊട്ടിത്തളിർത്തു വികസിക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? ഓററ്ററിയിലെ വേനൽ കഴിഞ്ഞു വർഷം തുടങ്ങിയിരിക്കയാണെന്നുപറയാം. ദൈവാനുഗ്രഹത്തിന്റെ മഴകിട്ടുമ്പോൾ ഓരോ പ്രസ്ഥാനലതകളും എത്ര അത്ഭുതകരമായിട്ടാണു വളർന്നുവരുന്നതെന്നു സൂക്ഷിച്ചാൽ കാണാം. ബോസ്കോ അച്ചന്റെ ഓററ്ററി ഇതിനു പ്രത്യക്ഷദൃഷ്ടാന്തമാണ്.

കുട്ടികൾ അനുദിനം വർദ്ധിച്ചുവന്നതിനാൽ പിന്നാർഡിയിലെ കപ്പേളയിൽ അംശേഷം സ്ഥലമില്ലാതായി. പലപ്പോഴും കുട്ടികൾ അതിനുള്ളിൽ ബോധരഹിതരായി വീഴാൻപോലും ഇടയായിട്ടുണ്ട്. അതിനാൽ അടുത്തതായി ഒരു പള്ളി പണിയാൻതന്നെ ബോസ്കോ അച്ചൻ തീർച്ചപ്പെടുത്തി. 1851 ജൂലൈ 21-ാം തീയതി അതിലേക്കു അടിസ്ഥാനമിട്ടു പണിയും തുടങ്ങി. പിറേറ ആണ്ടു ജൂൺ മാസത്തിൽ അതിന്റെ പണി തീർത്തു ദിവ്യബലി അർപ്പിച്ചു എന്നു പറയുമ്പോൾ ദൈവാനുഗ്രഹത്തിന്റെ എത്ര വലിയ പെരുമാരിയാണു വൽഡോക്കോയിൽ വർഷിച്ചതെന്നു ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ. കുട്ടികൾ ആനന്ദംകൊണ്ടു കുതിച്ചുചാടി. കർത്താവു തന്റെ അഭിനവ സിംഹാസനത്തിൽ ആരൂഢനായി നാൾക്കുനാൾ അവരെ ഉള്ളഴിഞ്ഞു അനുഗ്രഹിച്ചു.

"മക്കളേ! നമ്മുടെ കർത്താവിനുള്ള ഭവനം ഉണ്ടായിക്കഴിഞ്ഞു. ഇനി നിങ്ങൾക്കുള്ളതു ഉണ്ടാകണം." ഈ മുഖവുരയോടെ ഫാദർ ബോസ്കോ പിന്നാർഡിഭവനം വിപുലീകരിക്കുന്നതിനുള്ള യത്നം സമാരംഭിച്ചു. പള്ളിപണി കഴിഞ്ഞതിന്റെ പിറേറ മാസത്തിൽ അതിനുള്ള ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. പിന്നാർഡിയിലെ പഴയ വീടിന്റെ വലത്തുവശത്തായി ഒരു രണ്ടുനില കെട്ടിടം അതിശീഘ്രം ഉയർന്നുവന്നു. ധൃതിയിൽ പണി നടന്നതിനാൽ ചില ഭാഗങ്ങൾ അതിനിടയ്ക്കു ഇടിഞ്ഞുവീഴാനും ഇടയായി. ഫാദർ ബോസ്കോയുടെ ധൈര്യം അതുകൊണ്ടുവല്ലതും ഇടിയാൻ പോകുന്നോ? ഉടനടി വീണ്ടും പണി നടത്തി ആ വലിയ കെട്ടിടവും, അതുപോലെ വേറൊന്നും പിറേറകൊല്ലം ഒക്ടോബറിനുമുമ്പു പൂർത്തിയാക്കി. നൂററൻപതോളം കുട്ടികൾക്കു രാത്രിയിലും താമസിക്കത്തക്ക സ്ഥലസൗകര്യങ്ങൾ ഇങ്ങനെ ഉണ്ടാക്കിത്തീർത്തു. അനാഥരായ അനവധി കുട്ടികൾ ഓററ്ററിയിലെ കർമ്മാദികൾ കഴിഞ്ഞു രാത്രികാലം കഴിച്ചുകൂട്ടുന്നതിനു അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു നടക്കാനിടവന്നിരുന്ന ദയനീയകാര്യത്തിനു ഏകദേശമായ ഒരു പരിഹാരം ഈ വിധത്തിലുണ്ടായതിൽ ഫാദർ ബോസ്കോ സമാശ്വസിച്ചു.

ഇതുകൊണ്ടുമായില്ല. തൊഴിലുകൾ അഭ്യസിക്കുന്നതിനു അവർ പലേ സ്ഥലങ്ങളെ അഭയം തേടേണ്ടിയിരുന്നു. അവിടത്തെ സാഹചര്യങ്ങളും സംസർഗ്ഗങ്ങളും ഒട്ടുംതന്നെ അഭിലഷണീയമായിരുന്നില്ല. തന്നിമിത്തം അതിലേക്കു വേണ്ട നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ അടുത്തതായി അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞു. അധികകാലതാമസം കൂടാതെ, ചെരിപ്പുകുത്തും തയ്യൽവേലയും ആരംഭിച്ചു. തുടർന്ന് ആശാരിപ്പണിയും ബുക്കുബൈൻഡിങ്ങും ഏർപ്പെടുത്തി. കുറേക്കഴിഞ്ഞു ഒരു അച്ചടിശാലയും നടപ്പിലാക്കി. ഇരിമ്പുവ്യവസായത്തിനു ആ പ്രദേശം സൗകര്യപ്രദമായിക്കണ്ടതിനാൽ അടുത്തതായി ഒരു വർക്കുഷോപ്പും സമാരംഭിച്ചു. എന്തിനധികം. ചുരുങ്ങിയ കാലത്തിനിടകൊണ്ടു പിന്നാർഡിഭവനം എല്ലാവിധ വ്യവസായങ്ങളുടേയും ഒരു പരിശീലനശാലയായിപ്പരിലസിച്ചു.

വൽഡോക്കോയിലേക്കു കുട്ടികളേയുംകൊണ്ടു ആദ്യം പുറപ്പെടുന്നതിന്റെ തലേദിവസം രാത്രി ഫാദർ ബോസ്കോ ശ്ലാഘ്യമായ ഒരു സ്വപ്നം തന്റെ "സ്മരണകളിൽ" അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. "......ആ നാഥ ആജ്ഞാപിച്ചതനുസരിച്ചു ഞാൻ പിന്നെയും മുന്നോട്ടുനടന്നു. കെട്ടിടങ്ങൾകൊണ്ടു നിറഞ്ഞ ഒരു വിശാലസ്ഥലത്തു ഞാനെത്തി. അതിന്റെ ഒരു അറ്റത്തു ഒരു ദേവാലയം സ്ഥിതിചെയ്തിരുന്നു......... Hic domus mea: inde gloria mea (ഇതു എന്റെ ഭവനമാകുന്നു; ഇവിടെനിന്നു എന്റെ മഹത്വം നിർഗ്ഗമിക്കും) എന്നു ഉല്ലേഖനം ചെയ്യപ്പെട്ടിരുന്ന ഒരു വെള്ളക്കൊടി അവിടെ പാറിക്കളിച്ചിരുന്നു. ഇതിന്റെയെല്ലാം അർത്ഥമെന്താണെന്നു ആ നായികയോടു ഞാൻ ചോദിച്ചപ്പോൾ "നിന്റെ മാനസികകണ്ണുകൾകൊണ്ടു ഇപ്പോൾ നീ ഈ കാണുന്നവയെല്ലാം നിന്റെ ശാരീരികനേത്രങ്ങൾകൊണ്ടു യഥാർത്ഥത്തിൽ നീ ദർശിക്കുമ്പോൾ സകലതും നിനക്കു മനസ്സിലാകും" എന്നത്രെ പ്രത്യുത്തരം ലഭിച്ചതു്."

പ്രിയ കുഞ്ഞുങ്ങളേ! പ്രസ്തുത ദർശനങ്ങൾ ഫാദർ ബോസ്കോ ഇതാ യഥാർത്ഥത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നു. ദീർഘകാലം അദ്ദേഹം കർശനമായി പരീക്ഷിക്കപ്പെട്ടു. പരീക്ഷകളിലെല്ലാം അദ്ദേഹം വിജയിയായി. അതിന്റെ ഫലങ്ങൾ ഇന്നു അദ്ദേഹം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. ഹാ! ദൈവം തന്റെ വിശുദ്ധന്മാരോടുള്ള വർത്തനങ്ങളിൽ എത്ര അത്ഭുതാവഹമായി പെരുമാറുന്നു!!

കത്തുകൾക്കു മറുപടി

297. പുതുപ്പറമ്പിൽ കൊച്ചുത്രേസ്യാ. "......ഞങ്ങളുടെ കത്തോലിക്കാ പ്രവർത്തനത്തെ ആസ്പദമാക്കി ഒരു ലേഖനം എഴുതുന്നതിലുള്ള എന്റെ അപ്രാപ്തിയെ അങ്ങേമുമ്പിൽ ഞാൻ ഏററുപറയുന്നു. ഈ എഴുത്തോടുകൂടി അയക്കുന്ന എന്റെ എളിയ ലേഖനത്തെ ഞാൻ കരത്തിൽ ഏന്തി അവിടുത്തെ മുമ്പിൽ മുട്ടുകുത്തിനില്ക്കുന്നു. എന്നെയും എന്റെ ലേഖനത്തെയും ആശീർവ്വദിച്ച് അനുഗ്രഹിച്ച്, തെററുകൾ തിരുത്തി പത്രത്തിൽ ചേർത്തുകാണ്മാനാഗ്രഹിക്കുന്നു. പത്രങ്ങൾ കിട്ടാൻ താമസിച്ചതുകൊണ്ടാണു ലേഖനവും താമസിച്ചുപോയതു്......"

പ്രിയ മകളേ,

ലേഖനപ്രദർശനത്തിനു ആൺമക്കളേക്കാൾമുമ്പ് പെൺമക്കൾ മുന്നോട്ടുവന്നതിൽ വല്യച്ചനു കൂടുതൽ സന്തോഷമുണ്ട്. നല്ല നിയോഗത്തോടുകൂടി കർത്താവിനുവേണ്ടി ഒരു സൽപ്രവൃത്തി ചെയ്യുന്നതിൽ ലോകത്തെയോ നരകത്തെയോ പേടിക്കാനില്ല. "ഈശോയുടെ പരിശുദ്ധ ഹൃദയമേ! എല്ലാം അങ്ങേപ്രതി" എന്ന മുദ്രയടിക്കുന്ന ഉരുപ്പടികൾ വിമാനതപാലിൽത്തന്നെ കേടുകൂടാതെ നിശ്ചിതസ്ഥാനത്തു എത്തിക്കൊള്ളും.

കോട്ടാങ്ങലെ കത്തോലിക്കാ പ്രവർത്തനവിവരങ്ങൾ എത്രപേരുടെ കണ്ണുതുറന്നിട്ടുണ്ടായിരിക്കും. അതാണു കുഞ്ഞുങ്ങളുടെ ലേഖനങ്ങൾകൊണ്ടുള്ള ഒരു പ്രധാനഫലം. അവരവരുടെ ഇടവകയിലെ വർത്തമാനങ്ങൾ ഇങ്ങനെ ഓരോരുത്തർ പറഞ്ഞുകേൾക്കുമ്പോൾ മററുള്ളവരും ഉറക്കംതെളിയാൻ ഇടയാകും. അതിനാണു് ലേഖനമെഴുതുന്ന ആളിന്റെ പേരോടുകൂടി സ്ഥലത്തിന്റെ പേരും ചേർക്കണമെന്നു ഞാൻ പ്രത്യേകം എടുത്തുപറഞ്ഞിരുന്നതു്. സ്ഥലത്തിന്റെ പേരു നീ വിട്ടുകളഞ്ഞു. അതു എനിക്കു വലിയ സങ്കടമായിപ്പോയി. മേലാൽ എല്ലാവരും—അച്ചനിരുത്തുകാരും—അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നപേക്ഷ.

പി ജെ. തോമസിന്റെയോ ചാലയിൽ പണിക്കരുടെയോ ലേഖനങ്ങൾ പോലെ ആദ്യത്തെ ലേഖനങ്ങൾ സൃഷ്ടിച്ചുകൂടണമെന്നു എന്റെ കുഞ്ഞുങ്ങൾ വിചാരിച്ചാൽ സാധിക്കുമോ? അതുകൊണ്ടു പേടിച്ചുനിന്നിരുന്നു പോയാലോ? ആ ഇരുപ്പുതന്നെ എപ്പോഴും. ബി. ഏ. എൽ. റ്റി ക്കാരനായ ഒരച്ചൻ ഇക്കഴിഞ്ഞയാഴ്ച വല്യച്ചനു എഴുതിയിരിക്കയാണ്: അച്ചൻ എന്നെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ എന്റെ ആദ്യലേഖനം ഞാൻ ഒരിക്കലും എഴുതുകയില്ലായിരുന്നു. പല സാഹിത്യസേവനങ്ങൾ കഴിഞ്ഞു എന്റെ കൊച്ചുത്രേസ്യായും ഒരിക്കൽ വല്യച്ചനു ഇങ്ങനെ എഴുതാൻ ദൈവം ഇടയാക്കട്ടെ!

പേരു വിളിച്ച പല അംഗങ്ങളും ഇനിയും അന്നിയയിൽ ഒളിച്ചിരിക്കയാണെന്നു തോന്നുന്നല്ലോ. പുറകേ പുറകേ പ്രദർശനരംഗത്തു അവരും പ്രത്യക്ഷപ്പെട്ടുകാണ്മാൻ വല്യച്ചൻ കാത്തിരിക്കുന്നു. മുന്നിട്ടിറങ്ങിയവർക്കെല്ലാം ഒരിക്കൽക്കൂടെ എന്റെ ആശീസ്സും അനുമോദനവും.

എന്നു സ്വ. വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 കത്തോലിക്കാത്മനികൾ എഴുതുന്ന മതഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും വൈദികമേലദ്ധ്യക്ഷന്റെ അനുമതി ആവശ്യമാണോ?

2 Nihil Obstat എന്നുവച്ചാൽ അർത്ഥമെന്തു്?

3 Imprimatur എന്നു വച്ചാൽ അർത്ഥമെന്തു?

4 സാധാരണയായി പുസ്തകമടിക്കുന്നതിനു ആരുടെ അനുവാദമാണു് വാങ്ങേണ്ടതു്?

5 രേഖാമൂലമായ അനുവാദം വാങ്ങണമെന്നുണ്ടോ? വാഗ്രൂപമായ അനുവാദം പോരെയോ?

(ഉത്തരങ്ങൾ 10-ാം പേജിൽ)

വിജ്ഞാനവീഥി

# ഗ്രന്ഥനിരോധനം

വിഷലിപ്തമായ ആഹാരസാധനങ്ങൾ ഉപയോഗിക്കുന്നതിനു് ഒരു മാതാവു് തന്റെ കുഞ്ഞുങ്ങളെ അനുവദിക്കാത്തതുപോലെ, ക്രിസ്തീയമതവിശ്വാസത്തിനും സന്മാർഗ്ഗബോധത്തിനും വിരുദ്ധമായ ഗ്രന്ഥങ്ങൾ വായിക്കുന്നതിനു തിരുസ്സഭ സ്വസന്താനങ്ങളെ അനുവദിക്കുന്നില്ല. ആത്മീയനാശത്തിനു് ഇടവരുത്തിയേക്കാവുന്ന പുസ്തകങ്ങൾ വായിക്കരുതെന്നു സ്വാഭാവികനിയമംതന്നെ അനുശാസിക്കുന്നുണ്ട്. തിരുസ്സഭ ആ നിയമത്തെ വിശദമാക്കുകയും പ്രായോഗികനിർദ്ദേശങ്ങളാൽ സമ്പുഷ്ടമാക്കുകയുമാണു ചെയ്തിട്ടുള്ളതു്. ഗ്രന്ഥനിരോധനം സംബന്ധിച്ചുള്ള സഭാനിയമങ്ങൾ 1395 മുതൽ 1405 വരെയുള്ള കാനോനകളിലുണ്ട്. പ്രസ്തുതകാനോനകളുടെ സാരം താഴെ ചേർക്കുന്നു:—

കാ. 1395—ന്യായമായ കാരണത്താൽ ഗ്രന്ഥങ്ങൾ താന്താങ്ങളുടെ ഭരണസീമയിൽ നിരോധിക്കാനുള്ള അധികാരവും ചുമതലയും തിരുസ്സഭാധികാരികൾക്കുണ്ട്. തിരുസ്സഭയുടെ പരമാദ്ധ്യക്ഷനു സഭമുഴുവനെയുംമേലും പ്രസ്തുതാധികാരം പ്രയോഗിക്കാവുന്നതുപോലെ പ്രാദേശികസൂനഹദോസുകൾക്കും രൂപതാദ്ധ്യക്ഷന്മാർക്കും തങ്ങൾക്കു കീഴ്പെട്ടവരുടെ മേലും അതു പ്രയോഗിക്കാം...

1396—പരിശുദ്ധസിംഹാസനം നിരോധിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ എല്ലായിടത്തും നിരോധിക്കപ്പെട്ടവതന്നെയായിരിക്കും. ഈ നിയമം പ്രസ്തുത ഗ്രന്ഥങ്ങളുടെ എല്ലാ പരിഭാഷകളേയും ബാധിക്കുന്നതാണു്.

1397—വിനാശകരങ്ങളെന്നു തോന്നുന്നഗ്രന്ഥങ്ങളെ രൂപതാദ്ധ്യക്ഷന്റേയോ പരിശുദ്ധ സിംഹാസനത്തിന്റേയോ ശ്രദ്ധയിൽ പെടുത്തുന്നതിനുള്ള ചുമതല എല്ലാ വിശ്വാസികൾക്കും, വിശിഷ്യ വൈദികർക്കും തിരുസ്സഭയിൽ ഉന്നതോദ്യോഗങ്ങൾ വഹിക്കുന്നവർക്കും വേദശാസ്ത്രവിശാരദന്മാർക്കും ഉണ്ടു്......

1398—ഏതെങ്കിലുമൊരു ഗ്രന്ഥം നിരോധിക്കപ്പെട്ടാൽ, അനുവാദംകൂടാതെ അതു പ്രസിദ്ധീകരിക്കുകയോ, വായിക്കുകയോ, കൈവശം വച്ചുകൊണ്ടിരിക്കുകയോ, വില്ക്കുകയോ, ഭാഷാന്തരം ചെയ്യുകയോ, മററുള്ളവർക്കു കടം കൊടുക്കുകയോ ചെയ്തുകൂടാത്തതാകുന്നു. വേണ്ട തിരുത്തലുകൾ ചെയ്തശേഷം, ഗ്രന്ഥം നിരോധിച്ച ആളോ, അദ്ദേഹത്തിന്റെ മേലധികാരിയോ, അനന്തരഗാമിയോ അനുമതി നല്കിയെങ്കിൽമാത്രമേ അതു വീണ്ടും പ്രസിദ്ധീകരിക്കാൻ പാടുള്ളു.

1399—താഴെ പറയുന്ന ഗ്രന്ഥങ്ങൾ കാനോൻ നിയമത്താൽത്തന്നെ നിരോധിക്കപ്പെട്ടിരിക്കുന്നു:—

1. അകത്തോലിക്കരാൽ പ്രസിദ്ധീകൃതമായ എല്ലാ വിശുദ്ധലിഖിതഗ്രന്ഥങ്ങളും അവയുടെ തർജ്ജിമകളും.

2. എടുത്തുപിടിച്ചെയോ ശീശ്മയേയോ ന്യായീകരിക്കുന്ന ഗ്രന്ഥങ്ങൾ; മതത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കു ഏതെങ്കിലുംതരത്തിൽ ഹാനിവരുത്താൻ ശ്രമിക്കുന്ന ഗ്രന്ഥങ്ങൾ.

(ഈ ഗ്രന്ഥങ്ങളുടെ കർത്താക്കൾ ആരായാലും വേണ്ടില്ല, അവ നിരോധിതങ്ങൾതന്നെയാണു്.)

3. മനഃപൂർവ്വം മതത്തേയും സന്മാർഗ്ഗത്തേയും എതിർക്കുന്ന ഗ്രന്ഥങ്ങൾ.

4. അകത്തോലിക്കർ രചിച്ചിട്ടുള്ളവയും മതത്തെപ്പററി (ex professo) പ്രതിപാദിക്കുന്നവയുമായ ഗ്രന്ഥങ്ങൾ. പക്ഷെ കത്തോലിക്കാമതത്തിനെതിരായി അവയിൽ യാതൊന്നുമില്ലെന്നു തീർച്ചയുണ്ടെങ്കിൽ അവ വായിക്കുന്നതിനു വിരോധമില്ല.

5 വൈദികാനുമതി കൂടാതെ പ്രസിദ്ധീകൃതങ്ങളായിരിക്കുന്ന ഗ്രന്ഥങ്ങൾ (ഏതെല്ലാം ഗ്രന്ഥങ്ങൾക്കാണു് അനുമതി വാങ്ങേണ്ടതെന്നു കഴിഞ്ഞലക്കത്തിലെ വിജ്ഞാനവീഥിയിൽ പ്രസ്താവിച്ചിരുന്നു); പുതിയ ദർശനങ്ങളേയും വെളിപാടുകളേയും പ്രവചനങ്ങളേയും അത്ഭുതങ്ങളേയും മററും പററി പ്രതിപാദിക്കുകയോ, പുതിയ ഭക്തമുറകൾ ആവിഷ്കരിക്കുകയോ ചെയ്യുന്ന ഗ്രന്ഥങ്ങളും ലഘുലേഖകളും. (അവ തിരുസ്സഭയുടെ ന്യായമായ അംഗീകാരത്തോടുകൂടി പ്രസിദ്ധീകൃതങ്ങളായവയാണെങ്കിൽ വായിക്കുന്നതിനു വിരോധമില്ല. മേല്പറഞ്ഞതരം സംഭവങ്ങൾ പത്രത്തിൽ റിപ്പോർട്ടു ചെയ്യുന്നതി

(ശേഷം 10-ാം പേജിൽ)



ബ്രിട്ടീഷ് രാജാവിന്റേയും രാജ്ഞിയുടേയും മാർഗ്ഗരററു രാജകുമാരിയുടേയും ഒരു പുതിയ ഫോട്ടോ.

I

ചാമ്പച്ചനും കുഞ്ഞിപ്പൈലോയും ഒരേ ക്ലാസ്സിലാണു് പഠിക്കുന്നതു്. കുഞ്ഞിപ്പൈലോ ആണ്ടുതോറും ജയിക്കും. ചാമ്പച്ചനെ ജയിപ്പിക്കും. ആ കുബേരകുമാരനെ അങ്ങനെ ആണ്ടുതോറും ജയിപ്പിക്കേണ്ടതു് അദ്ധ്യാപകന്മാരുടേയും ഒരാവശ്യമായിരുന്നു.

ചാമ്പച്ചന്റെ ഒരു അംഗരക്ഷകന്റെ നിലയാണു കുഞ്ഞിപ്പൈലോയ്ക്കു്. ചോറുപാത്രവും പുസ്തകസഞ്ചിയും കുടയും ചുമന്നു് കൃത്യസമയത്തു് പള്ളിക്കൂടത്തിൽ കൊണ്ടുപോകണം. ചാമ്പച്ചന്റെ അടുത്തുതന്നെയിരുന്നു പഠിച്ചുകൊള്ളണം. ഉച്ചയ്ക്കു ചോറുകൂട്ടണം. ദാഹിക്കുമ്പോൾ വെള്ളം കുടിക്കാൻ കൊണ്ടുപോകണം. നിക്കറോ, ബെൽറേറാ മറേറാ ഊരിപ്പോയാൽ അതു ശരിയാക്കണം. വല്ല കുസൃതിപ്പിള്ളേരും ചാമ്പച്ചന്റെ തലയ്ക്കിട്ടു ഞോടാതെ നോക്കണം. ചാമ്പച്ചന്റെ ആവശ്യങ്ങളും അഭിമതങ്ങളും യഥാവസരം അദ്ധ്യാപകന്റെ ശ്രദ്ധയിൽ പെടുത്തണം. വീട്ടിൽനിന്നു് അംഗീകാരം ലഭിച്ച ജോലികളാണിവയെല്ലാം.

ഇവകൂടാതെ ചാമ്പച്ചൻ നിർദ്ദേശിക്കുന്ന ചില പ്രത്യേക ജോലികളുമുണ്ടു് കുഞ്ഞിപ്പൈലോയ്ക്കു്. ക്ലാസ്സിലിരിക്കുമ്പോൾ കണക്കുചെയ്യുന്നതു കാണിച്ചുകൊടുക്കണം, പടം വരച്ചുകൊടുക്കണം, ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞുകൊടുക്കണം, വഴിനീളെയുള്ള പൂക്കളും കായ്കളും പോക്കററുനിറയെ പറിച്ചുകൊടുക്കണം, വീട്ടിൽവച്ചു ഗൃഹപാഠങ്ങൾ ചെയ്തുകൊടുക്കണം, ക്ലാസ്സിൽ ചാമ്പച്ചനാണു് പഠിത്തത്തിൽ ഒന്നാമനെന്നു അമ്മച്ചിയേയും ചേച്ചിമാരെയും പറഞ്ഞു വിശ്വസിപ്പിക്കണം, അങ്ങനെ പലതും.

ഇതൊക്കെ ചെയ്യണമെന്നിരുന്നാലും കുഞ്ഞിപ്പൈലോയ്ക്കു് അതൊരു വലിയ സഹായംതന്നെയായിരുന്നു. ചാമ്പച്ചന്റെ അപ്പച്ചൻ പ്രസാദിച്ചില്ലായിരുന്നെങ്കിൽ, നാലാംക്ലാസ്സിന്റെ പടിക്കൽ ചെല്ലുന്നതിനുള്ള ഭാഗ്യംപോലും അവനുണ്ടാകുമായിരുന്നില്ല. ഔതച്ചന്റെ കാരുണ്യമുണ്ടാകാതിരുന്നെങ്കിൽ അവൻ എന്നേ ഒരു കയർഫാക്ടറിയിലെ "വണ്ടിച്ചെക്കനോ" മറേറാ ആയിത്തീരുമായിരുന്നു!

"അതു ചില്ലറക്കാര്യമാണോ! മൂന്നുനേരത്തെ ചെലവും മുണ്ടും പൊസ്തകോം!! ആ ചെക്കന്റെകൂടെയൊന്നു പള്ളിക്കൂടത്തിപ്പോണം, വരണം—ആരുചെയ്യും ഇക്കാലത്തു് ഇതുപോലെയൊരു മനോഗൊണം? പാവപ്പെട്ടവന്റെ കൊച്ചുങ്ങളു് നാലക്ഷരം പഠിക്കുന്നകാണുന്നതു് കണ്ണിക്കടിയല്ലേ, ഒള്ളവന്മാക്കു്? അതിയാൻകാരണം അവന്റെ കണ്ണെങ്കിലും തെളിഞ്ഞുകെടക്കട്ടെ. ദൈവം അതിയാനു തിക്കായിസ്സു കൊടുക്കട്ടെ."

കുഞ്ഞിപ്പൈലോയുടെ മാതാപിതാക്കന്മാർ, ഔതച്ചൻ ചെയ്ത ഉപകാരം, അതർഹിക്കുന്നതിലേറെ നന്ദിയോടെ, എന്നും അനുസ്മരിച്ചിരുന്നു.

II

സ്കൂൾവിട്ടു വന്നുകഴിഞ്ഞാൽ, കുഞ്ഞിപ്പൈലോയ്ക്കു് ചില ചില്ലറ ജോലികളെല്ലാമുണ്ടു്. അതു കഴിയുന്നതുവരെ ചാമ്പച്ചൻ അവനെ കാത്തുനില്ക്കും. കുഞ്ഞിപ്പൈലോ ചെല്ലാൻ താമസിച്ചാൽ ചാമ്പച്ചൻ അക്ഷമനാകും. എത്രതരം കളികളാണു് അവർക്കു് ഒരു ദിവസം കളിച്ചുതീർക്കാനുള്ളതു്! അവയെല്ലാം മുടങ്ങിപ്പോവുകയില്ലേ?

കുഞ്ഞിപ്പൈലോ, കൂടെയില്ലെങ്കിൽ ചാമ്പച്ചനു് ഒന്നിനും ഒരുത്സാഹവും കാണുകയില്ല. കുഞ്ഞിപ്പൈലോയെ വേഗം കൂട്ടിക്കൊണ്ടുപോകുവാൻവേണ്ടി, ചിലപ്പോൾ, ആരുമാരും കാണാതെ, കുഞ്ഞിപ്പൈലോയുടെ ജോലിയിൽ ചാമ്പച്ചനും പങ്കുചേരും. ചിലപ്പോൾ ചാമ്പച്ചന്റെ അമ്മ, കുഞ്ഞിപ്പൈലോയെ ശകാരിക്കുകയോ, അവനു് ചില വിശേഷാൽ ജോലികൾ നൽകുകയോ ചെയ്താൽ ചാമ്പച്ചനായിരിക്കും അതിനെ ആദ്യന്തം പ്രതിഷേധിക്കുക! ചാമ്പച്ചന്റെ മാതാപിതാക്കന്മാരിൽനിന്നു് കുഞ്ഞിപ്പൈലോയ്ക്കു് വലുതായ ശിക്ഷണനടപടികളെ നേരിടേണ്ടിവരുമ്പോൾ, ആ സ്നേഹബദ്ധൻ പറഞ്ഞുപോകും—"ഈ അമ്മച്ചി ചീത്തയാ—അപ്പച്ചനും ചീത്തയാ."

ചെറുകഥ

# ചങ്ങാതിമാർ*

## (വറുഗീസ് കാഞ്ഞിരത്തുങ്കൽ)

എന്തു പറഞ്ഞാലും കുഞ്ഞിപ്പൈലോ ഒന്നും മിണ്ടുകില്ല. ചാമ്പച്ചനു് എന്തും പറയാം. ആരുകേട്ടാലും സാരമില്ല. കുഞ്ഞിപ്പൈലോയുടെ സ്ഥിതിയോ—?

ഒരു ദിവസം കുഞ്ഞിപ്പൈലോയുടെ കൈയിൽനിന്നു് മനസ്സറിയാതെ ഒരു സ്ഫടികടംബ്ലർ താഴെവീണു് ഉടഞ്ഞുപോയി. ആ കുററം ചാമ്പച്ചൻ ഏറെറടുത്തുകൊള്ളാമെന്നു പറഞ്ഞു. താൻ ചെയ്ത തെററിനുള്ള ശിക്ഷ, എന്തുതന്നെയായാലും താൻതന്നെ അനുഭവിച്ചുകൊള്ളാമെന്നായിരുന്നു, കുഞ്ഞിപ്പൈലോയുടെ ധീരമായ മറുപടി.

ആ വീട്ടിലെ സ്ത്രീകൾ കൂട്ടമായും ഒററയ്ക്കൊററയ്ക്കും കുഞ്ഞിപ്പൈലോയുടെ നേരെ ചാടിവീണു. രണ്ടുമൂന്നു മണിക്കൂർ നേരത്തേക്കു നീണ്ടുനിന്നു, ആ ആക്രമണം. അതൊട്ടൊന്നൊടുങ്ങിയപ്പോൾ കുഞ്ഞിപ്പൈലോ, കോഴിക്കൂടിനടുക്കൽപോയിരുന്നു് കുറെയേറെനേരം കരഞ്ഞു. ചാമ്പച്ചൻ അടുത്തുചെന്നു. കുഞ്ഞിപ്പൈലോയുടെ ഇരിപ്പുകണ്ടു് ചാമ്പച്ചനും പൊട്ടിക്കരഞ്ഞുപോയി. ആ വികാരഭരിതൻ തന്റെ ഓമനച്ചങ്ങാതിയുടെ കണ്ണുനീർ തുടച്ചു. ആ കൊച്ചുഹൃദയത്തിൽ പ്രതിഷേധത്തിന്റെ ചൂടുപിടിച്ച നൂറു നൂറു ചിന്തകൾ ഉയർന്നുതാണു. കുഞ്ഞിപ്പൈലോ അന്നു് അത്താഴത്തിനു ചെന്നില്ല. ചാമ്പച്ചനും അന്നു് അത്താഴമുണ്ടില്ല. അനതീതദശാബ്ദനായ ആ ബാലനു് അതിൽ കൂടുതലായി എന്തുപ്രതിഷേധം പ്രകടിപ്പിക്കുവാൻ കഴിയും?

"കുഞ്ഞിപ്പൈലോ, നീ എന്താ ഇങ്ങനെ പൊറകേ പൊറകേ നടക്കുന്നേ? നടന്നു് എന്റെ ഒപ്പം കേറിവാ." സ്കൂളിൽനിന്നു വരുന്നവഴി ചാമ്പച്ചൻ പറഞ്ഞു.

"വേണ്ട, ചാമ്പച്ചാ. ഞാൻ ചാമ്പച്ചന്റെ പൊറകേതന്നെ നടന്നോളാം. ചാമ്പച്ചന്റെ കൈയിൽനിന്നു വല്ലതും താഴെപ്പോയാൽ കാണാവല്ലോ."

"എന്റെ കൈയിൽനിന്നു പോയാൽ നോക്കിയെടുക്കാൻ എനിക്കു കണ്ണില്ലേ?"

"എന്നോടും നോക്കണോന്നു പറഞ്ഞിട്ടൊണ്ടു്."

"എന്റെ കൈയിൽനിന്നു താഴെ കളയാതെ ഞാനല്ലേ നോക്കേണ്ടതു്?"

"ഞാനും നോക്കിയില്ലേൽ അമ്മ പെണങ്ങും."

"എന്റെ കൈയിൽനിന്നു് എന്തെങ്കിലും കാണാതെപോയാൽ എന്നെയല്ലേ പെണങ്ങേണ്ടതു്? നിന്നെയെന്തിനാ പെണങ്ങുന്നതു്?"

കുഞ്ഞിപ്പൈലോ അതിനൊന്നും മറുപടി പറഞ്ഞില്ല. ചാമ്പച്ചനെക്കാൾ ഒരു വയസ്സിൽ കവിഞ്ഞ പ്രായക്കൂടുതൽ കുഞ്ഞിപ്പൈലോയ്ക്കില്ല. എങ്കിലും ആ പ്രഭുകുമാരനെക്കാൾ പരപ്പേറിയ ലോകപരിചയം അവനുണ്ടായിരുന്നു. ലോകത്തിന്റെ ഉച്ചനീചത്വങ്ങളെക്കുറിച്ചും, ഇന്നത്തെ വ്യവസ്ഥിതിയിലെ സാമൂഹ്യബന്ധങ്ങളുടെ നിലപാടുകളെക്കുറിച്ചും അവന്റെ പ്രായത്തിൽ കവിഞ്ഞ അറിവു്, അവന്റെ പരിതസ്ഥിതികൾ അവനു നേടിക്കൊടുത്തിരുന്നു. അതുകൊണ്ടാണു് ചാമ്പച്ചന്റെ കഥയറിയാത്ത ചില ചോദ്യങ്ങൾക്കു് അവൻ മൗനംദീക്ഷിച്ചുകളഞ്ഞതു്.

"നമ്മൾക്കൊരു കാറു മേടിച്ചിരുന്നെങ്കിൽ നല്ലതായിരുന്നു, ഇല്ലേ കുഞ്ഞിപ്പൈലോ?"

"അതേ."

"എനിക്കൊരു കൊച്ചു കാറു മേടിച്ചു തരാമെന്നു അപ്പച്ചൻ പറഞ്ഞിട്ടുണ്ടു്."

"എന്നാൽ മേടിച്ചുതരും."

"കാറോടിക്കാൻ ഒരു ഡ്രൈവർ വേണമല്ലോ. അതിനല്ലേ പ്രയാസം."

"ഡ്രൈവർ ഞാനായിക്കൊള്ളാം."

"അല്ലെങ്കിൽ കാറുവേണ്ട. കാറു വല്ലടത്തും മറി..."

കുറേനേരത്തേക്കു്, "പോപ്പോ, പ്പോ" എന്നു വാകൊണ്ടു കാറോടിച്ചു് അവർ മുമ്പോട്ടുപോയി. "കാറോടിക്കൽ" കഴിഞ്ഞു് ആദ്ധ്യാത്മികകാര്യങ്ങളെപ്പററിയായി അവരുടെ സംസാരം.

"നമ്മൾക്കു പഠിച്ചു പഠിച്ചു പഠിച്ചു് അച്ചന്മാരാകണം, അല്ലേ?"

"ചാമ്പച്ചൻ അച്ചനാകുമ്പോൾ ഞാൻ വാല്യക്കാരനായേക്കാം."

"വേണ്ട; നീയും ഒരച്ചനായാൽ മതി."

"അന്നേരം ചാമ്പച്ചനു് വാല്യക്കാരൻ വേണ്ടേ?"

"അതിനു ഞാൻ കുട്ടനെ കൊണ്ടുപോകും."

"അച്ചന്മാരും മാപ്പിളമാരേ വാല്യക്കാരാക്കത്തൊള്ളു."

"എന്നാൽ ഞാൻ മറിയ.മുത്തിയെ കൊണ്ടുപോകും."

"അതു പററുകില്ല. അച്ചന്മാരുടെ വാല്യക്കാരു് ആണുങ്ങളാ."

"അന്നേരം നിനക്കതു ഇഷ്ടമാണോ?" ഒരു പരാജിതനെപ്പോലെ ചാമ്പച്ചൻ ചോദിച്ചു.

"ചാമ്പച്ചന്റെ വാല്യക്കാരനാകുന്നതാ എനിക്കിഷ്ടം."

"കപ്യാരും നീതന്നെയായിരിക്കണം, കേട്ടോ."

കുഞ്ഞിപ്പൈലോ മൃദുവായൊന്നു മന്ദഹസിച്ചു. തോളിൽ പരസ്പരം കൈ ചേർത്തു് ആ കളിത്തോഴർ മന്ദം മന്ദം നടന്നു. ഔതച്ചൻ എതിരേവരുന്നതു് അകലെവച്ചുതന്നെ കുഞ്ഞിപ്പൈലോ കണ്ടു. അവൻ പെട്ടെന്നു് കൈവലിച്ചു് പിന്നോട്ടുമാറി.

III

കുഞ്ഞിപ്പൈലോയെ ആ വലിയ വീട്ടിന്റെ ഉമ്മറത്തുള്ള ഒരു പിണ്ടിത്തൂണിനോടുചേർത്തു ബന്ധിച്ചുനിർത്തിയിരിക്കയാണു്. അവന്റെ മാംസളമായ തുടയിലും കണങ്കാലിലും കനത്ത പാടുകൾ കരുവാളിച്ചു കാണ്മാനുണ്ടു്. ചില പാടുകളിൽനിന്നു് രക്തവും പൊടിക്കുന്നുണ്ടു്. നീററലും വേദനയുംകൊണ്ടു് ആ ബാലൻ ഞെളിപിരികൊള്ളുകയാണു്. ഒരു ചേമ്പിൻതണ്ടുപോലെ അവൻ വാടിത്തളർന്നുപോയി.

അവന്റെ കവിൾത്തടത്തിലൂടെ കണ്ണുനീരൊഴുകിയ പാടു് വ്യക്തമായി കാണാം. അവന്റെ കണ്ണു കലങ്ങി കൺപോളകൾ വീങ്ങിയിരിക്കുന്നു. മുഖം വിളറി രക്തശൂന്യമായി മങ്ങി വിവർണ്ണമായി. ഇടയ്ക്കിടയ്ക്കു് അവൻ ഏങ്ങലടിക്കുന്നുമുണ്ടു്.

ഇതൊക്കെയാണെങ്കിലും, അചഞ്ചലമായ ഒരു നിശ്ചയദാർഢ്യം—നീതിക്കുവേണ്ടി പീഡയനുഭവിക്കുന്ന ഒരു ധർമ്മവീരന്റെ സഹനസന്നദ്ധത—ആ മുഖത്തു സ്പഷ്ടമായി കാണാമായിരുന്നു. അഭിമാനഭീതിയും ലജ്ജയുമല്ല; തികഞ്ഞ ആത്മവിശ്വാസമാണു് ആ കൊച്ചുഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നതു്. അതുതന്നെയായിരുന്നു ഔതച്ചനെ കൂടുതൽ ക്രുദ്ധനാക്കിയതും.

കൈകഴുകിട്ടുവരാൻവേണ്ടി തല്ലുനിർത്തി മാറിയിരുന്ന ഔതച്ചൻ ആ മുററത്തു കൂടിനിന്നവരോടു പറയുകയാണു്: "എനിക്കതിലല്ല ആശ്ചര്യം! ഇത്രയൊക്കെയായിട്ടും, അവനതു് സമ്മതിക്കുന്നുണ്ടോന്നു നോക്കു്. കൊച്ചാണെങ്കിലും അവന്റെ മനസ്സിന്റെ കട്ടിയല്ലേ അതു്! അപ്പോൾ ഇവനൊക്കെ വളർന്നുവന്നാലത്തെ സ്ഥിതി എന്തായിരിക്കും!!"

ഔതച്ചന്റെ വേലക്കാരും കുടികിടപ്പുകാരും സ്വാധീനവലയത്തിൽപ്പെട്ടവരുമാണു് അവിടെ കൂടിയിരിക്കുന്നവരിലധികവും. അവിടെ എന്തെങ്കിലും ഒരൊച്ചകേട്ടാൽ ഓടിച്ചെല്ലേണ്ടതു് അവരുടെ അലിഖിതമായ ഒരു കടമയുമായിരുന്നു.

അവരൊക്കെ പഞ്ചപുച്ഛമടക്കിനില്ക്കുകയാണു്. ആ മുതലാളി പറയുന്നതിനൊപ്പിച്ചു പല്ലിളിക്കുകയും സമ്മതം മൂളുകയുമല്ലാതെ അവർക്കെന്താണു കഴിയുക!

"ഇവിടത്തെ കൊച്ചിനു കൂട്ടുനിർത്തിയിരിക്കുന്നവനാ. ഈ കൂട്ടല്ലേ, എന്റെ ചെക്കനും കണ്ടുപഠിക്കുന്നതു്! ഇവനെയൊക്കെ എങ്ങനെ വിശ്വസിച്ചു കൂട്ടത്തിലയക്കും!! വഴിക്കുവച്ചു് കൊച്ചിന്റെ കഴുത്തേക്കിടക്കുന്ന മാലയോ മറേറാ ഇവൻ വലിച്ചുപൊട്ടിച്ചുകൊണ്ടുപോയാൽത്തന്നെ ആരറിയാനാ? ഏതായാലും ഇവന്റെ കൂട്ടു് ഇന്നത്തെക്കൊണ്ടു മതിയാക്കിയേച്ചാമതി. ഇന്നുതന്നെ ഇവനെ ഇവന്റെ വീട്ടിലേക്കു പറഞ്ഞയച്ചേക്കു്." ഔതച്ചന്റെ ഭാര്യ കെട്ടിനകത്തുനിന്നു്, തലമാത്രം പുറത്തുകാട്ടിക്കൊണ്ടു പറഞ്ഞു.

ഫൗണ്ടൻപേനകൂടാതെ ഔതച്ചൻ പുറത്തിറങ്ങാറില്ല. പള്ളിയിൽപോകുമ്പോഴും അതു പോക്കററിൽ കാണും. ഔതച്ചന്റെ പേന സാധാരണതരത്തിൽ പെട്ടതല്ല. ആരുകണ്ടാലും കൊതിയൂറുന്ന ഒരു കൗതുകവസ്തുവാണു്. ആഫ്രിക്കയിൽ ഉദ്യോഗത്തിലിരിക്കുന്ന അളിയൻ സമ്മാനിച്ചതാണതു്. നിവൃത്തിയുണ്ടെങ്കിൽ ഔതച്ചൻ ആ പേന ആർക്കും എഴുതാൻപോലും കൊടുക്കുകയില്ല; അഥവാ, ഒന്നു കൊടുത്തുപോയാൽ ഉപയോഗം കഴിഞ്ഞാലുടൻ വാങ്ങി പോക്കററിലാക്കുകയുംചെയ്യും. തലേദിവസം വക്കീലാപ്പീസിൽവച്ചു്, ഒരു സ്നേഹിതനൊന്നു ഒപ്പിടാൻ കൊടുത്തതാണു്. തിരിച്ചുവാങ്ങി മേശപ്പുറത്തുവച്ചു. മേശപ്പുറത്തുനിന്നെടുത്തു് പോക്കററിൽ വച്ചതെപ്പോഴാണെന്നു വ്യക്തമായി ഓർമ്മിക്കുന്നില്ല. അപ്പോൾത്തന്നെ എടുത്തോ, പോരാൻ തുടങ്ങിയപ്പോഴായിരിക്കുമോ?......പോരാൻ സമയത്തു് അല്പം തിടുക്കമുണ്ടായിരുന്നു. നേരത്തെതന്നെ എടുത്തിരിക്കണം. എന്തൊക്കെ മറന്നാലും, പേന മറന്നുപോവുക!... അതുണ്ടാവുകയില്ല. എങ്കിലും സംശയം തീർക്കുവാൻ ആപ്പീസിലേക്കു് ഒരാളയച്ചിരിക്കയാണു്.

"ഇവൻ ഒള്ള കാര്യം തുറന്നങ്ങു പറഞ്ഞേച്ചാമതി. മേശപ്പുറത്തൊരു പേന കണ്ടപ്പോൾ കൗതുകം തോന്നി എഴുതിനോക്കാനോ മറേറാ ഒന്നെടുത്തെനുവച്ചു് ഇവനെ വല്ലവരും കൊല്ലാനോ തിന്നാനോ പോകുന്നുണ്ടോ? എടുത്തു എടുത്തെന്നു പറഞ്ഞേച്ചാമാത്രംമതി." ഔതച്ചൻ നയതന്ത്രപൂർവ്വം പറഞ്ഞു.

ചിലർ, ഔതച്ചന്റെ ഇംഗിതമനുസരിച്ചു്, കുഞ്ഞിപ്പൈലോയുടെ അടുത്തുകൂടി. "ഒള്ള നേരു്", കിളികിളിപോലെ പറഞ്ഞു്," പേനയും എടുത്തുകൊടുത്തേക്കാൻ അവർ ആ "ബാലചോര"നെ പ്രേരിപ്പിച്ചു. കുഞ്ഞിപ്പൈലോ അതിനൊന്നും ചെവികൊടുക്കാതെ, മുഖംതിരിച്ചു് അകലെ നോക്കിനിന്നതേയുള്ളു.

"അവൻ നേരെ നോക്കുന്നുണ്ടോ എന്നു സൂക്ഷിക്കു്. കള്ളദൃഷ്ടിയല്ലേ, അവൻ കാണിക്കുന്നതെന്നു നോക്കു്. എത്രയൊക്കെയായാലും, അട്ടയെപ്പിടിച്ചു മെത്തയിൽ കിടത്തിയാൽ കിടക്കുമോ! അവൻ, കൊച്ചനായാലും അവന്റെ തരം കാണിക്കാതിരിക്കുമോ! കട്ടു കലംപെരുക്കിനടക്കുന്ന കള്ളവകയല്ലേ, ഇതു്?"

തലമുറകളായി, അദ്ധ്വാനത്തിന്റെ പാരമ്പര്യത്തിൽ ജീവിതംനിലനിർത്തിപ്പോരുന്ന ആ ദരിദ്രകുടുംബത്തിന്റെ വിനീതമായ അഭിമാനസമ്പത്തിൽ കളങ്കം ചേർക്കുന്ന ഔതച്ചന്റെ വാക്കുകൾ, തുണിന്റെ മറയിൽ തലകുനിച്ചു നിന്ന കുഞ്ഞിപ്പൈലോയുടെ അപ്പന്റെ ഹൃദയത്തിൽ വല്ലാത്തൊരു ഞെട്ടലുണ്ടാക്കി. അയാളുടെ പിതാവിന്റെയും പിതാമഹന്മാരുടെയും ആത്മാക്കൾ അതുകേട്ടു് വിറകൊള്ളുന്നതുപോലെ അയാൾക്കു തോന്നി. തലകറങ്ങി വീഴുമെന്നയാൾ ഭയപ്പെട്ടു.

"ഇത്രസൂക്ഷമായി ഞാനോർമ്മിക്കുന്നതുകൊണ്ടല്ലേ, ഇത്രയൊക്കെ തെളിഞ്ഞതും! എന്നിട്ടും, അവൻ നേരു വല്ലതും പറഞ്ഞോ! ഇവിടെ എന്തെല്ലാം സാധനങ്ങൾ അകത്തും പുറത്തും കിടക്കുന്നു!! എല്ലാം പൂട്ടിക്കെട്ടിവയ്ക്കാൻ സാധിക്കുമോ? ഇവിടെ നിർത്തിയിരിക്കുന്ന വേലക്കാർ ഞങ്ങളുടെ കണ്ണുമറച്ചു് തരത്തിനു തരത്തിനു് കൈയിൽ കിട്ടുന്നതു് എടുത്തുകൊണ്ടുപോകാൻ തുടങ്ങിയാൽ ഞങ്ങളെന്തുചെയ്യും? ഇവൻ ഇതിനുമുമ്പും ഇവിടന്നു പലതും എടുത്തിട്ടില്ലെന്നാരറിഞ്ഞു! ഇവനെ ഇവിടെ വല്ലവരുമങ്ങനെ സൂക്ഷിക്കാറുണ്ടായിരുന്നോ? ......എന്താടോ തന്റെ മകൻ ഇങ്ങനെ തുടങ്ങുന്നതു്? താൻ ഇവനെ ഇങ്ങനെയൊക്കെയാണോ പഠിപ്പിച്ചുവിട്ടിരി

# ക്രിസ്തു മിഥ്യാപുരുഷനെന്നോ?

(ററി. സി.)

മേലെഴുതിയ ശീർഷകത്തിൽ ഇക്കഴിഞ്ഞ 36-ാം ലക്കം "സത്യദീപ"ത്തിലെ വിമർശനവീഥിയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നതു ഞാനും വായിക്കയുണ്ടായി. എന്തോ പുതിയ കണ്ടുപിടുത്തമോ മററോ ആണെന്നു കരുതി ഞാനതു സശ്രദ്ധം വായിച്ചുനോക്കിയപ്പോഴാണ് അതു വെറും പഴംചരക്ക് ആരോ കരിഞ്ചന്തയിൽ വിററു ലാഭമെടുക്കാൻ ഈയിടെ എവിടെനിന്നോ, "പെർമിററ്" കൂടാതെ ഇറക്കുമതി ചെയ്തതാണെന്നു മനസ്സിലായതു്. ഥാക്കൂർഖാൻെറ പൂർവ്വചരിത്രമറിയുന്നവരാരും ഈ പാഴ്വേലയ്ക്കു മുതിരുമെന്നു തോന്നുന്നില്ല. "Christ in the New Testament a myth" എന്ന അഭിധാനത്തിൽ അയാൾ ഒരു ക്ഷുദ്രകൃതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതു ഏതാണ്ടു 30 വർഷങ്ങൾക്കു മുമ്പാണു്. പ്രസ്തുത കൃതിയിലെ ഉള്ളടക്കമാകട്ടെ ക്രിസ്തുവിൻെറ "Historicity" യെപ്പററി അയാളും പ്രഫസ്സർ ഫാർകർ അവർകളും തമ്മിൽ നടന്നതായി പറയപ്പെടുന്ന ഒരു വാദപ്രതിവാദവും ചില വീരവാദങ്ങളുമാണു്. ഉദ്ദേശം 28 വർഷങ്ങൾക്കുമുമ്പു് ഈ ക്ഷുദ്രകൃതിയുംകൊണ്ടു ഥാക്കൂർഖാൻ എറണാകുളത്തു വന്നതും ഏതോ ചില കുബുദ്ധികളെല്ലാംകൂടി അയാളുടെ പിന്നാലെ കൂടിയതും, പിടിച്ചുവലിച്ചു കൊണ്ടുപോയി ഡർബാർഹാൾ മൈതാനത്തു പ്രസംഗിപ്പിച്ചതും മററും അസ്മാദൃശന്മാർക്കു ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. അക്കാലത്തു് എറണാകുളത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന "ഭാഷാകേരളം" പത്രത്തിൻെറ അധിപരായിരുന്ന ശ്രീ പാലിയത്തു ചെറിയകുഞ്ഞുണ്ണി അച്ചനവർകളായിരുന്നു അന്നത്തെ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചതു്. അദ്ധ്യക്ഷനവർകളുടെ ഉപസംഹാരമായിരുന്നു രസം. "മി. ഥാക്കൂർഖാൻെറ പ്രസംഗം മുഴുവൻ ശ്രവിച്ചിട്ടും ക്രിസ്തുദേവനൊരു ചരിത്രപുരുഷനല്ലെന്നു വിശ്വസിക്കാൻ എനിക്കു സാധിക്കുന്നില്ല. ഒരു പക്ഷെ അദ്ദേഹത്തെപ്പോലെയുള്ള ചരിത്രജ്ഞാനം എനിക്കില്ലാത്തതുകൊണ്ടായിരിക്കാം." ഒരു കാര്യത്തിൽ അയാൾ വിജയിയായെന്നു സമ്മതിക്കാതെ തരമില്ല. കൂടിയാൽ 4 ണ വിലയ്ക്കുള്ള അയാളുടെ ക്ഷുദ്രകൃതി ഒരു രൂപാ വിലയ്ക്കു ഇവിടങ്ങളിലെല്ലാം ധാരാളം ചെലവായി. അതു വിററു പണം സമ്പാദിച്ചുകൊണ്ടു അയാൾ തിരുവിതാംകൂർവഴി പാളയംകോട്ടു് എത്തി. അയാൾ ചെന്ന സ്ഥലത്തെല്ലാം ഈ പുതിയ പ്രസ്ഥാനത്തെ എതിരേല്ക്കാൻ ആളുകളും പുസ്തകം വിററഴിക്കുവാനുള്ള വഴികളും അയാൾക്കുണ്ടാകിട്ടി. ഈ ഇരുപതാം നൂററാണ്ടിൽ മറെറങ്ങുംചെലവാകാത്ത ഈ ചരക്കു നല്ല ലാഭത്തിനു വിററു മുതലെടുത്ത ഥാക്കൂർഖാൻ ഒരുതരത്തിൽ അഭിനന്ദനീയനാണു്. അയാളുടെ ഭ്രാന്തൻവെല്ലുവിളി സ്വീകരിക്കാൻ ആരും മുന്നോട്ടു ചെന്നില്ല എന്നതു പരമാർത്ഥമാണു്. എന്നാൽ പാളയംകോട്ടുവെച്ചു് അയാൾ ആണുങ്ങളെക്കണ്ടു. അവിടെ ഒരു വലിയ ജനസഞ്ചയത്തെ അഭിമുഖീകരിച്ചു് അയാൾ സംസാരിച്ചു. ഒന്നുരണ്ടു പ്രസംഗങ്ങൾ അങ്ങനെ കഴിഞ്ഞു. മൂന്നാം ദിവസം, അയാൾ ഏതു സ്ഥലത്തുവച്ചു പ്രസംഗിച്ചുവോ അതേസ്ഥലത്തു വച്ചു് അയാൾ പ്രസംഗിച്ച അതേ വിഷയത്തെപ്പററി അയാളെ ഒരു വാഗ്വാദത്തിനു ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്താണു് അയാൾക്കു ലഭിച്ചതു്. കത്തിൻെറ പ്രതികൾ അച്ചടിച്ചു പട്ടണത്തിലും പരിസരങ്ങളിലും വിതരണം ചെയ്യപ്പെട്ടു. അയാളുടെ പ്രതിയോഗി പാളയംകോട്ടു് സെൻറ് സേവ്യേഴ്സ് കോളെജ് പ്രിൻസിപ്പാൾ. റവ. ഫാ. ലോബോ എസ്. ജെ. അവർകൾ അല്ലാതെ മററാരുമായിരുന്നില്ല. ഒരു മറുപടിപോലും അയാൾ കൊടുക്കാതെ കടന്നുകളയുകയാണുണ്ടായതു്. നിശ്ചിതസമയത്തും സ്ഥലത്തും ഫാ. ലോബോ ഹാജരായി. പ്രതിയോഗിയുടെ അസാന്നിധ്യത്തെ ഗൗനിക്കാതെ ഫാ. ലോബോ അയാളുടെ അബദ്ധാഭിപ്രായങ്ങളേയും അബദ്ധപ്രബോധനങ്ങളേയും യുക്തിയുക്തം ഖണ്ഡിച്ചു ക്രിസ്തു സാക്ഷാൽ ചരിത്രപുരുഷനും ദൈവവുംകൂടിയാണെന്നു സ്ഥാപിക്കയാണുണ്ടായതു്. അന്നു ഫാ: ലോബോയുടെ പ്രസംഗം ശ്രവിച്ച എൻെറ ഒരു ഹിന്ദു സ്നേഹിതൻ ആ പ്രസംഗത്തെപ്പററി എന്നോടന്നു പറഞ്ഞതിപ്രകാരമാണു്:

"ഞാൻ ഇങ്ങനെ ഒരു വിമർശനപ്രസംഗം മുമ്പൊരിക്കലും കേട്ടിട്ടില്ല. ഥാക്കൂർഖാൻെറ വാദമുഖങ്ങളെല്ലാം ചരിത്രദൃഷ്ട്യാ അക്ഷരംപ്രതി ഖണ്ഡിച്ചുകൊണ്ടായിരുന്നു ആ പ്രസംഗം. നിരവധിയാളുകൾ കൂടിയിരുന്നു. ആക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടെങ്കിൽ തൻെറ പ്രസംഗാനന്തരം അതു തീർത്തുകൊടുക്കാമെന്നു ആദ്യമെ പറഞ്ഞുകൊണ്ടാണു് പ്രസംഗം ആരംഭിച്ചതുതന്നെ. പലക്കും പല സംശയങ്ങളും ഉണ്ടായിരുന്നു. പക്ഷെ അവരുടെ സംശയങ്ങൾക്കെല്ലാംമറുപടി പ്രസംഗത്തിൽ ഉണ്ടായിരുന്നതിനാൽ എല്ലാവരും സംതൃപ്തരായി."

അന്നു ഫാ. ലോബോ ചെയ്ത പ്രസംഗം വായിക്കാനാഗ്രഹിക്കുന്നവർക്കു "Historicity and Divinity of Christ" by Rev. Fr. Lobo S. J. എന്ന കൃതി രണ്ടണാ തപാൽ കൂലിയടക്കം കൊടുത്താൽ താഴെ കാണുന്ന മേൽവിലാസക്കാരിൽ നിന്നും കിട്ടുന്നതാണു്.

The Supdt,
St. Joseph's Industrial Press,
P. O. Teppakulam, Trichy.



ഭൂമുഖത്തു സമാധാനത്തെ അപകടത്തിലാക്കുന്ന ശക്തികൾക്കെതിരായി പ്രജായത്തരാഷ്ട്രങ്ങളുടെ ഐക്യമുന്നണി സൃഷ്ടിച്ച അററ്ലാൻറിക്കു് ഉടമ്പടിക്കു് ബ്രി. വിദേശകാര്യമന്ത്രി ഏണസ്റ്റ് ബെവിൻ ഒപ്പുവയ്ക്കുന്നു.

# വിശുദ്ധവത്സരത്തിലെ പ്രാർത്ഥന

(പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ)

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഈ വിശുദ്ധവത്സരത്തിൻെറ ദാനത്തെക്കുറിച്ചു് സർവ്വാത്മനാ നിനക്കു ഞങ്ങൾ സ്തോത്രംചെയ്യുന്നു.

സകലവസ്തുക്കളെയും കാണുകയും, മനുഷ്യഹൃദയങ്ങളെ പരിശോധിക്കയും നിയന്ത്രിക്കയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവേ, പ്രസാദവരത്തിൻെറയും രക്ഷയുടെയും ഈ അവസരത്തിൽ മനുഷ്യരേവരും നിൻെറ തൃക്കുമാരൻെറ സ്വരത്തിനു ചെവികൊടുക്കുന്നതിനും അതു അനുസരിക്കുന്നതിനും ഇടയാക്കേണമെ.

ഈ വിശുദ്ധവത്സരം എല്ലാമനുഷ്യക്കും ശുദ്ധീകരണത്തിൻെറയും, പുണ്യസമ്പാദനത്തിൻെറയും, ആന്തരികജീവിതത്തിൻെറയും, പരിഹാരകർമ്മത്തിൻെറയും, മാനസാന്തരത്തിൻെറയും പാപപ്പൊറുതിയുടെയും ഒരു വത്സരമായിത്തീരുമാറാകട്ടെ.

വിശ്വാസത്തെപ്രതി ഞെരുക്കമനുഭവിക്കുന്നവർക്കു ആത്മധൈര്യം കൊടുക്കേണമെ! അവർ മിശിഹായോടും തിരുസ്സഭയോടും അഭേദ്യമാംവിധം ഐക്യപ്പെട്ടു ജീവിക്കാനിടവരുത്തേണമെ.

കർത്താവേ, ഭൂമിയിൽ നിൻെറ തൃക്കുമാരൻെറ പ്രതിനിധിയായ മാർപ്പാപ്പായെയും, സകലമെത്രാന്മാരെയും, പട്ടക്കാരെയും, സന്യാസിനീസന്യാസികളെയും, വിശ്വാസികളെയും നീ സംരക്ഷിക്കേണമെ.

വൈദികരും അത്മായരും, യുവജനങ്ങളും പ്രായപൂർത്തിയായവരും, വൃദ്ധന്മാരും, ചിന്താഗതിയിലും സ്നേഹവിശേഷത്തിലും യോജിച്ചു് കരുത്തേറിയ പാറപോലെ നിലകൊള്ളുന്നതിനും, നിൻെറ ശത്രുക്കളുടെ വിദ്വേഷക്കൊടുങ്കാററു് അതിനെതിരായി പ്രബലപ്പെടാതിരിക്കുന്നതിനും കൃപചെയ്യേണമെ.

ദാരിദ്ര്യവും മററു ദുരിതങ്ങളുംമൂലം മനുഷ്യജീവികൾക്കു യോജിക്കാത്ത നിലയിൽ അധഃപതിച്ചുപോയ നിർഭാഗ്യവാന്മാരോടുള്ള സ്നേഹം സകലമനുഷ്യരിലും നീ കത്തിക്കേണമെ.

നിന്നെ പിതാവെന്നു വിളിക്കുന്നവരുടെ ഹൃദയങ്ങളിൽ സാമൂഹ്യനീതിയെക്കുറിച്ചും, പ്രവൃത്തിപരവും സത്യവുമായ സഹോദരസ്നേഹത്തെക്കുറിച്ചുമുള്ള വിശപ്പും ദാഹവും ഉളവാക്കേണമെ.

"കർത്താവേ, ഞങ്ങളുടെ നാളുകളിൽ സമാധാനം തന്നരുളേണമെ." വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ഞങ്ങളുടെ മാതൃഭൂമിക്കും, സർവ്വ രാജ്യങ്ങൾക്കും സമാധാനം നൽകേണമെ. സമാധാനത്തിൻെറ മേഘവില്ല്, നിൻെറ ദിവ്യകുമാരൻെറ ജീവിതത്താലും, പീഡാനുഭവത്താലും പരിശുദ്ധമായിത്തീർന്നിട്ടുള്ള ഭൂമിയെ നിർമ്മലമായ പ്രകാശത്താൽ മറയ്ക്കുമാറാകട്ടെ.

സകല ആശ്വാസങ്ങളുടേയും ദൈവ, മേ, ഞങ്ങളുടെ ദുരിതം ആഴമേറിയതാകുന്നു; ഞങ്ങളുടെ അപരാധങ്ങൾ ഗുരുതരങ്ങളാകുന്നു; ഞങ്ങളുടെ ആവശ്യങ്ങൾ അസംഖ്യങ്ങളത്രെ. എങ്കിലും നിന്നിലുള്ള ഞങ്ങളുടെ ശരണം വളരെ വലുതാകുന്നു. ഞങ്ങളുടെ വിനീതപ്രാർത്ഥനകൾ പ. ക. മറിയത്തിൻെറയും സകല വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനകളോടും യോഗ്യതകളോടും ചേർത്തുകൊണ്ടു് ഞങ്ങളുടെ അയോഗ്യതയെക്കുറിച്ചു് പൂർണ്ണബോദ്ധ്യമുള്ളവരായി, ഞങ്ങളുടെ ഭാഗധേയങ്ങളെ സ്നേഹത്തോടുകൂടി നിൻെറ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു.

ദൈവഹിതം നിറവേററുന്നതിനാവശ്യമായ സഹനശക്തിയും ആരോഗ്യവും രോഗികൾക്കു നൽകേണമെ. യുവാക്കന്മാക്കു് വിശ്വാസപരമായ ശക്തി കൊടുക്കേണമെ. ബാലികമാക്കു് ശുദ്ധതയുടെ ദാനം നൽകേണമെ. കുടുംബങ്ങൾക്കാവശ്യമായ ഐശ്വര്യവും പുണ്യവും അവയുടെ തലവന്മാരായ പിതാക്കൾക്കു കൊടുക്കേണമെ. മാതാക്കൾക്കു അവരുടെ കുഞ്ഞുങ്ങളുടെ ശിക്ഷണത്തിൽ വിജയം കൈവരുത്തേണമെ. അഭയാർത്ഥികൾക്കും തടവുകാക്കും സ്വരാജ്യത്തെത്തിച്ചേരുവാൻ കൃപചെയ്യേണമെ. അനന്തമായ സ്വർഗ്ഗീയസൗഭാഗ്യത്തിൻെറ ആരംഭവും അച്ചാരവുമായ നിൻെറ പ്രസാദവരം എല്ലാ മനുഷ്യക്കും കൊടുത്തരുളേണമെ. ആമ്മേൻ.

(ഔദ്യോഗികമായ ഇംഗ്ലീഷ് വിവർത്തനത്തിൻെറ പരിഭാഷ ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നതു്.)

---

## വിവാഹം

അങ്കമാലി ഫൊറോനപ്പള്ളി ഇടവക ക്യാപ്ററൻ എം. കെ. ജോർജ്ജ് മൂഞ്ഞേലി അവർകളുടെ മകൻ മി. അബ്രാഹവും തൃശ്ശൂർ മി. ആൻറണി പുളിക്കൻ അവർകളുടെ പുത്രി ശ്രീമതി മേരിയും തമ്മിലുള്ള വിവാഹം തൃശ്ശൂർ വ്യാകുലമാതാവിൻെറ പള്ളിയിൽവച്ചും, ക്യാപ്ററൻ എം. കെ. ജോർജ്ജിൻെറ മകൾ ശ്രീമതി മേരി റോസിയും ഒല്ലൂർ മി. ജോർജ്ജ് കല്ലുക്കാരൻെറ മകൻ മി. പോളും തമ്മിലുള്ള വിവാഹം അങ്കമാലി ഫൊറോനപ്പള്ളിയിൽവച്ചും മേയ് 16-ാംനു നടന്നിരിക്കുന്നു.

## വി. പി. കോടതി ജഡ്ജി

ആലുവാ ജയഭാരത് പ്രസ്സ് ലിമിററഡിൻെറ മാനേജിംഗ് ഡയറക്ടറായ മി. ജോസഫ് കൈമാപറമ്പനെ സ്ഥലം വില്ലേജ് പഞ്ചായത്തു കോർട്ടിൽ ജഡ്ജിയായി നിയമിച്ചിരിക്കുന്നു. ഒരു സുപ്രസിദ്ധ കഥാപ്രസംഗകനായ ഇദ്ദേഹം രാമപുരം സമ്മേളനത്തിലും നിലേശ്വരത്തുവച്ചു നടന്ന സമസ്തകേരള സാഹിത്യപരിഷത്തിലും കഥാപ്രസംഗങ്ങൾ നടത്തി ഏവരുടേയും അഭിനന്ദനത്തിനു പാത്രമായ വിവരവും പ്രസ്താവ്യമാണു്.

## ചൈനീസ് വൈദിക വിദ്യാർത്ഥികൾ

കമ്മ്യൂണിസ്റ്റുകാരുടെ ഉപദ്രവംനിമിത്തം ചൈനവിടുവാൻ നിർബന്ധിതരായിത്തീർന്ന വൈദികവിദ്യാർത്ഥികൾ ഫിലിപ്പൈൻസിൽ പ്രവേശിച്ചു് വൈദികവിദ്യാഭ്യാസം തുടർന്നുകൊള്ളുവാൻ അവിടത്തെ പ്രസിഡണ്ടു ക്വീരിനൊ അനുവദിച്ചിരിക്കുന്നു.

## അഭിനന്ദനം

വത്തിക്കാൻെറ ചൈനീസ് പ്രതിനിധിയായ ഡോക്ടർ വു പുതിയ നിയമം ചൈനീസ് ഭാഷയിലേക്കു ഇയ്യിടെ വിവർത്തനംചെയ്യുകയുണ്ടായി. പ്രസ്തുതകൃതിയെ അഭിനന്ദിച്ചുകൊണ്ടു് പരിശുദ്ധ പിതാവു് ഒരു കത്തയച്ചിരിക്കുന്നു.

---

ക്കുന്നതു്?" ഔതച്ചൻ കുഞ്ഞിപ്പൈലോയുടെ തന്തയോടു ചോദിച്ചു.

"അവൻ ഇവിടത്തെ അടുക്കളേലല്ലേ നില്ക്കുന്നതു്? ഇവിടുന്നു അവൻെറ കാലൊന്നു തല്ലിയൊടിച്ചാലും വേണ്ടുകില്ല, നേരു തെളിക്കണമെന്നുതന്നെയാ എൻെറയും ആശ. ഇവിടത്തേക്കു വെഷമമാണെങ്കിൽ, ഇങ്ങോട്ടുഴിച്ചുവിട്ട്. ഞാനീ മിററത്തിനു പൊറത്തുകൊണ്ടുപോയി നേരു തെളിച്ചുകൊണ്ടുവരാം. ഏറെ മൂത്തുവന്നാൽ ഇങ്ങനെയൊരു മകനില്ലെന്നുതന്നെ ഞാനങ്ങു വിചാരിച്ചുകളയും. മൊതലും സമ്പത്തുമൊന്നും ഇല്ലേലും ഉപ്പാപ്പന്മാരുടെ കാലംതൊട്ടേ എൻെറ കുടുമ്മത്തിലൊള്ളവരു് കൂലിവേലയെടുത്തുതന്നെയാ കഴിഞ്ഞിട്ടൊള്ളതു്. ഞങ്ങളിന്നോളം, കറുകമ്പുല്ലിൻെറ വക ആരുടേം കട്ടെടുത്തിട്ടില്ല. ഇവിടുന്നു എന്തു പറഞ്ഞാലും ഞാൻ കേട്ടോളാം. തിരുവാപ്പെതിർവായില്ലല്ലോ." കുഞ്ഞിപ്പൈലോയുടെ അപ്പൻ വിനയപൂർവ്വം അറിയിച്ചു. (തുടരും)

* പകപ്പവകാശം കഥാകൃത്തിനു്

# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി

റൈററ് റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എ. എ., പി എച്ച്. ഡി., ഡി ഡി, ഡി സി എൽ.

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 22 ‖ ERNAKULAM, MAY 18 1949 ‖ No 37


## കത്തോലിക്കാകോൺഗ്രസ് പാസാക്കിയ പ്രമേയങ്ങൾ

രാമപുരത്തു സമ്മേളിച്ച അഖിലകേരളകത്തോലിക്കാ കോൺഗ്രസിന്റെ 24-ാമത്തുയോഗത്തിൽ പാസാക്കിയ പ്രമേയങ്ങളിൽ ഒന്നാമത്തേതു, കട്ടിനാൽ മിൻസേന്തി തിരുമേനിയെ സംബന്ധിച്ചതായിരുന്നു. തിരുസ്സഭയുടേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും അവകാശങ്ങൾക്കായി പീഡനം അനുഭവിക്കുന്ന ഈ വീരപുരുഷന്റെ മാതൃക അതേ അവകാശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ത്യാഗങ്ങളനുഭവിക്കുവാൻ കേരളീയകത്തോലിക്കർക്കു പ്രചോദനം നൽകുന്നതിനു് ഏററവും പര്യാപ്തംതന്നെ. രണ്ടാമത്തെ പ്രമേയം വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ചായിരുന്നു. വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കന്മാർക്കുള്ള അവകാശങ്ങളുടെ സംരക്ഷണത്തിനായി തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ സർ സി. പി. യുടെ സ്വേച്ഛാധിപത്യഭരണകാലത്തു ഏററവും വ്യവസ്ഥാപിതമായി ശക്തിയായ പ്രക്ഷോഭണം നടത്തിയെങ്കിലും, തിരുവിതാംകൂർ സ്റ്റേററുകോൺഗ്രസ്സ് പ്രസ്തുതപ്രക്ഷോഭണത്തിന്റെ ന്യായയുക്തത സമ്മതിച്ചുവെങ്കിലും, അവർ ഭരണം തുടങ്ങിയിട്ടും പ്രസ്തുത പ്രശ്നത്തിനു ഇതേവരെയും ശരിയായ പരിഹാരം ഉണ്ടാക്കാഞ്ഞതിൽ ന്യായമായ അസംതൃപ്തിക്കു സ്ഥാനമുണ്ടല്ലോ. ഗവമ്മെന്റിൽനിന്നു് നിയമിച്ചിട്ടുള്ള വിദ്യാഭ്യാസക്കമ്മിററി ശരിയായ പരിഹാരത്തിനുതകുന്ന മാർഗ്ഗങ്ങൾ ശുപാശ്ചെയ്യുമെന്നും അതു ഗവമ്മെന്റു അംഗീകരിച്ചു നീതി പ്രവത്തിക്കുമെന്നും നമുക്കു പ്രത്യാശിക്കാം. തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ വ്യക്തികളുടെ മതസ്വാതന്ത്ര്യങ്ങൾക്കെതിരായി ചില നിയമങ്ങൾ നിലവിലിരിക്കുന്നുണ്ടല്ലോ. മതപരിവത്തനം ചെയ്യുന്നവക്കു് കുടുംബസ്വത്തിലുള്ള ന്യായമായ അവകാശം നഷ്ടപ്പെടുത്തുന്നതാണു് ആ നിയമങ്ങളിലൊന്നു്. ഈ നിയമം ഇൻഡ്യയിൽ മറെറാരിടത്തും നിലവിലില്ലെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്. ഏതു മതവും സ്വീകരിക്കുവാൻ ഏതൊരു വ്യക്തിക്കും പരിപൂണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളതു് മൗലികാവകാശങ്ങളിൽ പെട്ടതാണല്ലോ. ഇൻഡ്യായൂണിയൻ പാസാക്കിയിരിക്കുന്ന കരടുഭരണഘടനയിൽ ഈ സ്വാതന്ത്ര്യം ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇൻഡ്യായൂണിയന്റെ ഒരു ഘടകമായി തീരുവാൻപോകുന്ന തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ ഇനിയെങ്കിലും പ്രസ്തുതനിയമം റദ്ദുചെയ്തു്, മതപരിവത്തനത്തിനുള്ള പരിപൂണ്ണമായ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കേണ്ടതു് കേവലം നീതിമാത്രമാണെന്നു സ്പഷ്ടമാണല്ലോ. അക്കാര്യം പ്രസ്തുതഗവമ്മെന്റുകളെ ഉദ്ബോധിപ്പിക്കുന്നതാണു് മൂന്നാമത്തെ പ്രമേയം. മതാരാധനയ്ക്കുള്ള ദേവാലയങ്ങളും, ശവസംസ്കാരത്തിനുള്ള സിമിത്തേരികളും ആവശ്യമനുസരിച്ചു് ഉണ്ടായിരിക്കേണ്ടതും മതസ്വാതന്ത്ര്യത്തിന്റെ പരിധിയിൽ പെടുന്നതാണു്. എന്നുവരികിലും അക്കാര്യത്തിലും തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്ന നിയമങ്ങൾ അനീതിപരങ്ങളാകുന്നു. അവയും കഴിയുംവേഗം നീക്കിക്കിട്ടണമെന്നു് ആവശ്യപ്പെടുന്നതാണു് മറെറാരു പ്രമേയം. ഇൻഡ്യയിൽ യഥാത്ഥമായ ദേശീയത്വത്തിനു ഏററവും വലിയ വിഘാതമായിനിൽക്കുന്നതു് സാമുദായികമനോഭാവമാണല്ലോ. തന്മൂലം അതു നിമ്മാർജ്ജനം ചെയ്യാൻ ഭരണാധികാരികളും മററു നേതാക്കന്മാരും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ അതിനുള്ള ശരിയായ മാർഗ്ഗം ന്യൂനപക്ഷങ്ങളുടെ ജനസംഖ്യാനുപാതികമായ അവകാശങ്ങളെ വിസ്മരിക്കുകയല്ല, ന്യായമായ തോതിൽ നിവൃത്തിയുള്ളിടത്തോളം ആദരിക്കുകയാണു്. ഈ അവകാശങ്ങളിൽ ഒന്നു് പബ്ളിക് സവ്വീസുകളിൽ കാര്യക്ഷമതയ്ക്കു കോട്ടം തട്ടാത്തവിധത്തിൽ ന്യൂനപക്ഷങ്ങൾക്കു പ്രാതിനിധ്യം നൽകുകയാണു്. കഴിഞ്ഞ ഏപ്രിൽ 15-ാംനു- മദ്രാസ് ഗവമ്മെന്റിലെ മന്ത്രിമാരിൽ ഒരാളായ മി ഭക്തവത്സലം അഖിലേന്ത്യാ റേഡിയോയിൽ ചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ പ്രകാശിപ്പിച്ച അഭിപ്രായം ഈ പ്രകൃതത്തിൽ ശ്രദ്ധേയമാണു്. പുതിയ ഭരണഘടനയിൽ അവസരസമത്വം സകലക്കും ലഭിക്കുന്നതാണെന്നു് ഉറപ്പുകൊടുത്തിട്ടുള്ള തോടുകൂടിത്തന്നെ, പിന്നോക്കസമുദായങ്ങൾക്കും മതപരമായ ന്യൂനപക്ഷങ്ങൾക്കും സംവരണങ്ങളും ആനുകൂല്യങ്ങളും നൽകുവാൻ അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിച്ചശേഷം, പ്രസ്തുതവ്യവസ്ഥയെ പിന്തിരിപ്പൻസമ്പ്രദായമെന്നും സെക്യൂലർ രാഷ്ട്രത്തിന്റെ ആദർശത്തിനു വിപരീതമെന്നുമുള്ള ആക്ഷേപത്തിനു് ഇങ്ങനെ മറുപടി പറഞ്ഞു: "പ്രസ്തുത വ്യവസ്ഥകൾ സെക്യൂലർ ആദശ്ശങ്ങൾക്കു വിയോജ്യമോ, വിപരീതമോ അല്ല. ആദർശം പ്രാപിക്കേണ്ടതാണെങ്കിലും, ഒററച്ചാട്ടത്തിൽ ഉടനടി അവിടെ ചെന്നെത്തുക പ്രായോഗികമല്ല. അപ്രകാരം ചെയ്താൽ സമുദായം കുഴപ്പത്തിൽ ചെന്നു ചാടുകയേ ഉള്ളു; പിന്നോക്കസമുദായങ്ങളെ എന്നും പിന്നോക്കാവസ്ഥയിൽ നിർത്തുകയും ചെയ്യും; അതിന്റെ ഫലമായി സാമുദായികപ്രബലത്വത്തിന്റേയും അഹങ്കാരത്തിന്റേയും ഒരു പുതിയമതം സൃഷ്ടിക്കപ്പെടുകയും ചെയ്യും. പബ്ളിക് സവ്വീസിലെ ഉദ്യോഗനിയമനങ്ങളിൽ നമ്മുടെ ഏകപരിഗണന വ്യക്തിപരമായ യോഗ്യതതന്നെയായിരിക്കണം. എന്നാൽ ഈ യോഗ്യത നിണ്ണയിക്കപ്പെടുന്നതു് ഏതെങ്കിലും ഒരു മാനദണ്ഡംകൊണ്ടു മാത്രമല്ല; ഏതെങ്കിലും ഒരു സമുദായത്തിലോ, പ്രദേശത്തോ മാത്രമല്ല യോഗ്യത കാണപ്പെടുന്നതും. തന്മൂലം വിവിധസമുദായങ്ങളിലും പ്രദേശങ്ങളിലും കാണപ്പെടുന്ന യോഗ്യതയ്ക്കു് അവസരസമത്വം നൽകുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മതപരവും പ്രാദേശികവുമായ ഈ പരിഗണനകൾ സെക്യൂലർ ആദശ്ശത്തിനു വിപരീതമല്ല. നേരെമറിച്ചു് അവ പൊതുവായ നിരത്താൽ ഉളവാക്കുകയും സമത്വത്തിനുള്ള മാർഗ്ഗം തെളിക്കുകയും ചെയ്യുന്നു. അങ്ങനെയാണു് സെക്യൂലർ രാഷ്ട്രത്തിന്റെ അടിസ്ഥാനം ഉറപ്പിക്കേണ്ടതു്. അപ്രകാരം വഴിതെളിക്കപ്പെട്ടുകഴിയുമ്പോൾ പ്രസ്തുത പരിഗണനകൾ വേണ്ടെന്നു വയ്ക്കാവുന്നതും, വയ്ക്കേണ്ടതുമായിരിക്കും. എന്നാൽ അതുവരെയും അവയ്ക്കു സ്ഥാനം ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം ഏതെങ്കിലുമൊരു മതമോ, സമുദായമോ, പ്ര[illegible]മോ, അതിന്റെ മാത്രം അഭിവൃദ്ധിക്കുവേണ്ടി വിദ്യാഭ്യാസത്തെ ചൂഷണം ചെയ്യുന്നതായിരിക്കും." ഈ തത്വത്തെ മുൻനിറുത്തിയാണല്ലോ സമുദായങ്ങൾ ഉദ്യോഗനിയമനങ്ങളിലുള്ള അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്നതു്. ഇതു സംബന്ധിച്ചും കോൺഗ്രസ്സിൽ ഒരു പ്രമേയം പാസാക്കുകയുണ്ടായി. കോൺഗ്രസ് ഗവമ്മെന്റ് ഭരണം തുടങ്ങിയിട്ടു് ഒരു കൊല്ലത്തിനുമേലായി എങ്കിലും തിരുവിതാംകൂറിൽ നടത്തപ്പെട്ട ഉദ്യോഗനിയമനങ്ങളിൽ കത്തോലിക്കരുടെ അവകാശങ്ങൾ മിക്കവാറും അവഗണിക്കപ്പെടുകയാണു ചെയ്തിരിക്കുന്നതെന്നു് പ്രസ്താവിക്കുകയും ഇനിയെങ്കിലും കത്തോലിക്കരുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കണമെന്നു ഗവമ്മെന്റുകളോടു് ആവശ്യപ്പെടുകയുമാണു് പ്രമേയത്തിൽ ചെയ്തിരിക്കുന്നതു്.

### സാമ്പത്തികപദ്ധതികൾ

വേറൊരു പ്രമേയത്തിൽ "കോൺഗ്രസ് സംവിധാനം ചെയ്തിരിക്കുന്ന വിവിധപരിപാടികൾ, വിശിഷ്യ കമ്മ്യൂണിസ്റ്റു പ്രചരണത്തെ തടയുന്നതിനായുള്ള പദ്ധതികൾ, സ്വീകരിച്ചു് ശാഖാസംഘങ്ങൾ ഊർജ്ജിതമായ പ്രവത്തനം തുടരുന്നതിനു് പൂർവ്വാധികമായ പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളും സദയം പ്രദാനംചെയ്യണമെന്നു് ബ. വൈദികരോടു" യോഗം പ്രത്യേകം അഭ്യത്ഥിക്കുന്നു. ഇക്കാലത്തെ സ്ഥിതിഗതികൾ ആലോചിച്ചാൽ ഈ പ്രമേയം സവ്വപ്രധാനമാണെന്നു പറയുവാൻ ഞങ്ങൾക്കു മടിയില്ല. കമ്മ്യൂണിസപ്രചരണത്തെ ഫലപ്രദമായി തടയണമെങ്കിൽ അതിന്റെ മൂലകാരണത്തെ ദൂരീകരിക്കേണ്ടതാണെന്നു് സ്പഷ്ടമാണല്ലോ. ആ മൂലകാരണമാകട്ടെ ജനസാമാന്യത്തിന്റെ സാമ്പത്തികമായ അവശതകളാണെന്നു സകലരും സമ്മതിക്കുന്നുണ്ടു്. ഈ അവശതകളെ ചൂഷണം ചെയ്തുകൊണ്ടാണു് കമ്മ്യൂണിസം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു്. ആകയാൽ ജനസാമാന്യത്തിന്റെ സാമ്പത്തികാവശതകൾക്കു കഴിയുംവേഗം കഴിയുന്നത്ര നിവാരണം വരുത്തുവാൻ പരിശ്രമിച്ചേ മതിയാവൂ. അതിൽ കത്തോലിക്കരാണു മുൻകൈയെടുത്തു പ്രവത്തിക്കേണ്ടതു്. കമ്മ്യൂണിസത്തിന്റെ ആദ്ധ്യാത്മികവും ധാമ്മികവുമായ ദോഷവശങ്ങളെ ഏററവുമധികം വെറുക്കുന്നതും വെറുക്കേണ്ടതും അവരാണല്ലോ. എന്നാൽ ഈ വിഷയത്തിൽ നാം ഇനിയും അലസതയാണു് തുടന്നുകൊണ്ടിരിക്കുന്നതെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കത്തോലിക്കാസമുദായത്തിന്റെ നേതൃത്വം വഹിക്കുന്ന വൈദികസ്ഥാനങ്ങളും അവൈദികസ്ഥാനങ്ങളും ഒത്തൊരുമിച്ചും ഊർജ്ജസ്വലമായും പ്രവത്തിച്ചെങ്കിലേ ആശാസ്യമായ ഫലമുണ്ടാകയുള്ളു. പാനക്കളരികൾ, നിശാപാഠശാലകൾ, വയോജന വിദ്യാഭ്യാസ സംരംഭങ്ങൾ, പരസ്പരസഹായസംഘടനകൾ, മിച്ചനിക്ഷേപഫണ്ടുകൾ മുതലായ പ്രവത്തനമാർഗ്ഗങ്ങളെ ഷെവലിയർമാരായ രത്നസ്വാമിയും തളിയത്തും അവരുടെ അദ്ധ്യക്ഷപ്രസംഗങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. കൂടാതെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സമാധാനപരമായും എന്നാൽ ഫലപ്രദമായും സംരക്ഷിക്കുവാൻ പയ്യാപ്തങ്ങളായ ട്രെയിഡ്യൂണിയനുകൾ സംഘടിപ്പിക്കുന്നതിനും ജാതിമതഭേദം കൂടാതെ തൊഴിലാളികളെ അവയിൽ അംഗങ്ങളായി ചേക്കുന്നതിനും അങ്ങനെ കമ്മ്യൂണിസ്റ്റുകാരുടേയും സോഷ്യലിസ്റ്റുകാരുടേയും വഴിപിഴച്ച നേതൃത്വത്തിൽനിന്നു് അവരെ വീണ്ടെടുക്കുന്നതിനും പരിശ്രമിക്കേണ്ടതാണു്. ഈ പ്രവത്തനങ്ങൾ ഇടവകകളിലുള്ള വൈദികരോ അവൈദികരായ യുവാക്കന്മാരോ സമയവും സൗകര്യവുംപോലെ നടത്തിക്കൊള്ളട്ടെ എന്നുവച്ചു് സമുദായനേതൃത്വംവഹിക്കുന്നവർ അടങ്ങിയിരുന്നാൽ ഉദ്ദിഷ്ടഫലം ഉണ്ടാവുകയില്ലെന്നു് ഇതുവരെയുള്ള അനുഭവം വിളിച്ചു പറയുന്നില്ലയോ? സമുദായനേതൃത്വം വഹിക്കുന്നവർ ഒന്നാമതായി അതിലേക്കുവേണ്ടി ഒരു വലിയ ഫണ്ടു ശേഖരിക്കണം; രണ്ടാമതായി നല്ല പഠിപ്പും മതതീക്ഷ്ണതയും, എഴുതുവാനും പ്രസംഗിക്കുവാനും സംഘടിപ്പിക്കുവാനും വേണ്ടസാമത്ഥ്യവും ഉള്ള ആളുകളെ തെരഞ്ഞെടുത്തു് മുഴുവൻ സമയവും പ്രവത്തനങ്ങളിലേപ്പെടുവാൻ തക്കവണ്ണം അവരെ നിയമിക്കണം. പ്രസ്തുത ഫണ്ടിൽനിന്നു് അവക്കു ന്യായമായ പ്രതിഫലം നൽകുകയും പ്രവത്തനങ്ങൾക്കു വേണ്ട മററു ചിലവുകൾ വഹിക്കുകയും വേണം. ഇങ്ങനെ സാമുദായികവും സാമ്പത്തികവുമായ സൃഷ്ടിപരപ്രവത്തനങ്ങൾ നടത്തേണ്ടകാലം വൈകിയിരിക്കുന്നു. കോൺഗ്രസ് ഗവമ്മെന്റുകൾ തൊഴിലാളികളുടെയിടയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഏതാദൃശപ്രവത്തനങ്ങൾ മിക്കവാറും കത്തോലിക്കാദശ്ശങ്ങൾക്കു സ്വീകാര്യമായിരിക്കുകയാൽ നമ്മുടെ പരിശ്രമങ്ങൾ കൂടുതൽ ഫലപ്രദങ്ങളാകുവാനുള്ള സൗകര്യങ്ങളുമുണ്ടു്. ഈ വിധത്തിൽ കത്തോലിക്കാപ്രവത്തനസംഘടനകൾ ഇററലിയിലും മററും പ്രവത്തിക്കുന്നതുകൊണ്ടാണു് അവിടങ്ങളിൽ കമ്മ്യൂണിസപ്രചാരണത്തെ തടയുവാനും തൊഴിലാളികളേയും മററു പാവങ്ങളേയും ദുശ്ശക്തികളുടെ പിടിയിൽനിന്നു രക്ഷിക്കുവാനും സാധിച്ചിട്ടുള്ളതെന്നു് നമുക്കു് അറിവുള്ളതാണല്ലോ. ഇനിയെങ്കിലും അത്യന്താപേക്ഷിതമായ ഈ പ്രവത്തനങ്ങളിൽ നമുക്കേപ്പെടാം.

## അടുത്തആഴ്ചയിൽ

മേയ്

- 22 ഞാ: ഉയിപ്പു് 5-ാം ഞായർ
- 23 തി: ജോൺബാപ്റ്റിസ്റ്റ് ഡിറോസി
- 24 ചൊ: ക്രിസ്ത്യാനികളുടെ സഹായമായ മറിയം
- 25 ബു: ഗ്രിഗറി VII
- 26 വ്യാ: നമ്മുടെ കത്താവിന്റെ സ്വർഗ്ഗാരോഹണം (കടം)
- 27 വെ: മറിയംമഗ്ദലേത്താ ദെപാസി, യോഹന്നാൻ
- 28 ശ: അൻസെൽമൂസ്

## ബല്ലാറി മെത്രാൻ

റൈററ് റവ. മോൺ. ജോൺ ഹോഗൻ (J. Hogan) ബല്ലാറിമിഷൻരൂപതയുടെ പ്രഥമമെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടുണ്ടായിരുന്നല്ലോ. തിരുമനസ്സിലെ പട്ടാഭിഷേകം മേയ് നാലാംതിയതി ലണ്ടനിൽവെച്ചു നടന്നിരിക്കുന്നു.

മോൺ. ജോൺ ഹോഗൻ 1895-ൽ ഇംഗ്ലണ്ടിൽ ലിവർപൂൾ എന്ന സ്ഥലത്തു ഭൂജാതനായി. ഒന്നാം ലോകമഹാസമരകാലത്തു അദ്ദേഹം (രാജ്യനിയമപ്രകാരം) സൈനികവകുപ്പിൽ ചേന്നു പ്രശസ്തസേവനമനുഷ്ഠിക്കയുണ്ടായി. 1921-ൽ ഫ്രാൻസിസ്കോസു് ഒന്നാംസഭയിൽ പ്രവേശിച്ചു. ഉപരിവിദ്യാഭ്യാസാത്ഥം അദ്ദേഹം റോമിലേക്കയക്കപ്പെട്ടു. 1927-ൽ വൈദികപട്ടം സ്വീകരിക്കയും പിറേറക്കൊല്ലം വി. ഫ്രാൻസിസ്കോസിന്റെ തിരുനാൾദിനത്തിൽ ഒരു മിഷനറിയായി ഇൻഡ്യയിൽ വന്നുചേരുകയുമുണ്ടായി. 1934-വരെ മുഡ്ഗൽ, റെയിച്ചൂർ, ബല്ലാറി എന്നീ മിഷൻകേന്ദ്രങ്ങളിൽ പ്രശസ്തമായ പ്രേഷിതപ്രവത്തനം നടത്തി. 1934-ലാണു് മിഷൻ സുപ്പീരിയറായി അദ്ദേഹം നിയമിതനായതു്. അദ്ദേഹത്തിന്റെ സേവനങ്ങളിൽ സന്തുഷ്ടചിത്തനായ പരിശുദ്ധ പിതാവു് മോൺസിഞ്ഞോർ സ്ഥാനം നൽകി അദ്ദേഹത്തെ ബഹുമാനിക്കയും ചെയ്തു. 1949 മാർച്ചു 19-ാംനു- പരിശുദ്ധ സിംഹാസനത്തിൽനിന്നു് ബല്ലാറിമിഷനെ ഒരു രൂപതയായി ഉയത്തുകയും അഭിവന്ദ്യ മോൺ. ജോൺ ഹോഗനെ അതിന്റെ പ്രഥമമെത്രാനായി നിയമിക്കയും ചെയ്തു. പാശ്ചാത്യപര്യടനത്തിലേപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ പട്ടാഭിഷേകം ലണ്ടനിൽ ഫോറസ്റ്റ്ഗേററി (Forest gate) ലുള്ള ആശ്രമദേവാലയത്തിൽവച്ചു സമഘോഷം കൊണ്ടാടപ്പെടുകയുണ്ടായി.

## കൽക്കട്ടാ മെത്രാൻ

കൽക്കട്ടാ മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മോൺസിഞ്ഞോർ ജോസഫ് ഫെർണാൻറസ് തിരുമേനിയുടെ മെത്രാൻപട്ടാഭിഷേകം കൽക്കട്ടാ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ എഫ്. പെരിയർ എസ്. ജെ. യുടെ പ്രധാന കാമ്മികത്വത്തിലും 5 മെത്രാന്മാരുടെ സഹകരണത്തിലും മേയ് 1-ാംനു- കൽക്കട്ടായിൽവച്ചു് നടത്തപ്പെട്ടു.

## സേലം മെത്രാൻ

സേലം രൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഡോക്ടർ വി. എസ്. സെൽവനാഥർ തിരുമേനിയുടെ പട്ടാഭിഷേകം മേയ് 1-ാംനു- സേലത്തുവച്ച് കുംഭകോണം മെത്രാൻ ഡോക്ടർ പീററർ ഫ്രാൻസിസ്, പോണ്ടിച്ചേരി സഹായമെത്രാൻ ഡോക്ടർ ജീമാക്ക് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിൽ സേലം മെത്രാൻ ഡോക്ടർ പ്രുനി തിരുമേനി നിർവ്വഹിച്ചിരിക്കുന്നു.

## ഏകാന്തധ്യാനം

യുവതികൾക്കായുള്ള ഒരു ഏകാന്തധ്യാനം മേയ് 23-ാംനു- വൈകുന്നേരം ആരംഭിച്ച് 27-ാംനു- കാലത്ത് അവസാനിക്കുന്നതാണ്. താമസത്തിനു വേണ്ട സകല സൗകര്യങ്ങളും മഠംവക സ്കൂളിലുണ്ടായിരിക്കും. ഭക്ഷണം മുതലായവയ്ക്ക് 7 ക. മതിയാകുന്നതാണ്. ധ്യാനത്തിനു ചേരുവാനാഗ്രഹിക്കുന്നവർ 20-ാംനു- ക്കു മുമ്പായി വിവരം മദർ സുപ്പീരിയറെ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

മദർ സുപ്പീരിയർ
അഗതികളുടെ സഹോദരികൾ,
ലൂർദ്പുരം, പെരുമാനൂർ, A. O. തേവര

## കൊച്ചിവാർത്തകൾ

### തീപ്പെട്ടു

കൊച്ചിയിലെ 5-ാംനു-മുറ ശ്രീ കുട്ടൻ തമ്പുരാൻ ഹൃദയസ്തംഭനംമൂലം മേയ് 12-ാംനു- എറണാകുളത്തുവച്ച് തീപ്പെട്ടിരിക്കുന്നു.

### എറണാകുളത്തേക്കു മാററം

കൊച്ചി തിരുവിതാംകൂർ സംയോജനം പൂർത്തിയാകുന്നതോടുകൂടി അററോർണീജനറലിന്റെ ഓഫീസ് എറണാകുളത്തേക്കു മാററുന്നതിനും അദ്ദേഹത്തിന്റെ സഹായാർത്ഥം പുതുതായി ഒരു സോളിസിററർജനറലിനെ നിയമിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

### മി. എൻ. എം. ബുച്ച്

സംയോജനക്കമ്മിററി ചെയർമൻ മി. എൻ. എം. ബുച്ച് മേയ് 17-ാംനു- എറണാകുളത്തെത്തിയിരിക്കുന്നു. കമ്മിററി 18,19 എന്നീ തീയതികളിൽ ഇവിടെ ഗസ്റ്റ്ഹൗസിൽവച്ചുകൂടി സംയോജനം സംബന്ധിച്ച നടപടികൾ തുടരുന്നതായിരിക്കും.

## തിരുവിതാംകൂർ വാർത്തകൾ

### മി. ബുച്ചിന്റെ പ്രസ്കോൺഫറൻസ്

കൊച്ചി തിരുവിതാംകൂർ സംയോജനക്കമ്മിററി ചെയർമൻ മി. എൻ. എം. ബുച്ച് മേയ് 11-ാം നു- തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്കോൺഫറൻസിൽ തന്റെ കമ്മിററിയുടെ പരിഗണനാവിഷയങ്ങൾ വിശദമാക്കിയിരിക്കുന്നു: പുതുതായി രൂപമെടുക്കാൻ പോകുന്ന യൂണിയന്റെ സെക്രട്ടറിയേററ്, ഹൈക്കോടതി, പബ്ളിക്സർവ്വീസ് കമ്മീഷൻ, റവന്യൂബോർഡ് തുടങ്ങിയുള്ളവയുടെ സ്ഥാപനം, ഗവമ്മെൻറുകളുടേയും ഡിപ്പാർട്ടുമെൻറുകളുടേയും സംയോജനം, സംയുക്തനിയമസഭാരൂപീകരണം, സൈനികസംയോജനം, കാര്യനിർവ്വഹണനിബന്ധനകൾ, ദേവസ്വംഭരണം എന്നീവിഷയങ്ങളെപ്പററി കമ്മിററി ആലോചിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതായിരിക്കും. എന്നാൽ പ്രസ്തുതനിർദ്ദേശങ്ങളെ ഇൻഡ്യാഗവമ്മെൻറിനും ഇരുനാട്ടുരാജ്യങ്ങൾക്കും ഇഷ്ടാനുസരണം വിനിയോഗിക്കാവുന്നതാണ്. ഇരുരാജാക്കന്മാരുടേയും ഭാവി രാഷ്ട്രീയപദവിയെപ്പററി തീരുമാനം ചെയ്യുക എന്നതു് കമ്മിററിയുടെ അധികാരപരിധിയിൽ പെടുന്നില്ല. എന്നാൽ പുതിയ സംസ്ഥാനരൂപീകരണത്തോടുകൂടി ഇരുരാജാക്കന്മാരും തമ്മിലുണ്ടാകുന്ന ഉടമ്പടിയിൽ അവരുടെ ഭാവിപദവി വ്യക്തമാക്കപ്പെടുന്നതായിരിക്കും.

### ഇൻഡ്യൻ കോൺസംബ്ളിയിൽ

ഇൻഡ്യൻ കോൺസംബ്ളിയോഗത്തിൽ തിരുവിതാംകൂർ പ്രതിനിധികളായി മിസ് ആനി മസ്ക്രീൻ, മെ. പട്ടംതാണുപിള്ള, നടരാജപിള്ള, ജോൺപീലിപ്പോസ് എന്നിവർ സംബന്ധിക്കുകയുണ്ടായി.

### ഇടവം 17-ാം നു- തുറക്കും

തിരുവിതാംകൂറിലെ വിദ്യാലയങ്ങൾ ഇടവം 17-ാംനു- മാത്രമേ തുറന്നു അദ്ധ്യയനം ആരംഭിക്കുകയുള്ളുവെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

### മന്ത്രിയായി ചാർജ്ജെടുത്തു

മി. ടി. എ. അബ്ദുള്ള ഇടവം 1-ാംനു- സത്യപ്രതിജ്ഞചെയ്ത് മന്ത്രിയായി ചാർജ്ജെടുത്തിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### ലണ്ടനിലേക്ക്

ഇൻഡ്യയുടെ പവൻമിച്ചത്തെ സംബന്ധിച്ച് ബ്രിട്ടനുമായി കൂടിയാലോചിക്കുവാൻ ധനകാര്യമന്ത്രി ഡോക്ടർ ജോൺമത്തായിയുടെ നേതൃത്വത്തിൽ ഒരു ഇൻഡ്യൻ പ്രതിനിധിസംഘം ജൂൺ 15-ാംനു- ലണ്ടനിലേക്കു പുറപ്പെടുന്നതാണ്.


## ആ "മാർത്തോമ്മാരേഖ" എന്തുപറയുന്നു?

(പെരുമാലിൽ ആഗസ്തി)

1 "വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ആ ക്രിസ്തുശിഷ്യൻ (തോമ്മാശ്ലീഹാ) വന്നു പ്രസംഗിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തെന്നു് ഏററവും പുരാതനമായ ഒരു രേഖ പറയുമ്പോൾ..." എന്നാണല്ലോ സത്യനാദത്തിൽ ശ്രീ ജോസഫ് എഴുതിയിരിക്കുന്നതു്. ഇക്കഴിഞ്ഞ ഏപ്രിൽ 27-ാംനു- യിലെ സത്യദീപത്തിലാകട്ടെ ആ വാചകം "മാർത്തോമ്മാശ്ലീഹാ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ പ്രസംഗിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തെന്നു യൂദാത്തോമ്മായുടെ പ്രവൃത്തികൾ എന്ന സുറിയാനികൃതിയിൽ നിന്നനുമാനിക്കാം" എന്നായിത്തീർന്നിരിക്കുന്നു. "പറയുമ്പോൾ" എന്നതിനെ "അനുമാനിക്കാം" എന്നാക്കിയതു് എന്തിനാണ്? പ്രസ്താവനകൾ തകിടംമറിക്കുന്നതു വാസ്തവവിരുദ്ധമല്ലയോ? അറിഞ്ഞുകൊണ്ടുള്ള വാസ്തവവിരുദ്ധങ്ങൾ അസത്യമാകുന്നില്ലേയോ?

2 മാർത്തോമ്മാശ്ലീഹാ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ മരിച്ചെന്നു പറയുന്ന ഏററവും പുരാതനരേഖ "യൂദാത്തോമ്മായുടെ പ്രവൃത്തികൾ" എന്നതാണെന്നു ഏപ്രിൽ 27-ാംനു- യിലെ സത്യദീപത്തിൽ ശ്രീ ജോസഫ് പറയുന്നുണ്ടല്ലോ. "യൂദാത്തോമ്മായുടെ പ്രവൃത്തികൾ" എന്ന ഈ കൃതിയിൽ തോമ്മാശ്ലീഹാ വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ വന്നുവെന്നാകട്ടെ അവിടെത്തന്നെ മരിച്ചുവെന്നാകട്ടെ പറയുന്നില്ല. തന്നിമിത്തം "വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ ആ ക്രിസ്തുശിഷ്യൻ (തോമ്മാശ്ലീഹാ) വന്നു പ്രസംഗിക്കുകയും അവിടെത്തന്നെ മരിക്കുകയും ചെയ്തെന്നു" ഏററവും പുരാതനമായ (ക്രി. വ. 220 ലെ യൂദാത്തോമ്മായുടെ പ്രവൃത്തികൾ എന്ന) രേഖ പറയുമ്പോൾ..." എന്നെഴുതിയതു് വാസ്തവവിരുദ്ധമല്ലയോ?

3 "ഫാദറവർകൾ കാണാത്ത ഒരു ലത്തീൻ രേഖാംശം" എന്നു ശ്രീ ജോസഫ് പറയുന്നുണ്ടല്ലോ. ഈ പ്രസ്താവനയും ശരിയല്ല. ഫാദറവർകൾ ഈ ലത്തീൻ രേഖാംശം കണ്ടിട്ടുള്ളതാണ്. ക്രിസ്ത്വബ്ദം 10-ാം ശതകത്തിനുശേഷം രചിക്കപ്പെട്ട ഈ രേഖാംശം ഫാദറവർകളുടെ പ്രതിപാദനകാലത്തിനു പുറത്താകയാൽ മനഃപൂർവ്വം വിട്ടുകളഞ്ഞിട്ടുള്ളതാണ്. ഇതേപ്പററിയുള്ള വാദപ്രതിവാദം പ്രകൃതത്തിൽ അസംഗതവുമാണ്.



അതിരമ്പുഴ പർട്ടിക്കുലർ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി അംഗങ്ങൾക്കായി ഏപ്രിൽ 9 മുതൽ 13 വരെ തീയതികളിൽ മാന്നാനത്തുവച്ചു നടത്തപ്പെട്ട ഏകാന്തധ്യാനത്തിന്റെ അവസാനത്തിൽ എടുത്ത ഫോട്ടോ. ഇടത്തുനിന്നു എട്ടാമതായിരിക്കുന്ന റവ. ഫാദർ ഫിലാരിയോൺ സി. ഡി. ആയിരുന്നു ധ്യാനഗുരു.

### ന്യൂനപക്ഷങ്ങൾക്കു റിസർവേഷൻ വേണ്ട

സ്വാതന്ത്ര്യഭാരതത്തിലെ നിയമസഭകളിൽ പട്ടികജാതികൾക്കല്ലാതെ മതപരമായ ന്യൂനപക്ഷങ്ങൾക്കൊന്നിനും സ്ഥാനം സംവരണംചെയ്യരുതെന്നൊരു പ്രമേയം കോൺസംബ്ളിയുടെ ന്യൂനപക്ഷോപദേശകസമിതി അംഗീകരിച്ചിരിക്കുന്നു.

## പട്ടീൽ വത്തിക്കാനിൽ

ലോകപര്യടനാർത്ഥം പുറപ്പെട്ടിരിക്കുന്ന ബോംബെ മേയർ മി. എസ്. കെ. പട്ടീൽ മേയ് 13-ാംനു- വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് 20 മിനിററു സമയം സംഭാഷണം നടത്തിയിരിക്കുന്നു. തദവസരത്തിൽ മാർപ്പാപ്പാ തിരുമേനി ഇൻഡ്യയേയും ഇൻഡ്യൻ ജനതയേയും പ്രത്യേകം ആശീർവ്വദിക്കുകയുണ്ടായി. സന്ദർശനാനന്തരം മി. പട്ടീൽ, താൻ ബോംബെ മേയറെന്ന നിലയിൽ ലോകത്തിന്റെ ഏററവും വലിയ ആദ്ധ്യാത്മികനേതാവിനെ കണ്ടുവെന്നു ഒരഭിമുഖസംഭാഷണമദ്ധ്യേ പ്രസ്താവിച്ചു.

## എല്ലാ ഇടവകകളിൽ നിന്നും

വിശുദ്ധവത്സരാഘോഷത്തിന്റെ കേന്ദ്രസമിതി, ലോകമെങ്ങുമുള്ള ഓരോ ഇടവകയിൽനിന്നും ഓരോ പാവപ്പെട്ട തീർത്ഥകനെങ്കിലും റോം സന്ദർശിക്കുന്നതിനു അവസരം നല്കത്തക്ക പദ്ധതികൾ രൂപവൽക്കരിച്ചുവരുന്നു. അമേരിക്കയിലെ 22 രാജ്യങ്ങൾ വാഹനച്ചാർജ്ജ് കുറയ്ക്കുന്നതിനും നാണയകൈമാററത്തിനു കൂടുതൽ സൗകര്യങ്ങൾ പ്രദാനംചെയ്യുന്നതിനും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്.

## മാർപ്പാപ്പായെ സന്ദർശിച്ചു

ബ്രിട്ടനിലെ മാർഗ്ഗരററു രാജകുമാരി മേയ്, 11-ാംനു- വത്തിക്കാനിൽച്ചെന്നു് മാർപ്പാപ്പാതിരുമേനിയെ മുഖംകാണിച്ചിരിക്കുന്നു.

## മാതൃഭാഷയിൽ

ബൽജിയത്തിലെ ലീജ് രൂപതയിൽ ജ്ഞാനസ്നാനം, അന്ത്യലേപനം, വിവാഹം എന്നീ കൂദാശകളിൽ ലത്തീനു പകരം ഫ്റഞ്ചോ ഫ്ളെമിഷോ ഉപയോഗിക്കാൻ പരിശുദ്ധസിംഹാസനം അനുവദിച്ചിരിക്കുന്നു.

## GLEANINGS

### LANGUAGE

A Washington diplomat was entertaining a French official. The official had difficulty with the King's English. He expressed his thanks for the kindness of his host, but added apologetically, "I am sorry to have so cockroached on your time."

"Oh," answered the host, "think nothing of it. But you don't mean cockroach, monsieur; it is encroach you mean."

"Oh, is it? I see—a difference in gender."

* *

The missionary was instructing a group of small children and he turned to one little fellow in the front row.

"Now, Johnny, suppose you died in a state of mortal sin, where would you go?"

"To hell, Father."

"That's right. And what would you do then?"

Johnny hesitated. Then he said: "go to confession, Father."

"Indeed! And to whom do you think you would go to confession?"

"To you, Father".

* *

### THE COMMUNIST'S PRAYER

Our father who art in Moscow
Gloried be thy name
Thy kingdom come
Thy will be done in Aussie
As it is in Europe
Give us this day our daily strikes
And send us more wharfies
To protest against those who trespass against us
And lead us not to Democracy
But deliver us from Peace.

* *

### EIGHT COMMANDMENTS

Mr. Solon E. Low, M. P. (national Social Credit leader in the Canadian House of Commons), once handed to me his "eight commandments" for a party that could meet the challenge of these days. Here they are:

(1) You cannot bring about prosperity by discouraging production;
(2) You cannot strengthen the weak by weakening the strong;
(3) You cannot help small men by tearing down big men;
(4) You cannot help the poor by destroying the rich;
(5) You cannot lift the wage-earner by pulling down the wage-payer;
(6) You cannot further the brotherhood of man by inciting class hatred;
(7) You cannot establish character and courage by taking away a man's initiative and independence;
(8) You cannot help men permanently by doing for them what they could and should do for themselves.

## അവശിഷ്ടങ്ങൾ

കാർഡിനൽ ന്യൂമന്റെ ഭൗതികാവശിഷ്ടങ്ങളും വിലയേറിയ അനേകം കൈയെഴുത്തുഗ്രന്ഥങ്ങളും ഓക്സ്ഫോർഡിലെ ഓറിയൽ കോളെജ് ലൈബ്രറിക്കു തീപിടിച്ചതുനിമിത്തം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

## പൗരസ്ത്യരുടെ കാനോൻനിയമം

പൗരസ്ത്യസഭകളുടെ കാനോൻനിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ട് ഏതാനും കൊല്ലങ്ങളായല്ലോ. വിവാഹം സംബന്ധിച്ചുള്ള കാനോൻനിയമങ്ങൾ റോമിലെ ഔദ്യോഗികമാസികയായ "ആക്ത അപ്പസ്തോലിച്ചേ സേദിസി"ൽ ഈയിടെ പ്രസിദ്ധീകൃതമായിരിക്കുന്നു. ആകെ 131 കാനോനകളാണുള്ളതു്. ലത്തീൻ സഭയിൽ വിവാഹം സംബന്ധിച്ചു നിലവിലിരിക്കുന്ന നിയമങ്ങളിൽനിന്നു് അല്പവ്യത്യാസങ്ങൾ മാത്രമേ അവയ്ക്കുള്ളൂ.

# റോസപ്പുഷ്പങ്ങളുടെഅത്ഭുതം

“Miracle of the Roses” എന്ന തലക്കെട്ടിൽ ഈ മേയ് 5-ാം തീയതിയിലെ “ഫീൻഡ്” പത്രത്തിൽ താഴെ പറയുന്ന കുറിപ്പു ചേർത്തിരുന്നു.

“സ്റ്റോക്ക്പോർട്ട്” (ചെഷയർ) മേയ് 2. മൂന്നാം പ്രാവശ്യവും “റോസപ്പുഷ്പങ്ങളുടെ അത്ഭുതം” ആവർത്തിക്കപ്പെടുന്നതു കാണാമെന്നുള്ള പ്രതീക്ഷയോടുകൂടി ശതക്കണക്കിനു ആളുകൾ ഇവിടത്തെ പരിശുദ്ധ മറിയത്തിന്റെ ചെറിയ ദൈവാലയത്തിലേക്കു കയറുന്നതിനായി അണിനിരന്നു നില്ക്കുന്നു.

“മൂന്നുകൊല്ലം മുൻപ് ഒരു ചെറിയ പെൺകുട്ടി പരിശുദ്ധ കന്യകയുടെ രൂപത്തിന്റെ ശിരസ്സിൽ ഒരു റോസപ്പൂമുടി ചാർത്തി. മാസങ്ങൾ പലതു കഴിഞ്ഞിട്ടും ആ പുഷ്പങ്ങൾ വാടുകയോ പൊഴിയുകയോ ചെയ്യാതെ ആദ്യമുണ്ടായിരുന്ന നവചൈതന്യം പാലിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. അടുത്തകൊല്ലം ആദ്യത്തെ മുടിയുടെ മീതെവച്ച രണ്ടാമത്തെ മുടിയും ഒരു വ്യത്യാസവും കൂടാതെ ഇപ്പോഴും സ്ഥിതിചെയ്യുന്നു.

“ഇക്കഴിഞ്ഞ രാത്രി മേയ്ദിനാഘോഷാവസരത്തിൽ ആറു വയസ്സുപ്രായമുള്ള ഒരു പെൺകുട്ടി വാടാതെയിരിക്കുന്ന മററു രണ്ടു മുടികളുടെ മീതെ മൂന്നാമതൊരു മുടികൂടി ചാർത്തിയിരിക്കുന്നു. ഗ്ലോബ്.”

ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിയുന്നതിനു വായനക്കാർക്കു ആഗ്രഹമുണ്ടായിരിക്കുമല്ലോ. ഇംഗ്ലണ്ടിൽ സാൽഫോർഡു രൂപതയിൽപ്പെട്ട സ്റ്റോക്ക്പോർട്ടിലെ ഹീററൻ നോറിസ് (Heaton Norris, Stockport) എന്ന സ്ഥലത്തെ പള്ളിയിലാണു വാടാത്ത പ്രസ്തുത പുഷ്പമുടികൾ ഇരിക്കുന്നതു്. ജപമാലനാഥയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ആ പള്ളി പണിയിച്ചിട്ടു അൻപതിൽപ്പരം കൊല്ലങ്ങളേ ആയിട്ടുള്ളു. ഇടവകക്കാർ മഹാഭൂരിപക്ഷവും സാധുക്കളായ തൊഴിലാളികളാണ്. മററു പല സ്ഥലങ്ങളിലും ചെയ്യാറുള്ളതുപോലെ ആ ദേവാലയത്തിലും പ്രതിവർഷം മേയ്മാസം ഒന്നാം തീയതി “മെയ് ഡേ” ആഘോഷിക്കയും അന്നു ദൈവമാതാവിന്റെ രൂപത്തിന്റെ ശിരസ്സിൽ ഒരു പുഷ്പമുടിവയ്ക്കുയും പതിവുണ്ട്. മുടിവയ്ക്കുന്നതിനായി മേയ്റാണി (May Queen) എന്ന പേരിൽ സുശീലയും സുന്ദരിയുമായ ഒരു പെൺകുട്ടിയെയാണു തെരഞ്ഞെടുക്കുന്നതു്. 1947-ലെ മേയ്റാണി എട്ടുവയസ്സുള്ള പൗളിൻ ബൈർനി എന്ന കുട്ടിയായിരുന്നു.

അവൾ അന്നു വളരെ മൃദുലവും ചുരുണ്ട ഇതളുകളോടുകൂടിയതുമായ റോസ് പുഷ്പങ്ങളും ശതാവരിപ്പന്നയും കൂട്ടിക്കെട്ടിയുണ്ടാക്കിയ ഒരു പച്ചപ്പുഷ്പമുടിയാണു രൂപത്തിന്റെ ശിരസ്സിൽ ചാർത്തിയതു്. സാധാരണ ഒന്നുരണ്ടാഴ്ച കഴിയുമ്പോഴേക്കു മുടി വാടിക്കരിഞ്ഞുപോകയാണു പതിവു്. എന്നാൽ മാസം പകുതി കഴിഞ്ഞിട്ടും പുഷ്പങ്ങൾക്കു യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ലെന്നു കണ്ടപ്പോൾ അതിൽ എന്തോ അസാധാരണത്വമുണ്ടെന്നു വികാരിയച്ചൻ സംശയിച്ചുതുടങ്ങി. മേയ്മാസം അവസാനിച്ചിട്ടും അതിനു ഒരു വാട്ടവും കണ്ടില്ല. പിന്നെയും മാസങ്ങൾ പലതുകഴിഞ്ഞു. വ്യത്യാസമൊന്നും കാണാഞ്ഞതിനാൽ ഒക്ടോബർമാസത്തിൽ വിവരം അദ്ദേഹം സ്വന്തമെത്രാനേയും തിരുസിംഹാസനത്തേയും അറിയിച്ചു. ഇതിനിടയിൽ സാമാന്യജനങ്ങൾ വിവരമറിഞ്ഞു പല സ്ഥലങ്ങളിൽനിന്നും അവിടെച്ചെന്നു മുടി സന്ദർശിച്ചുതുടങ്ങി. ലക്ഷത്തിൽപ്പരം ആളുകൾ ദേവാലയം സന്ദർശിക്കയും 20,000 ത്തിൽപ്പരം അപേക്ഷകൾ മാതാവിന്റെ രൂപത്തിൻമുൻപാകെ വയ്ക്കുന്നതിനു അയച്ചുകൊടുക്കപ്പെടുകയും ചെയ്തിട്ടുള്ളതായിട്ടാണ് അറിവു്. വികാരിയച്ചനു പ്രതിദിനം നൂറെഴുത്തുകളോളം ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി കിട്ടിക്കൊണ്ടിരിക്കുന്നു. രണ്ടു കൊല്ലം മുൻപു വച്ച മുടിയും, ഒരു കൊല്ലം മുൻപു വച്ച രണ്ടാമത്തെ മുടിയും ഇന്നും യാതൊരു വാട്ടമോ കോട്ടമോ കൂടാതെ ഇപ്പോൾത്തന്നെ ഉണ്ടാക്കിയതെന്നവണ്ണം പച്ചയായും ഭംഗിയായും നവചൈതന്യത്തോടെ സ്ഥിതിചെയ്യുന്നു. അതിനായി യാതൊരു ഔഷധപ്രയോഗവും ചെയ്തിട്ടില്ലെന്നുതന്നെയല്ല രൂപത്തിൽ ചാർത്തിയതിനുശേഷം വെള്ളം തളിക്കപോലും ഉണ്ടായിട്ടില്ല.

ഈ അസാധാരണ സംഭവത്തെ സംബന്ധിച്ചു വൈദികാധികാരികൾ പൂർണ്ണമൗനം അവലംബിച്ചിരിക്കയാണ്. എങ്കിലും അൽമായപത്രങ്ങൾ വളരെ ഒച്ചപ്പാടുണ്ടാക്കുന്നുണ്ടു്. ഒരുകൂട്ടർ ദൈവം തന്റെ തിരുമാതാവുവഴിയായി പ്രവർത്തിക്കുന്ന ഒരത്ഭുതമായി അതിനെ കൊണ്ടാടുമ്പോൾ ഇതരർ അതിസ്വാഭാവികമായി അതിൽ ഒന്നുമില്ലെന്നു സ്ഥാപിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്നു. അനക്കാതെ വച്ചിരിക്കുന്നതുകൊണ്ടാണു അതങ്ങനെ ഇരിക്കുന്നതെന്നും ഒന്നു തൊടുകയാണെങ്കിൽ അതെല്ലാംകൂടി പൊടിയായി നിലംപതിക്കുന്നതു കാണാമെന്നും ഏതാനും ശാസ്ത്രജ്ഞന്മാർ ഒരിടയ്ക്കു അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ വികാരിയച്ചൻ സന്ദർശകരുടെ മുൻപിൽവച്ചുതന്നെ അതു പല പ്രാവശ്യം കൈയിലെടുക്കുകയും പൊടി കൊട്ടിക്കളയുകയും ചെയ്തിട്ടും പുഷ്പങ്ങളുടെ ഒരിതളാകട്ടെ ശതാവരിപ്പന്നയുടെ ഒരിലയാകട്ടെ പൊഴിഞ്ഞുപോകുന്നില്ലെന്നു മനസ്സിലായപ്പോൾ അവർ ബുദ്ധിപൂർവ്വം മൗനംകാത്തു തുടങ്ങിയിരിക്കയാണ്. എങ്കിലും ദൈവത്തേയും സ്വഭാവാതീതശക്തികളേയും നിഷേധിക്കുന്ന ചിലർ പ്രകൃതിനിയമങ്ങളിൽത്തന്നെ ഇതിനൊരു സമാധാനം കാണുന്നതിനു പണിപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ കൊണ്ടുവരുന്ന ചില ന്യായങ്ങൾ കേട്ടാൽ, സുബുദ്ധിയുള്ള മനുഷ്യർക്കു ഇത്ര വലിയ വിഡ്ഢിത്തങ്ങൾ എഴുന്നള്ളിക്കാൻ സാധിക്കുമല്ലോ എന്നു തോന്നിപ്പോകും. ഒരുദാഹരണംമാത്രം പറയാം. കമ്പിയിൽ കോർത്തു കെട്ടിവച്ചിരിക്കുന്ന ആ പുഷ്പങ്ങൾക്കു വേരു പൊടിച്ച്, രൂപം ഉണ്ടാക്കിയിരിക്കുന്ന തടിയിലേക്കിറങ്ങി അതിൽനിന്നും ജലം വലിച്ചെടുത്തിട്ടായിരിക്കണം അവ പല മാസങ്ങളായി ഇപ്പോഴും പച്ചകെടാതെയിരിക്കുന്നതെന്നാണ് ഒരാളുടെ അഭിപ്രായം! അനേകകൊല്ലങ്ങളായി ഉണങ്ങി പല കോട്ടിങ്ങ് ചായമിട്ടുവച്ചിരിക്കുന്ന തടിയിൽനിന്നു ഒരു ചെടിക്കാവശ്യമുള്ള ജലം വലിച്ചെടുക്കുവാൻ സാധിക്കുന്നെങ്കിൽ അതുതന്നെയായിരിക്കുമല്ലോ ഇതിനെക്കാൾ വലിയ അത്ഭുതം.

ഇനി വികാരിയച്ചന്റെ അഭിപ്രായമെന്താണെന്നു നമുക്കു നോക്കാം. അദ്ദേഹം റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്നു ഡി. ഡി. ബിരുദം നേടിയിട്ടുള്ള പണ്ഡിതനും വിനീതനുമായ ഡോക്ടർ ജയിംസ് ടേണറാണ്. ഇപ്പോൾ വയസ്സു 52 ആയി. പക്വമതിയായ അദ്ദേഹം വളരെ കരുതലോടുകൂടിയേ ഇക്കാര്യത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായം പറയുകയുള്ളു. റോമിൽനിന്നു അനുകൂലമായ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ഇതൊരത്ഭുതമാണെന്നു പറയാൻ അദ്ദേഹം ധൈര്യപ്പെടുന്നില്ല. എങ്കിലും പ്രകൃത്യതീതമായ എന്തോ ഒരു ശക്തിയുടെ പ്രവർത്തനം അവിടെയുണ്ടെന്നാണ് അദ്ദേഹം അനുമാനിക്കുന്നതു്. ലോകത്തിന്റെ വിവിധഭാഗങ്ങളിലായി ആയിരക്കണക്കിനു ആളുകൾക്കു ഈ മുടിമൂലം ഉണ്ടാകുന്ന ആദ്ധ്യാത്മികനന്മയാണ് ഇങ്ങനെയൊരഭിപ്രായം രൂപവൽക്കരിക്കുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. അദ്ദേഹവും ആ ഇടവകക്കാരെല്ലാവരും മാതാവിന്റെ അതിവഭക്തരാണെന്നുള്ളതും ഇംഗ്ലണ്ടിൽ ആദ്യമായി ഫാത്തിമാമാതാവിന്റെ രൂപം വഹിച്ചുകൊണ്ടു ഒരു പ്രദക്ഷിണം നടത്തിയതു അവിടെയാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. സ്റ്റോക്ക്പോർട്ടിലെ ജപമാലനാഥയുടെ പള്ളിയിൽ നടക്കുന്ന ഈ സംഭവം ഫാത്തിമായിൽവച്ചു ജപമാലരാജ്ഞി നൽകിയ സന്ദേശത്തിന്റെ ഒരു സ്ഥിരീകരണമായി കരുതരുതോ എന്നു തോന്നിപ്പോകുന്നു. ഏതായാലും റോമിൽനിന്നു ഔദ്യോഗികമായി ഒരു തീരുമാനം ഉണ്ടാകുന്നതുവരെ നമുക്കു ക്ഷമിച്ചിരിക്കാം. (A. C. D.)


## എൽത്തുരുത്തു ബോർഡിംഗ്

എൽത്തുരുത്തു സെൻറ് അലോഷ്യസ് ഹൈസ്കൂൾ മദ്ധ്യവേനൽ അവധികഴിഞ്ഞു് മേയ് 30-ാംനു തുറക്കുന്നതാണ്. മേയ് 15-ാംനു മുതൽ അഡ്മിഷൻ ആരംഭിക്കും. ഈ കൊല്ലവും കുട്ടികൾക്കു ബോർഡിങ്ങിൽ എല്ലാ സൗകര്യങ്ങളും ഉണ്ടു്. ബോർഡിങ്ങ് ഫീസ് 175 ക. മാത്രം. കൂടുതൽ വിവരങ്ങൾക്കു് എഴുതി ചോദിക്കുക.

Rev. Fr. Heraclius C. D., Rector


---

## പ്രാദേശികവാർത്തകൾ

—പൊൻകുന്നം സി. എ. സി., സൊഡാലിററി, സി. ഇ. സി., സൺഡെസ്കൂൾ എന്നീ സംഘടനകളുടെ സംയുക്തസമ്മേളനം റവ. ഫാദർ ലേത്തുസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. പ്രസ്തുത യോഗത്തിൽ മി. മാത്യു സി. ഞള്ളത്തിൽ, മി. ഐസക് പി. പുതുവന്ന ബി. എ., മി. തോമസ് ഈപ്പൻ ബി. എ. ഓണേഴ്സ് എന്നിവർ പ്രസംഗിച്ചു.

—മാള സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ അംഗമായ ശ്രീ കടിച്ചിനി ചാക്കപ്പൻ പ്രസ്തുത സംഘത്തിലേക്കു് വി. വിൻസെൻറ് ഡി പോളിന്റെ ഒരു പ്രതിമ സംഭാവന ചെയ്തിരിക്കുന്നു.

—ഉറവൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ 9-ാമതു വാർഷികം മേയ് 8-ാംനു റവ. ഫാ. തിയഡോഷ്യസ് എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ റവ. ഫാദർ ലെദിസ്ലാവൂസ് സി. ഡി. ഒരു പ്രസംഗം ചെയ്തു. യോഗാനന്തരം പരിശുദ്ധ കന്യകമറിയത്തിന്റെ രൂപവും വഹിച്ചുകൊണ്ടുള്ള ഒരു പ്രദക്ഷിണവുമുണ്ടായിരുന്നു.

—കോഴിക്കോടു താലൂക്കിൽ നിലിശ്വരാംശത്തിൽ കുടിയേറിപ്പാർക്കുന്ന കത്തോലിക്കർക്കുവേണ്ടി സെൻറ് തോമസ് ചർച്ച് എന്ന പേരിൽ ഒരു പുതിയ പള്ളി പണിചെയ്തിരിക്കുന്നു. അതിന്റെ ആശീർവ്വാദം മേയ് 2-ാംനു റവ. ഫാദർ ജോൺ സെക്വേര എസ്. ജെ. നിർവ്വഹിച്ചു.

—നാഗപ്പുഴ തിരുഹൃദയസഭയിൽപ്പെട്ട പതിനഞ്ചു സഹോദരിമാർക്കു മേയ് 10-ാംനു കാലത്തു, സ്ഥലം ദേവാലയത്തിൽവെച്ച് എറണാകുളം അതിരൂപതയുടെ വികാരിജനറാൾ റൈററ് റവ. മോൺ. പോത്തനാമൂഴി അവർകൾ സഭാവസ്ത്രം നൽകിയിരിക്കുന്നു.

—പെരിങ്ങഴ സെൻറ് അലോഷ്യസ് സൊഡാലിററിയുടേയും ഗ്രന്ഥശാലയുടേയും സംയുക്തവാർഷികസമ്മേളനം മേയ് 9-ാം നു റവ. ഫാ. ജോർജ്ജ് കവലക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ സാഹിത്യവിശാരദ് ശ്രീ പി. ജെ. ജോസഫ് ഒരു പ്രസംഗം ചെയ്യുകയും, യോഗാനന്തരം സൊഡാലിററി ആൺകുട്ടികൾ “മേരിദാസൻ” എന്ന പ്രഹസനം അഭിനയിക്കുകയും ചെയ്തു.

—മൂക്കന്നൂർ മരിയാസഖ്യത്തിന്റേയും അൾത്താരസംഘത്തിന്റേയും സംയുക്തവാർഷികം മേയ് 15-ാംനു സഘോഷം കൊണ്ടാടിയിരിക്കുന്നു. കാലത്തെ ആഘോഷമായ തിരുക്കർമ്മാദികൾക്കുശേഷം, ഉച്ചതിരിഞ്ഞു 3 മണിക്കു കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി. ഡി. ആദ്ധ്യക്ഷം വഹിക്കുകയും മി. വക്കി കൈമാപ്പറമ്പിൽ ബി. കോം., മിസിസ് സിസിലി ജോസഫ് ബി. എ. എന്നിവർ ഓരോ പ്രസംഗം ചെയ്യുകയും ചെയ്തു. യോഗാനന്തരം “തപ്തബാഷ്പം” എന്ന പ്രഹസനം തന്മയത്വപൂർവ്വം അഭിനയിക്കപ്പെട്ടു.

—കാട്ടൂർ പഞ്ചായത്തുപ്രസിഡണ്ടായിരുന്ന ശ്രീ ഫ്റാൻസിസ് എ. ആലപ്പാട്ടു അവർകളുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് മേയ് 5-ാംനു കരാഞ്ചിറയിലെ രണ്ടു റേഷൻഷോപ്പുകളിലേയും കാർഡുകാർക്ക് ഒരു ദിവസത്തെ റേഷൻ സൗജന്യമായി നല്കുകയുണ്ടായി. തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സ്ഥലം പള്ളി അങ്കണത്തിൽവച്ചു് നടത്തപ്പെട്ട പാപ്പം ജൂബിലിയാഘോഷങ്ങളുടേയും ചെലവുകൾ ഇദ്ദേഹംതന്നെയാണു വഹിച്ചതെന്നുള്ളവിവരവും പ്രസ്താവ്യമാണ്.

—തൃശ്ശൂർ രൂപതയിലെ കത്തോലിക്കാപ്രവർത്തനസംഘടനയുടെ 11-ാം വാർഷികം 1949 മേയ് 1-ാംനു സഘോഷം കൊണ്ടാടപ്പെട്ടു. കേന്ദ്രസമിതിയുടെ കാര്യാലോചനയോഗം കാലത്തു സ്ഥിരാദ്ധ്യക്ഷൻ ശ്രീ ജെ. പെട്ടയുടെ അദ്ധ്യക്ഷതയിലും പ്രതിനിധികളുടെ യോഗം ഉച്ചതിരിഞ്ഞു് ആത്മീയോപദേഷ്ടാവും വെ. റവ. ഫാ. പോൾ കാക്കശേരിയുടെ അദ്ധ്യക്ഷതയിലും നടത്തപ്പെട്ടു. പൊതുയോഗം തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ എം. ടി. ജോസഫ് ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.




### ഇഞ്ചിയപ്പം

(കുടുംബിനി)

ഒരു റാത്തൽ അമേരിക്കാമാവു്, കാൽറാത്തൽ പഞ്ചസാര, മൂന്നു കോഴിമുട്ട, ഒരു തുടം തേൻ, ഒരു കഷണം ഇഞ്ചി, കുറേ ഉപ്പ്, ഏലത്തരി പൊടിച്ചതും.

അമേരിക്കാമാവു അരിച്ചെടുത്തു് കോഴിമുട്ട, പഞ്ചസാര, തേൻ, ഏലത്തരിയുടെ പൊടി, അല്പം ഉപ്പ് ഇവയെല്ലാംകൂട്ടികുഴയ്ക്കുക. ഇഞ്ചി മൊരികളഞ്ഞു വളരെ ചെറുതായി അരിഞ്ഞെടുത്തു് മേല്പറഞ്ഞ മാവിൽ വിതറി വീണ്ടും കുഴയ്ക്കുക. പിന്നീടു് ഒരു പാത്രത്തിൽ വെളിച്ചെണ്ണ അടുപ്പത്തുവച്ചു് തിളയ്ക്കുമ്പോൾ കുഴച്ചുവച്ചിരിക്കുന്ന മാവു് കുറേശെ എടുത്തു് പരിപ്പുവടപോലെ പരത്തി അതിലിട്ടു് മഞ്ഞനിറമാകുമ്പോൾ കോരിയെടുക്കുക.

## ഫാത്തിമാമാതാവിന്റെ പ്രതിമ

ലോകമെങ്ങും തീർത്ഥാടനംചെയ്തുകൊണ്ടിരിക്കുന്ന ഫാത്തിമാമാതാവിന്റെ പ്രതിമ അടുത്ത നവംബർമാസത്തിൽ ഗോവായിലെത്തുന്നതാണെന്നു ഗോവാ പാത്രിയർക്കീസ് പ്രസ്താവിച്ചിരിക്കുന്നു. നാളിതുവരെ 45 മെത്രാന്മാർ മാതാവിന്റെ പ്രതിമ തങ്ങളുടെ രൂപതയിലേക്കു കൊണ്ടുവരുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. വിശുദ്ധവത്സരത്തിന്റെ അവസാനത്തിൽ, 1950 ഡിസംബർ 8-ാം നു പ്രസ്തുത പ്രതിമ പരിശുദ്ധപിതാവിനു സമ്മാനിക്കുന്നതാണ്.


എല്ലാനിറത്തിലും സാററിൻ സിൽക്കിൽ

മുത്തുക്കുടകൾ തയ്യാറുണ്ടു്

കൊളമ്പോ സാരിവക്ക്സ്, ബ്രോഡ്‌വേ, എറണാകുളം

# കാലത്തിന്റെ വൈപരീത്യം തന്നെ, സംശയമില്ല.

(Very Rev Fr· Abraham Marath)

"കണ്ണുണ്ടായിട്ടും കാണുന്നില്ല; ചെവിയുണ്ടായിട്ടും കേൾക്കുന്നില്ല."
(സങ്കീ. 134, 17; മർക്കോസ് 8, 18)

മലങ്കരസഭാമാസിക ഞാൻ സാധാരണ വായിക്കാറില്ല. എന്നാൽ യാദൃച്ഛികമായി ഈ കഴിഞ്ഞ മീനംലക്കം കാണുന്നതിനും വായിക്കുന്നതിനും ഇടയായി. അതിൽ "സത്യദീപ"ത്തിന്റെ കുംഭം 19-ാംനു- ലക്കത്തിലെ ഒരു ലേഖനത്തെ വിമർശിച്ചുകൊണ്ടു "വലിപ്പത്തിന്റെ ദാർഢ്യമോ, കാലത്തിന്റെ വൈപരീത്യമോ? എന്ന ചോദ്യരൂപേണ ഒരു കുറിപ്പുകണ്ടു. അതു വായിച്ചപ്പോൾ മേലുദ്ധരിച്ച വേദവാക്യമാണു എന്റെ മനസ്സിൽ ഉദിച്ചതു്. യാക്കോബായ സഭയിലെ പുരോഹിതന്മാരോടും പ്രമാണികളായ അൽമേനികളോടും അടുത്തു പെരുമാറുന്ന ഏവരിലും ഈ വാക്യംതന്നെ ഉദയംചെയ്യാതിരിക്കയില്ല. സത്യം അറിഞ്ഞിട്ടും, കണ്ടു് അനുഭവപ്പെട്ടിട്ടും അതിനെ അവഗണിച്ചുള്ള ഇവരുടെ പോക്കു് ആരെയും അത്ഭുതപ്പെടുത്താതിരിക്കയില്ല. മലങ്കരസഭാമാസികയിലെ ലേഖനത്തിന്റെ കർത്താവിനു് "വെളിവു്" അശേഷമില്ലെന്നു തോന്നുന്നു. സുറിയാനിസഭയുടെ പൂർവ്വികവും ചരിത്രപരവുമായ പേരു് ഓർത്തഡോക്സ് സഭ (തീസ്സായിശ്ശുബഹൊ) എന്നാണെന്നും യാക്കോബായസഭ എന്ന പേരു റോമ്മാക്കാർ ആക്ഷേപമായി വിളിച്ച പേരാണെന്നും ഇനിയുമെങ്കിലും റോമ്മാക്കാർ മനസ്സിലാക്കിയാൽ കൊള്ളാം എന്നും ഒരുപദേശം അതിൽ കാണുന്നു.

"തീസ്സായിശ്ശുബഹൊ" എന്ന പേരു ഇത്ര പൂർവ്വികവും ചരിത്രപ്രധാനവും നല്ലതും ആയിരുന്നെങ്കിൽ ഈ റോമ്മാക്കാർ വിളിച്ച പേരു്, അതെ ആക്ഷേപമായി വിളിച്ച പേരു്, മാന്യമായി സ്വീകരിച്ചു്, മലങ്കരയാക്കോബായസഭ, മലങ്കരയാക്കോബായ സുറിയാനിക്കാരുടെ നമസ്കാരക്രമം, എന്നെല്ലാം ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു എന്തിനാണു്? റോമ്മാക്കാർ ഈ പേരു് എന്നാണു നിങ്ങൾക്കു് ഇട്ടതു്? അതു നിങ്ങൾ എന്തിനാണു സ്വീകരിച്ചതു്? ചരിത്രപടുവായ ലേഖനകർത്താവു് അതൊന്നു ചൂണ്ടിക്കാണിച്ചുതന്നാൽ ഉപകാരം.

യാക്കോബായസഭയുടെ ചോദ്യോത്തരപുസ്തകത്തിലും അതിലെ കുർബാനക്രമത്തിലും രേഖപ്പെടുത്തിയിരിക്കുന്ന സത്യം ഈ ലേഖകന്റെ വെളിവുകേടു് വ്യക്തമായി വെളിപ്പെടുത്തുന്നു. "യാക്കോബായസഭയുടെ മേലദ്ധ്യക്ഷൻ ആരു്? അന്തിയോക്കിയായുടെ സിംഹാസനത്തിൽ വാഴുന്ന മോറാൻമോർ ഇഗ്നാത്തിയോസ് ബാവാ" എന്നും കുർബാനക്രമത്തിൽ കുർബാനമദ്ധ്യത്തിൽ ഉപയോഗിക്കുന്ന അഞ്ചാം തുബ്ദേനിൽ "യാക്കോബ് ബുർദാനയുടെ നാമത്തിൽ നാം യാക്കോബായക്കാർ എന്നു വിളിക്കപ്പെടുന്നു"വെന്നും സമ്മതിച്ചു് സത്യം ചെയ്തു് ആമ്മീൻ പറഞ്ഞുകൊണ്ടിരിക്കെ "റോമ്മാക്കാരു"ടെ തലമേൽ അതു കെട്ടിവയ്ക്കുവാൻ ശ്രമിക്കുന്നതു എന്തിനു്?

വിശ്വാസസംബന്ധമായും ചരിത്രപരമായും ഉള്ള പല സത്യങ്ങൾ വി. കുർബാനയുടെ മദ്ധ്യത്തിൽ സമ്മതിച്ചുപറയുന്നതിനെ രേഖാമൂലമായും വാക്കു്മൂലമായും നിഷേധിക്കുന്ന ഈ പുരോഹിതന്മാരുടെ വെളിവുകേടു് എത്ര വലുതാണെന്നു് മാന്യ വായനക്കാർ ചിന്തിച്ചുനോക്കണം. ശ്ലീഹന്മാരുടെ തിരുനാൾദിവസം, സുവിശേഷവേലയ്ക്കായി ശ്ലീഹന്മാർ പുറപ്പെട്ടപ്പോൾ ചീട്ടിയിട്ടുവെന്നും ചീട്ടിക്രമം അനുസരിച്ചു് തോമ്മാ ഇൻഡ്യയിലേക്കും കേപ്പാ റോമ്മിലേക്കും പോയി എന്നും പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിവസം, വീച്ചുകാരനായ ശെമഊനെ നമ്മുടെ കർത്താവു വീശിപ്പിടിച്ചു, അവൻ അവന്റെ വലയെ റോമ്മായിൽ വീശി സിംഹത്തിനു സദൃശമായിരുന്ന അതിനെ കുഞ്ഞാടിനു സദൃശമാക്കി, വിഗ്രഹാർപ്പിതങ്ങളായ സകലത്തേയും നീക്കി, കർത്താവിന്റെ സ്ലീബാ അവിടെ നാട്ടി, അതിനെ ആരാധിക്കുന്നവളായി അതിനെ ആക്കിത്തീർത്തുവെന്നും കുർബാനയുടെ മദ്ധ്യത്തിൽ ഏവൻഗേലിയോൻ വായിച്ചുകഴിയുന്ന ഉടനെയുള്ള ഗീതത്തിൽ സമ്മതിച്ചു പറയുന്ന പുരോഹിതന്മാരും പുരോഹിതശ്രേഷ്ഠന്മാരും അതിനു വിപരീതമായി, ആ സത്യങ്ങളെ നിഷേധിച്ചു്, പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നും സഭ സ്ഥാപിച്ചിട്ടില്ലെന്നും പ്രസംഗിക്കുകയും എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്നതു് വെളിവുകേടുകൊണ്ടല്ലയോ എന്നു വായനക്കാർ ചിന്തിച്ചുനോക്കട്ടെ.

പോരെങ്കിൽ വട്ടിപ്പണം എന്നു പറഞ്ഞു് 800 രൂപാ പലിശ വാങ്ങിക്കാൻ ദിവസേന രണ്ടായിരം മൂവായിരം രൂപാവരെ ചെലവുചെയ്തു് 8 ലക്ഷം 10 ലക്ഷം രൂപാ നശിപ്പിച്ചു് ഇന്നും നിരാശയിൽ കഴിച്ചുകൂട്ടുന്നതു വെളിവുകേടിന്റെ ഒന്നാന്തരം ഒരു തെളിവല്ലയോ എന്നും വായനക്കാർ ചിന്തിച്ചുനോക്കട്ടെ.

1928-ൽ മാർ ബസ്സേലിയോസ് പ്രഥമനാൽ കോട്ടയത്തു സ്ഥാപിക്കപ്പെട്ട സഭയിലെ മേല്പട്ടക്കാരേയും പട്ടക്കാരേയും അത്മേനികളേയും തട്ടിയെടുക്കുവാൻ റോമ്മാക്കാർ ചെയ്യുന്ന സാഹസങ്ങൾ സാധാരണക്കാർക്കു സുഗ്രാഹ്യമായിരിക്കുന്നില്ല. റോമ്മാസഭയുടെ വലിപ്പത്തിന്റെ ദാർഢ്യംകൊണ്ടോ കാലവൈപരീത്യംകൊണ്ടു തന്നത്താൻ മറന്നിട്ടോ ചെയ്യുന്ന ഒരു സാഹസകൃത്യമായിട്ടേ അതെപ്പറ്റി ചിന്തിക്കുവാൻ വഴികാണുന്നുള്ളു—ഇങ്ങനെ ലേഖനം അവസാനിപ്പിക്കുന്നു.

ഇതു കാലവൈപരീത്യംതന്നെ. അല്ലെങ്കിൽ യേശുമിശിഹായുടെ സഭ കോട്ടയത്തു "സ്ഥാപിക്കു"മോ? അവിടെ സ്ഥാപിച്ചാൽ അതിലെ മേല്പട്ടക്കാരും പട്ടക്കാരും അവിടെ നില്ക്കുമോ? കുർബാന അർപ്പിക്കുന്ന മേല്പട്ടക്കാരും പട്ടക്കാരും സത്യംഗ്രഹിക്കുമ്പോൾ, അതെ വെളിവു വരുമ്പോൾ അവിടെനിന്നു പോകാതിരിക്കുമോ?

ഇതൊക്കെയല്ലയോ സാഹസകൃത്യങ്ങൾ? ഇതു ചെയ്തതും ചെയ്യുന്നതും റോമ്മാക്കാർ എന്നു നിങ്ങൾ പറയുന്നവരാണോ?

അതിനാൽ സാഹസപ്രവൃത്തികൾ ചെയ്യുന്നതു മലങ്കരസഭയും കൂട്ടരുമാണെന്നു ചിന്തിച്ചാൽ കാലക്കേടു നീങ്ങിക്കൊള്ളും എന്നു് ലേഖകൻ അറിഞ്ഞാൽ കൊള്ളാം.

പത്രോസ് മണ്ടനാണു്. സഭ 1928-ൽ മാർ ബസ്സേലിയോസ് കോട്ടയത്തു സ്ഥാപിച്ചതാണു്; നമ്മുടെ സഭ യാക്കോബായ അല്ലാ തീസ്സായിശ്ശുബഹൊ, ആണു്; വട്ടിപ്പണത്തിലെ വട്ടി നമുക്കും, പണം അവർക്കും; ഇങ്ങനെയൊക്കെ പറയുകയും സാഹസങ്ങൾ കാണിക്കുകയും ചെയ്യുന്തോറും കാലങ്ങളും മാറും, അനേകർ റോമ്മാക്കാരുടെ കൂട്ടത്തിൽ ചേരുകയും ചെയ്യും. അടുത്തുതന്നെ ഒന്നുരണ്ടു വൈദികരും പല കുടുംബങ്ങളും ചേരുവാൻ ഒരുങ്ങിവരുന്നുമുണ്ടു്.

ഇതു ദൈവത്തിന്റെ വേലയാണു് എന്നു ലേഖനകർത്താവും കൂട്ടരും ധരിക്കണം. ശീശ്മക്കാർക്കു വേണ്ടി തിരുസ്സഭയിൽ നിരന്തരമായി ഒരു പ്രാർത്ഥന നടക്കുന്നതു ലേഖകൻ അറിഞ്ഞിരുന്നാൽ കൊള്ളാം. അതിലെ ഒരു ഭാഗം താഴെ ചേർക്കുന്നു: "വെളിവും മനോധൈര്യവും കൊടുക്കണമെ." കത്തോലിക്കാസഭയിൽ ചേരുന്നവർക്കു വെളിവും മനോധൈര്യവും കർത്താവു കൊടുക്കുന്നുണ്ടു്. അതിന്റെ ഫലമായിട്ടാണു് ഇന്നത്തെ പുനരൈക്യപ്രസ്ഥാനം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നതു്. അതിനാൽ ലേഖനകർത്താവിനും കൂട്ടർക്കും വെളിവു കൊടുക്കണമെയെന്നു് ഈയുള്ളവർ പ്രാർത്ഥിക്കുന്നു.

പുസ്തകാഭിപ്രായം

## ഗലിലേയന്റെ സേനയിൽ

(പരിഭാഷകൻ: പി. റ്റി. തോമസ്, ബി. എ. ബി. ഒ. എൽ., എസ്. എച്ച്. ലീഗ്, ആലുവാ. പേജ് XVII + 464 വില. 3 ക. 8 ണ.)

"കേരളീയർ അറിയാത്ത ഒരു മഹാൻ" എന്ന തലക്കെട്ടിൽ ആർനോൾഡ് ലണ്ണിനെ പരാമർശിച്ചു് റവ. പി. റ്റി. തോമസ് ബി. എ., ബി. ഒ. എൽ. കുംഭം 19-ാംനു- സത്യദീപത്തിൽ എഴുതിയിരുന്ന ലേഖനം വായനക്കാർ ഓർക്കുമല്ലോ. ആർനോൾഡ് ലൺ സ്വമാനസാന്തരത്തെ അധികരിച്ചു് വിരചിച്ച Now I See എന്ന സുപ്രസിദ്ധഗ്രന്ഥത്തിന്റെ മലയാളവിവർത്തനമാണു് "ഗലിലേയന്റെ സേനയിൽ" എന്ന പുസ്തകം. 1933-ലാണു് മി. ലൺ കത്തോലിക്കാസഭയിൽ പ്രവേശിച്ചതു്. Now I See എന്ന കൃതിയും ഏറെനാൾ കഴിയുന്നതിനുമുമ്പു പ്രസിദ്ധീകൃതമായി. ആദ്യത്തെ കൊല്ലത്തിൽത്തന്നെ അതിനു ആറു പതിപ്പുകൾ വേണ്ടിവന്നുവെന്നു പറയുമ്പോൾ, പൊതുജനങ്ങൾ അതിനു നല്കിയ സ്വീകരണം എപ്രകാരമുള്ളതായിരുന്നുവെന്നു ഊഹിക്കാമല്ലോ. എന്നിട്ടും പതിനഞ്ചു കൊല്ലം കഴിയേണ്ടിവന്നു അതിന്റെ ഒരു മലയാളവിവർത്തനം പ്രസിദ്ധപ്പെടുത്തുവാൻ എന്നതു ശോചനീയംതന്നെ. ഇപ്പോഴെങ്കിലും തൽകൃത്യം നിർവ്വഹിക്കപ്പെട്ടതിൽ നമുക്കു ചാരിതാർത്ഥ്യമടയുകയും വിവർത്തകനോടു് നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ പരിജ്ഞാനമുള്ള ബ. പരുവനാനി അച്ചനാണു പരിഭാഷകൻ എന്നറിയുമ്പോൾ, പരിഭാഷയുടെ ഗുണവിശേഷങ്ങളെപ്പറ്റിയൊന്നുംതന്നെ പറയേണ്ടതില്ല. കഠിനപദപ്രസക്തികൂടാതെ, മൂലത്തിലെ ആശയം ലളിതകോമളവും നിർദ്ദോഷവുമായ ഭാഷയിൽ അദ്ദേഹം പ്രകാശിപ്പിച്ചിരിക്കുന്നു. വിവർത്തനത്തിലെ ഭാഷാരീതിയെപ്പറ്റി പണ്ഡിതനായ ഐ. സി. ചാക്കോ അവർകൾ അഭിപ്രായപ്പെട്ടിരിക്കുന്നതു ഇപ്രകാരമാണു്: "ഈ വിവർത്തനം ലളിതവും പ്രസന്നവുമായിരിക്കുന്നു. മലയാളഭാഷയുടെ പ്രയോഗത്തിൽ വിവർത്തകനു പ്രശസ്യമായ പാടവമുണ്ടെന്നു സ്പഷ്ടമാണു്. ഞാനിതു വായിച്ചുനോക്കിയതിൽ വിവക്ഷിതമായ അർത്ഥത്തെക്കുറിച്ചു എനിക്കു ഒരിക്കലും സന്ദേഹമുണ്ടായില്ല. ഒരു ഗ്രന്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ള ഒരു ഗുണമാണിതു്. വിവർത്തകന്റെ ഭാഷാശൈലിയും കമനീയമായിരിക്കുന്നു."

വേദശാസ്ത്രവിശാരദനായ വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി അവതാരികയിൽ പ്രസ്താവിച്ചിരിക്കുംവണ്ണം, കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗമനത്തിനു് ഏററവും ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണിതു്. Tolle et lege (എടുത്തുവായിക്കുക) എന്നാണു് കേരളത്തിലെ അകത്തോലിക്കാക്രിസ്ത്യാനികളോടു ഞങ്ങൾക്കു പറവാനുള്ളതു്. ന്യൂമൻ, ചെസ്റ്റർട്ടൺ, നോക്സ്, മാർട്ടിൻഡേൽ, ഫ്റാൻസിസ് ഡഡ്ലി ആദിയായ മഹാരഥന്മാരെപ്പോലെ അജ്ഞാനത്തിന്റേയും സന്ദേഹത്തിന്റേയും ദുരന്തദുർഗ്ഗത്തിൽനിന്നും വിജ്ഞാനത്തിന്റേയും വിശ്വാസത്തിന്റേയും സൗഭാഗ്യസാമ്രാജ്യത്തിലേക്കു പ്രയാണംചെയ്ത ആർനോൾഡ് ലണ്ണിന്റെ ആത്മാർത്ഥത കവിഞ്ഞൊഴുകുന്ന ആത്മകഥാകഥനം നിർമ്മത്സരബുദ്ധിയോടെ വായിക്കുവിൻ. അപ്പോൾ കത്തോലിക്കാസഭയ്ക്കെതിരായി മുൻവിധി കെട്ടിപ്പടുത്തിട്ടുള്ള കരിങ്കൽകോട്ടകൾ, ജെറിക്കോയുടെ മതിലുകൾക്കണക്കെ, സ്വയം തകർന്നുവീഴാതിരിക്കയില്ല. "ഒന്നെനിക്കറിയാം—ഞാൻ കുരുടനായിരുന്നു; എന്നാൽ ഇപ്പോൾ എനിക്കു കാഴ്ച ലഭിച്ചിരിക്കുന്നു" (യോഹ. XI, 25) എന്നു പറഞ്ഞ ആ ഭിക്ഷുവിന്റെ വാക്കുകളെ ആവർത്തിച്ചുകൊണ്ടു്, "Now I see" എന്നു വിനയസമന്വിതം പ്രഖ്യാപിക്കുവാനുള്ള സന്നദ്ധത ആർനോൾഡ് ലണ്ണിനുണ്ടായി. താദൃശമായ സന്നദ്ധതയും ഹൃദയവിശാലതയും സത്യാന്വേഷകർക്കേവർക്കും ഉണ്ടാകണമെന്നേയുള്ളു.

ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നതോടൊപ്പം ഗ്രന്ഥകാരന്റെ വിദഗ്ദ്ധതൂലിക അവിശ്രമം വേലചെയ്യുന്നതിനു ജഗദീശൻ ഇടയാക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(ആർനോൾഡ് ലൺ പ്രസ്തുത ഭാഷാവിവർത്തനത്തിനു എഴുതിക്കൊടുത്തിരിക്കുന്ന മുഖവുര അടുത്തുതന്നെ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്. പത്രാധിപർ)

## ഹിന്ദിശിക്ഷക്

(ഗ്രന്ഥകർത്താ: പണ്ഡിററു് സി. വി. ജോസഫ് ആർ. ബി. വി. പി. എച്ച്. പി. മംഗളോദയം പ്രസ്സ്, തൃശ്ശൂർ. വില. 8 ണ)

രാഷ്ട്രഭാഷാപ്രചാരണവിഷയത്തിൽ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ത്യാഗസമ്പന്നനും യുവപണ്ഡിതനുമായ ശ്രീ ജോസഫ് അവർകളാൽ വിരചിതമായ ഒരു ലളിതബാലപാഠമാണു് "ഹിന്ദിശിക്ഷക്". ദീർഘനാൾ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു് പരിചയം സമ്പാദിച്ചിട്ടുള്ള ശ്രീജോസഫ്, ആർക്കും എളുപ്പം ഹിന്ദി പഠിക്കത്തക്കവിധം ഈ പ്രകാരം ഒരു പുസ്തകം പ്രസിദ്ധീകരിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. അദ്ധ്യേതാക്കളിൽ ഭാഷാഭ്യസനത്തോടുകൂടിത്തന്നെ വ്യാകരണജ്ഞാനവുമുണ്ടാകത്തക്കവിധത്തിൽ ഔചിത്യപൂർവ്വം ലിംഗം, വചനം, കാലം ഇവയെക്കുറിച്ചു പ്രാരംഭപാഠങ്ങൾ ചേർത്തിരിക്കുന്നതു് അഭിനന്ദനാർഹംതന്നെ. മുപ്പതു പാഠങ്ങൾ ഉൾക്കൊള്ളുന്ന ഈ ചെറുപുസ്തകം ശ്രദ്ധാപൂർവ്വം പഠിക്കുന്ന ആൾക്കു് സുലളിതമായ ഹിന്ദിയിൽ ആശയവിനിമയംചെയ്യുവാനുള്ള കഴിവു സമ്പാദിക്കാവുന്നതാണു്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും ഇതൊരു പാഠ്യപുസ്തകമായി കാണുവാനുള്ള ആഗ്രഹം രേഖപ്പെടുത്തുകയും ചെയ്യുന്നു.

## കർദ്ദിനാൾ മിൻസെന്തി

(ഒന്നാം ഭാഗം)

(Is· S· J· Pattanakad)

"സി. എൽ. സി. പി."യുടെ ആഭിമുഖ്യത്തിൽ പട്ടണക്കാട്ടുനിന്നും പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന പ്രതിമാസപുസ്തകങ്ങളുടെ പ്രഥമലക്കമാണു് പ്രകൃതഗ്രന്ഥം. മതപീഡനചരിത്രത്തിൽ ഒരു നവീനാദ്ധ്യായം രചിച്ച ഹംഗേറിയൻ ഗവമ്മെൻറിന്റെ മർദ്ദനനടപടികളേയും അവയ്ക്കു വിധേയനാക്കപ്പെട്ട കർദ്ദിനാൾ മിൻസെന്തിയുടെ വ്യക്തിവിലാസത്തേയും മററും പററിയുള്ള വിവിധവിവരങ്ങൾ അടങ്ങിയ ഈ ഗ്രന്ഥം അവസരോചിതമായിരിക്കുന്നു. "കർദ്ദിനാൾ മിൻസെന്തി"ക്കും "സി. എൽ. സി. പി"ക്കും സർവ്വവിജയങ്ങളുമാശംസിക്കുകയും "മിൻസെന്തി രണ്ടാംഭാഗ"വും വേഗം പ്രസിദ്ധപ്പെടുത്തണമെന്നു ഭാരവാഹികളോടു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

---

## കാനഡയിൽനിന്നു്

കാനഡയിൽനിന്നുതന്നെ നൂറിൽപ്പരം തീർത്ഥയാത്രാസംഘങ്ങൾ വിശുദ്ധവത്സരത്തിൽ റോം സന്ദർശിക്കാനിടയുണ്ടു്.

## എൻജിനിയർക്കു സിദ്ധപദം

1943-ൽ നിര്യാതനായ സ്പാനിഷ് റെയിൽവേ എൻജിനിയർ, ഇസിദോരൊ സൊർസാനൊ എന്ന ദേഹത്തെ സിദ്ധൻ എന്നു നാമകരണംചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ബുവെനോസ് അയേഴ്സ് എന്ന സ്ഥലത്തു 1902-ൽ ജാതനായ ഇദ്ദേഹം ആദ്യം ആൻഡലൂസിയൻ റെയിൽവേയിലും പിന്നീടു് മാഡ്റിഡിലെ റെയിൽവേയിലും ജോലിനോക്കിയിട്ടുണ്ടു്. കീഴുള്ള ജോലിക്കാരുടെ സംതൃപ്തിയിലും അഭിവൃദ്ധിയിലും ഇദ്ദേഹം അതീവതാല്പര്യം പ്രദർശിപ്പിക്കയും താദൃശപ്രേഷിതവൃത്തിവഴി സ്വയം വിശുദ്ധീകരിക്കാൻ ശ്രമിക്കയും ചെയ്തുവന്നു.

പ്രഭാഷണം

# എന്തുകൊണ്ടു ഫലപ്രദമല്ല?

"നിങ്ങൾ വചനം പ്രവർത്തിക്കുന്നവരായിരിക്കുവിൻ; അല്ലാതെ കേൾവിക്കാർ മാത്രമായിരിക്കരുതു്. നിങ്ങളെത്തന്നെ നിങ്ങൾ വഞ്ചിക്കയുമരുതു്. ഒരുവൻ വചനം പ്രവർത്തിക്കുന്നവനാകാതെ; അതു കേൾക്കുന്നവൻമാത്രമായിരുന്നാൽ, അവൻ കണ്ണാടിയിൽ തന്റെ മുഖം കണ്ടവനോടു് സദൃശനാകുന്നു. അവൻ തന്നെത്തന്നെ കണ്ടു; കടന്നുപോയി; എപ്രകാരമായിരുന്നുവെന്നു മറന്നുംപോയി. സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ നിയമത്തെ നോക്കിക്കണ്ടിട്ടു് അതിൽ നിലനില്ക്കുന്ന ഏവനും മാക്കുന്ന കേൾവിക്കാരനല്ല, പ്രവൃത്തികൾ ചെയ്യുന്നവനാകുന്നു. അവൻ തന്റെ പ്രവൃത്തിമൂലം ഭാഗ്യവാനായിത്തീരും. ഒരുവൻ ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നുവെന്നു വിചാരിക്കയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കയും ചെയ്യുന്നെങ്കിൽ അവന്റെ ശുശ്രൂഷ വ്യർത്ഥമാകുന്നു. അനാഥരേയും വിധവകളേയും അവരുടെ ഞെരുക്കങ്ങളിൽ സന്ദർശിക്കുകയും, ഒരുവൻ ലോകത്തിൽനിന്നു് തന്നെത്തന്നെ കളങ്കമില്ലാതെ കാത്തുകൊള്ളുകയും ചെയ്യുന്നതാകുന്നു പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നിർമ്മലവും പരിശുദ്ധവുമായ ശുശ്രൂഷ." (ഉയിർപ്പു് 5-ാം ഞായർ; ലേഖനം: യാക്കോ. I, 22—27)

ഹൈന്ദവരാദിയായ മററു മതാനുയായികളെ അപേക്ഷിച്ചു നോക്കുമ്പോൾ കത്തോലിക്കർ മതപ്രസംഗങ്ങളുടേയും ആദ്ധ്യാത്മികോപദേശങ്ങളുടേയും അനുസ്യൂതമായ പ്രവാഹത്തിൽ നീന്തിക്കുളിക്കുന്നവരാണു്; ആദ്ധ്യാത്മികഭക്ഷണം വിഭവവൈവിധ്യങ്ങളോടുകൂടി മതിവരെ അനുഭവിക്കുന്നവരാണു്; ദിവ്യസൂക്തികൾ ഇടതടവെന്യേ ആഞ്ഞടിക്കുന്നതിനാൽ ചെവികൾ തഴമ്പിച്ചവരാണു്. ഞായറാഴ്ചപ്രസംഗങ്ങൾ, തിരുനാൾപ്രസംഗങ്ങൾ, ധ്യാനപ്രസംഗങ്ങൾ, ഭക്തസഖ്യങ്ങളിലെ ഉപദേശങ്ങൾ, കുമ്പസാരവേളയിലെ ഉപദേശങ്ങൾ, പ്രസംഗമഹായോഗങ്ങൾ എന്നിങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെ ദൈവവചനം പ്രസരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ആനുപാതികമായ ഫലസമൃദ്ധിയും തജ്ജന്യമായ ജീവിതപരിശുദ്ധിയും ചൈതന്യപ്രകർഷവും അവരിൽ കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. "തന്നിൽ നിപതിക്കുന്ന മഴവെള്ളം മുഴുവനും കുടിക്കുന്ന ഭൂമി മുള്ളുകളും കണ്ടകങ്ങളുമാണു പുറപ്പെടുവിക്കുന്നതെങ്കിൽ അതു പരിത്യജിക്കപ്പെടുന്നു, ശാപത്തെ സമീപിക്കുന്നു, അവസാനം ദഹിപ്പിക്കപ്പെടുന്നു" എന്നുള്ള വി. ശ്ലീഹായുടെ മുന്നറിയിപ്പിനെ നാം അവഗണിക്കരുതു്. അപ്പസ്തോലികകാലത്തു ദൈവവചനം വളരെ ഫലസമൃദ്ധമായിരുന്നു; ആയിരക്കണക്കിനു മാനസാന്തരങ്ങളും ജീവിതനവീകരണങ്ങളും അക്കാലത്തു സംഭവിച്ചു. ഇന്നും ദൈവവചനത്തിന്റെ ഫലദായകശക്തി കുറഞ്ഞിട്ടില്ല. പക്ഷെ, പറയത്തക്ക ഫലസിദ്ധിയുണ്ടാകുന്നില്ലെങ്കിൽ അതിനുള്ള കുററം ആരിലായിരിക്കണം? വിത്തു ഒന്നുതന്നെ; എന്നാൽ നിലത്തിന്റെ വളക്കൂറിൽ വലിയ അന്തരം വന്നിട്ടുണ്ടായിരിക്കണം. ഇതിനുള്ള കാരണങ്ങൾ സംക്ഷിപ്തമായി ആരാഞ്ഞുനോക്കാം.

പ്രാസംഗികനെപ്പററിയുള്ള ചില മുൻവിധികളോടുകൂടിയായിരിക്കും ചിലർ പ്രസംഗം ശ്രവിക്കുന്നതു്. ആ വൈദികനു വ്യക്തിവിലാസമില്ല; പരിഷ്കൃതസമ്പ്രദായങ്ങൾ അറിഞ്ഞുകൂടാ; വാഗ്മിത്വത്തിന്റെ കണികപോലുമില്ല; വിക്കിവിക്കി സാവധാനത്തിൽ എന്തൊക്കെയോ പറയുന്നു; ചെറുപ്പമാണു്; ലോകകാര്യങ്ങളിൽ അപരിചിതനാണു്; സമുദായത്തിൽ അധഃസ്ഥിതമായ തറവാട്ടിൽ പെട്ടവനാണു്—ഇങ്ങനെ പോകുന്നു ഈ മുൻവിധികൾ. ഗോലിയാത്തു ദാവീദിനെ കണ്ടപ്പോൾ പറഞ്ഞതുപോലെ, ഈ യുവവൈദികൻ തന്റെ കല്ലും കവണിയും കൊണ്ടു പണ്ഡിതരാക്ഷസനായ എന്നെ തോല്പിക്കാമെന്നു വിചാരിക്കുന്നോ? എന്നു അവർ പറഞ്ഞുപോകാം. ക്രിസ്തുവിനും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. "ഇവൻ ഒരാശാരിയല്ലേ? മറിയത്തിന്റെ മകനല്ലേ? യാക്കോബിന്റെയും യൗസേപ്പിന്റെയും സഹോദരനല്ലേ?" എന്നിങ്ങനെ ക്രിസ്തുവിന്റെ കേൾവിക്കാരിൽ ചിലർ പുച്ഛരസത്തിൽ പറയുകയുണ്ടായി. കൊറിന്തിൽവെച്ചു് ചിലർ വി. പൗലോസിനെപ്പററി ഹ്രസ്വകായനെന്നും സംസാരത്തിൽ നികൃഷ്ടനെന്നും പരിഹസിക്കയുണ്ടായി. ദിവ്യവചനം ഫലപ്രദമാകണമെങ്കിൽ ശ്രോതാവു് പ്രാസംഗികനുമായി യോജിച്ചു് സഹാനുഭൂതിയിൽ വർത്തിക്കണം. "ഇതു എന്റെ പ്രിയ പുത്രനാകുന്നു; ഇവനെ ചെവിക്കൊള്ളുവിൻ" എന്നു താബോർ മലയിൽവെച്ചു് പിതാവു് സാക്ഷ്യം നൽകിയതുപോലെ പ്രസംഗിക്കുന്ന വൈദികനെപ്പററിയും ദൈവം അരുളിച്ചെയ്യുന്നതായി സങ്കല്പിക്കണം; തജ്ജന്യമായ ബഹുമാനാദരവുകളും ആത്മാർത്ഥമായുണ്ടായിരിക്കണം.

അമേരിക്കയിലെ ചീഫ്ജസ്റ്റിസായിരുന്ന ടാനി (Taney) എന്ന മഹാൻ മതകർമ്മാനുഷ്ഠാനങ്ങളിൽ വളരെ ഉത്സുകനായിരുന്നു. ലോകത്തിലെ നിയമപണ്ഡിതന്മാരിൽ അദ്വിതീയസ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ മഹാപണ്ഡിതന്റെ മുമ്പിൽവെച്ചു് പ്രസംഗിക്കുവാൻ ഒരു യുവവൈദികൻ സങ്കോചവും ഭയവും പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി പ്രത്യേകം ശ്രദ്ധേയമാണു്: "ഞാൻ എല്ലായ്പോഴും ദൈവത്തിന്റെ അഭിഷിക്തനെ ശ്രദ്ധയോടും ബഹുമാനത്തോടുംകൂടി ശ്രവിക്കുന്നു. ക്രിസ്തുവിനെ പുകഴ്ത്തുകയും പുണ്യത്തെ പ്രകീർത്തിക്കയും ചെയ്യുന്ന ഏതൊരു പ്രസംഗവും ഞാൻ നല്ലതായി പരിഗണിക്കുന്നു. യഥാർത്ഥത്തിൽ, എന്റെ ജീവിതകാലത്തിൽ ഒരു മോശമായ പ്രസംഗം ഞാൻ ഇതേവരെ കേട്ടിട്ടില്ല." എലിയാസ് ദീർഘദർശിയെ ഒരു മാലാഖ അപ്പംകൊടുത്തു പരിപോഷിപ്പിച്ചു. വനവാസിയായ വി. പൗലോസിനെയാകട്ടെ ഒരു കാക്കയാണു് അപ്പം നൽകി പരിപോഷിപ്പിച്ചതു്. മാലാഖയും കാക്കയും തമ്മിൽ ദുസ്തരമായ വ്യത്യാസമുണ്ടല്ലോ. എന്നാൽ അവർ നൽകിയ അപ്പം രണ്ടും ഒന്നുപോലെ പോഷകങ്ങളായിരുന്നുവെന്നുള്ളതിൽ സംശയമില്ല. ഇതുപോലെതന്നെ ആദ്ധ്യാത്മികഭക്ഷണമായ ദൈവവചനവും ഒരു ദൈവദൂതൻ പ്രസംഗിച്ചാലും ദൈവശുശ്രൂഷികളിൽ ഏററം നിസ്സാരനായ ഒരു വൈദികൻ പ്രസംഗിച്ചാലും രണ്ടും പോഷണദായകമാണു്. ദൈവവചനത്തോടു ബഹുമാനവും അഭിനിവേശവും തോന്നുന്ന ഒരു ശ്രോതാവിനു് ഒരു പ്രസംഗവും വിരസമായിത്തോന്നുകയില്ല. നല്ല വീഞ്ഞാണു് വിളമ്പുന്നതെങ്കിൽ അതു സ്വർണ്ണത്തളികയിലാണോ ഈയപ്പാത്രത്തിലാണോ എന്നു പരിശോധിക്കേണ്ട ആവശ്യമില്ലല്ലോ.

ദൈവവചനം ചിലർ സന്മനസ്സോടെ ശ്രവിക്കുന്നു; വളരെ നല്ല കാര്യങ്ങളാണു പ്രസംഗിക്കപ്പെടുന്നതെന്നും അവർ തലകുലുക്കി സമ്മതിക്കുന്നു. എന്നാൽ "ഇതൊക്കെ സന്യാസികൾക്കും കന്യാസ്ത്രീകൾക്കും ഭക്താത്മാക്കൾക്കുമാണു് അധികം യോജിച്ചതു്. എങ്ങനെയായാലും ഈ ചെറുപ്പകാലത്തുതന്നെ—ജീവിതത്തിന്റെ സുപ്രഭാതത്തിൽത്തന്നെ—ലോകസുഖങ്ങൾ ഉപേക്ഷിക്കണമോ? കുറെക്കാലംകൂടി ജീവിതസുഖങ്ങൾ അനുഭവിക്കേണ്ടതല്ലേ? മനസ്താപവും ജീവിതനവീകരണവുമെല്ലാം പിന്നീടു്—വാർദ്ധക്യം സമീപിക്കുമ്പോൾ—ആകാമല്ലോ" എന്നിങ്ങനെയുള്ള ഒരു ചിന്താസരണിയിൽ ഇവർ പെട്ടുപോകുന്നു. ഇവർ സന്മനസ്സോടെ സ്വീകരിച്ച ദൈവവചനം കിളിർത്തുവരുമ്പോൾ "ജീവിതത്തിലെ ഉൽക്കണ്ഠകളും, ധനവും, സുഖഭോഗങ്ങളും" അവയെ അമർത്തിക്കളയുന്നു. ഇവരോടു ഇന്നത്തെ ലേഖനത്തിൽ വി. യാക്കോബ്ശ്ലീഹാ പറയുന്നു: "നിങ്ങൾ വചനം പ്രവർത്തിക്കുന്നവരായിരിക്കുവിൻ; അല്ലാതെ കേൾവിക്കാർ മാത്രമായിരിക്കരുതു്"...... അവൻ കണ്ണാടിയിൽ തന്റെ മുഖം കണ്ടവനോടു സദൃശനാകുന്നു..." പ്രാസംഗികൻ പറയുന്നവ യഥാർത്ഥമാണെന്നു മനസ്സിലാക്കുകയും തന്റെ ആദ്ധ്യാത്മികസ്ഥിതി കണ്ണാടിയിലെന്നപോലെ തെളിഞ്ഞുകാണുകയും ചെയ്തിട്ടും ജീവിതനവീകരണം സാധിക്കുന്നതിനു ദൃഢനിശ്ചയം ചെയ്യാതെ എഴുന്നേററു പോകയും എല്ലാം അതിവേഗത്തിൽ മറക്കുകയും ചെയ്യുന്ന ഒരുവന്റെ ചിത്രമാണു് ലേഖനകർത്താവു് ആലങ്കാരികമായി നമ്മെ കാണിക്കുന്നതു്. ഈ ചിത്രം നമ്മിൽ സാക്ഷാൽക്കരിക്കപ്പെടുന്നുണ്ടോ? ഇത്രയധികം ദൈവവചനം ശ്രവിച്ചിട്ടും യാതൊരു ഫലവും പുറപ്പെടുവിക്കുന്നില്ലെങ്കിൽ, അത്തിവൃക്ഷത്തെ കർത്താവു് ശപിച്ച സംഭവം സ്മരിക്കുന്നതു് നന്നായിരിക്കും.

വൈദികർ ചിലപ്പോൾ ദുർഗ്ഗുണങ്ങളേയും അപഥസഞ്ചാരങ്ങളേയും വിശ്വാസരാഹിത്യത്തെയും മററും പ്രതിപാദിച്ചുകൊണ്ടു് പൊതുവായി നൽകുന്ന ചില താക്കീതുകൾ തങ്ങളെ ബാധിക്കുന്നതാണോയെന്നു ഇക്കൂട്ടർ ഒരിക്കലും പരിശോധിച്ചുനോക്കാറില്ല. "അച്ചൻ ആ പറഞ്ഞതു് അയാളെപ്പററിയാണു്; ഈ പറഞ്ഞതു് മറെറയാളെക്കുറിച്ചാണു്; ഹാ, നല്ല കണക്കിനു പററിയിട്ടുണ്ടു്" എന്നിങ്ങനെ ദോഷൈകദൃഷ്ടിയോടെ വിധിപ്രസ്താവിക്കുന്നവർ തങ്ങളുടെ വിരലുകളെ തങ്ങളുടെ നേരെത്തന്നെ ചൂണ്ടിക്കൊണ്ടു്, നാത്താൻ ദീർഘദർശി ദാവീദിനോടു പറഞ്ഞതുപോലെ "നീ ആകുന്നു ആ മനുഷ്യൻ" എന്നു ആത്മാർത്ഥമായി പറയട്ടെ. "ദൈവത്തിന്റേതായ മനുഷ്യൻ ദൈവവചനം ശ്രവിക്കുന്നു. നിങ്ങൾ ദൈവവചനം ശ്രവിക്കുന്നില്ല; കാരണം നിങ്ങൾ ദൈവത്തിന്റേതല്ല" എന്ന വാക്യം നാം സദാ സ്മരിക്കേണ്ടതാണു്.

(ജെ. ചെമ്മണൂർ)

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ആവശ്യമാണു്.
2 "തടസ്സമില്ല".
3 "അച്ചടിച്ചുകൊള്ളട്ടെ" (Let it be printed).
4 മെത്രാന്റെ അഥവാ അദ്ദേഹത്തിന്റെ വികാരിജനറാളുടെ.
5 രേഖാമൂലമായ അനുവാദം വാങ്ങുകയും, അതു പുസ്തകത്തിന്റെ ആരംഭത്തിലോ അവസാനമോ അച്ചടിക്കയും ചെയ്യണം. (കാ. നി. 1394) വാഗ്രൂപമായ അനുവാദം പോരാ.

റോയിസ് നിറം
സാററിൻ സിൽക്കിൽ
കുർബാനക്കുപ്പായം
തയ്യാറുണ്ടു്
കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്കു്, ബ്രോഡ് വെ - എറണാകുളം.

## ഗ്രന്ഥനിരോധനം

(3-ാം പേജ് തുടർച്ച)

നെ ഈ കാനോന നിരോധിക്കുന്നില്ല. Davis - Moral and Pastoral Theology vol. II)

6 ഏതെങ്കിലും വിശ്വാസസത്യങ്ങളെ എതിർക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്ന ഗ്രന്ഥങ്ങൾ; പരിശുദ്ധസിംഹാസനം ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ള അബദ്ധങ്ങളെ പുലർത്തുന്ന ഗ്രന്ഥങ്ങൾ; ദൈവാരാധനയ്ക്കു ഭംഗംവരുത്തുന്നതിനോ സഭയിലെ ക്രമസമാധാനങ്ങളെ ഹനിക്കുന്നതിനോ ശ്രമിക്കുന്ന ഗ്രന്ഥങ്ങൾ; സഭയിലെ ഹൈരാർക്കിയേയൊ പൗരോഹിത്യത്തേയൊ സന്യാസജീവിതത്തേയൊ അവഹേളിക്കുന്ന ഗ്രന്ഥങ്ങൾ.

7 ഏതെങ്കിലും തരത്തിൽപ്പെട്ട അന്ധവിശ്വാസം, ജാതകം, മന്ത്രവാദം, അരൂപിസേവ ആദിയായവയെ പഠിപ്പിക്കയോ അനുകൂലിക്കയോ ചെയ്യുന്ന ഗ്രന്ഥങ്ങൾ.

8 ദ്വന്ദയുദ്ധം, ആത്മഹത്യ, വിവാഹമോചനം ആദിയായവ അനുവദനീയങ്ങളാണെന്നു് പറയുന്ന ഗ്രന്ഥങ്ങൾ; മിണ്ടാവേദസംഘങ്ങളും മററിതുപോലെയുള്ള സംഘടനകളും പ്രയോജനപ്രദങ്ങളാണെന്നും സഭയ്ക്കും സമുദായത്തിനും ഉപദ്രവകരങ്ങളല്ലെന്നും പറയുന്ന ഗ്രന്ഥങ്ങൾ.

9 വിഷയാസക്തിയെ ഉദ്ദീപിപ്പിക്കുന്നതോ സഭ്യേതരമോ ആയ കാര്യങ്ങളെപ്പററി (Ex professo) പ്രതിപാദിക്കുകയോ, വിവരിക്കുകയോ, പഠിപ്പിക്കുകയോ ചെയ്യുന്ന ഗ്രന്ഥങ്ങൾ.

10 പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള കർമ്മാനുഷ്ഠാനവിധികളിൽ ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ.

11 തിരുസ്സഭ അനുവദിച്ചിട്ടില്ലാത്ത ദണ്ഡവിമോചനങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ.

12 തിരുസ്സഭയുടെ മനോഭാവത്തിനും നിർദ്ദേശങ്ങൾക്കും യോജിക്കാത്തവിധത്തിൽ ലേഖനം ചെയ്യപ്പെട്ടിട്ടുള്ള നമ്മുടെ കർത്താവിന്റേയും പരിശുദ്ധ കന്യകമറിയത്തിന്റേയും മാലാഖമാരുടേയും വിശുദ്ധരുടേയും മററും ചിത്രങ്ങൾ.

കാ. 1400—അകത്തോലിക്കരാൽ പ്രസിദ്ധീകൃതമായ വിശുദ്ധലിഖിതഗ്രന്ഥങ്ങൾ, അവയിൽ എന്തെങ്കിലുംഭേദഗതി വരുത്തിയിട്ടില്ലാതിരിക്കയും മുഖവുരയിലും വ്യാഖ്യാനത്തിലും മററും കത്തോലിക്കാവിശ്വാസങ്ങളെ വിമർശിച്ചിട്ടില്ലാതിരിക്കയും ചെയ്യുന്നപക്ഷം, ദൈവശാസ്ത്രം, വേദപുസ്തകം എന്നിവ പഠിച്ചുവരുന്നവർക്കു വായിക്കാവുന്നതാണു്.

1401—കർദ്ദിനാളന്മാർ, മെത്രാന്മാർ ആദിയായവരെ ഗ്രന്ഥനിരോധനം സംബന്ധിച്ചുള്ള നിയമങ്ങൾ ബാധിക്കുന്നതല്ല.

1402—അത്യാവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ രൂപതാദ്ധ്യക്ഷന്മാർക്കു കീഴുള്ളവരെ നിരോധിതഗ്രന്ഥങ്ങൾ വായിക്കുന്നതിനു അനുവദിക്കാൻ അധികാരമുണ്ടു്. പക്ഷേ പൊതുവായ അനുമതി നല്കിക്കൂടാ. ഓരോ പുസ്തകത്തിനും പ്രത്യേകം പ്രത്യേകം അനുമതി ആവശ്യമാണു്.

1403—നിരോധിതഗ്രന്ഥങ്ങൾ സൂക്ഷിക്കാനും വായിക്കാനുമുള്ള പൊതുവായ അനുവാദം പരിശുദ്ധ സിംഹാസനത്തിൽനിന്നു ലഭിച്ചാലും, ആ അനുവാദം രൂപതാദ്ധ്യക്ഷൻ നിരോധിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഉപയോഗിച്ചുകൂടാത്തതാകുന്നു. അങ്ങനെ ഉപയോഗിക്കണമെങ്കിൽ അതും തിരുസിംഹാസനത്തിൽ നിന്നുള്ള അനുവാദപത്രത്തിൽ പ്രത്യേകം പറഞ്ഞിരിക്കണം. നിരോധിതഗ്രന്ഥങ്ങൾ മററുള്ളവരുടെ കൈകളിൽ പെടാത്തവണ്ണം സൂക്ഷിക്കുവാൻകൂടി ഗൗരവമായ കടമയുണ്ടു്.

1404—പുസ്തകകച്ചവടക്കാർ സഭ്യേതരമായ കാര്യങ്ങളെപ്പററി (Ex professo) പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ വില്ക്കുകയോ കടംകൊടുക്കുകയോ കൈവശം വച്ചുകൊണ്ടിരിക്കുകയോ ചെയ്തുകൂടാ; ഇതരനിരോധിതഗ്രന്ഥങ്ങൾ പരിശുദ്ധ സിംഹാസനത്തോടു് അനുവാദം വാങ്ങാതെ വില്പനയ്ക്കായി വയ്ക്കാൻ പാടില്ല; പുസ്തകം വാങ്ങിക്കാൻ വരുന്നവർ നിയമാനുസൃതം ആവശ്യപ്പെടുന്നവരെന്നു ബോദ്ധ്യമുണ്ടെങ്കിൽ മാത്രമേ അവ വില്ക്കുകയും ചെയ്യാവൂ.

1405—എങ്ങനെ ലഭിച്ച അനുവാദമായാലും, ആത്മീയവിപത്തിനു് ഇടയാക്കിയേക്കാവുന്ന (അടുത്ത അവസരം നല്കുന്ന) ഗ്രന്ഥങ്ങൾ വായിച്ചുകൂടാ എന്ന സ്വാഭാവികനിയമത്തിൽനിന്നു ആരും ഒഴിവാക്കപ്പെടുന്നില്ല. വൈദികമേലദ്ധ്യക്ഷന്മാരും മററു് ആത്മീയ പാലകന്മാരും വഷളായ ഗ്രന്ഥങ്ങളുടെ, വിശിഷ്യ നിരോധിത ഗ്രന്ഥങ്ങളുടെ പാരായണത്തിൽനിന്നു ഭവിക്കാവുന്ന ആപത്തിനേയും നാശത്തേയുംപററി വിശ്വാസികൾക്കു് യഥാവസരം ഉൽബോധനങ്ങൾ നല്കിക്കൊണ്ടിരിക്കണം.

മേൽവിവരിച്ചവണ്ണം പൊതുനിയമത്താൽ നിരോധിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങൾക്കു പുറമെ, പ്രത്യേകം പേരു പറഞ്ഞു തിരുസ്സഭ നിരോധിച്ചിട്ടുള്ള അനേകഗ്രന്ഥങ്ങളുമുണ്ടു്.

ട്രാവൻക്കൂർ
ഫെഡറൽ ബാങ്ക് ക്ലിപ്തം
ആലുവാ, അങ്കമാലി, പെരുമ്പാവൂർ
ഡെപ്പോസിററ് നിരക്ക്
1 കൊല്ലം 4½, 2 കൊല്ലം 5½%, 3 കൊല്ലം 5. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4%, സേവിംഗ്സ് 3%, കറൻറ് 1½%.
എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണു്
ക്യാപ്റ്റൻ ഫ്രാൻസിസ് പാറികുളം
P. A., M. B. B. S., D. A. (Eng.)
ചെയർമൻ
കെ. പി. ഉറുമീസ്
B. A., B. L.
മാനേജിംഗ് ഡിറക്ടർ

വിമർശനവീഥി

# കുററിപ്പുഴയുടെ കുയുക്തിവാദം

"ഈശ്വരവാദവും ശാസ്ത്രജ്ഞരും" എന്ന തലക്കെട്ടിൽ മി. കുററിപ്പുഴ കൃഷ്ണപിള്ള "യുക്തിവാദി"യിലെഴുതിയിരിക്കുന്ന ലേഖനത്തിലെ കുയുക്തികൾ അല്പമൊന്നു പരിശോധിക്കാം.

"ഈശ്വരാസ്തിക്യത്തെ തെളിയിക്കുന്നതിനായി ശാസ്ത്രജ്ഞരെ കൂട്ടുപിടിക്കുന്ന ഒരു സമ്പ്രദായം ഇപ്പോൾ സാധാരണമായിട്ടുണ്ടു്." ഈ പ്രസ്താവം, അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ പറയുന്നപക്ഷം, "അർദ്ധസത്യം മാത്രമാണു്." "അസത്യത്തേക്കാൾ ആപൽക്കരമാണു് അർദ്ധസത്യം. അതു ജനതതിയെ യഥാർത്ഥവസ്തുബോധത്തിൽനിന്നു തെററിക്കുകമാത്രമല്ല, തെററു് ശരിയാണെന്നു തോന്നത്തക്കവിധം വിഭ്രമിപ്പിക്കുകയും ചെയ്യും." ഈശ്വരാസ്തിക്യത്തെ തെളിയിക്കുന്നതിനായിട്ടല്ല, നിഷേധിക്കുന്നതിനായിട്ടാണു് ശാസ്ത്രജ്ഞരെ കൂട്ടുപിടിക്കുന്ന സമ്പ്രദായം ഞങ്ങൾ കണ്ടിട്ടുള്ളതു്. കൂട്ടുപിടിക്കുന്നവർ ലേഖകനെപ്പോലെയുള്ള നിരീശ്വരവാദികളുമാണു്. ശാസ്ത്രജ്ഞരുടെ പിൻതാങ്ങലുണ്ടെന്നു പറഞ്ഞു് ഈശ്വരാസ്തിക്യം നിഷേധിക്കുമ്പോൾ ആ നിഷേധത്തിനു സാമാന്യജനങ്ങളുടെ ദൃഷ്ടിയിൽ വിലയുണ്ടാകുമല്ലോ. ആഭ്യന്തരങ്ങളായ യുക്തികളുടെ സാധുതാസാധുതകളെ വിവേചനം ചെയ്യുവാൻ സാമാന്യേന അപ്രാപ്തരായ സാധാരണജനങ്ങൾക്കു ശാസ്ത്രജ്ഞരുടെ പേരു പറഞ്ഞുകൊണ്ടുള്ള ബാഹ്യമായ യുക്തി ബോദ്ധ്യജനകമാകാൻ എളുപ്പമുണ്ടു്. ഈ കൗശലം പ്രയോഗിച്ചു ശാസ്ത്രജ്ഞരെ പൊതുവിൽ ഈശ്വരാസ്തിക്യം സ്വീകരിക്കാത്തവരോ നിഷേധിക്കുന്നവരോ ആയി ചിത്രീകരിക്കുന്ന സമ്പ്രദായം സാധാരണമായി കാണുന്നതു് നിരീശ്വരന്മാരുടെയിടയിലാണു്. അവരങ്ങനെ ശാസ്ത്രജ്ഞരെ കൂട്ടുപിടിക്കുമ്പോൾ അതിനു മറുപടിപറയാൻവേണ്ടിമാത്രമാണു് ഈശ്വരവാദികൾ ശാസ്ത്രജ്ഞരുടെ കാര്യം പറയുന്നതു്. അല്ലാതെ ഈശ്വരാസ്തിക്യത്തെ തെളിയിക്കുവാൻ ശാസ്ത്രജ്ഞരെ കൂട്ടുപിടിക്കുന്ന സമ്പ്രദായം ഈശ്വരവാദികൾക്കില്ല; കുറഞ്ഞപക്ഷം കത്തോലിക്കരായ ഈശ്വരവാദികൾക്കില്ലെന്നു തീർത്തു പറയാവുന്നതാണു്. അതിനു കാരണമുണ്ടു്. ഈശ്വരാസ്തിക്യത്തെപ്പററിയുള്ള പ്രതിപാദനം ശാസ്ത്രത്തിന്റെ (സയൻസിന്റെ) ധർമ്മമല്ല; പ്രത്യുത തത്വശാസ്ത്രത്തിന്റെ (ഫിലോസഫിയുടെ) ധർമ്മമാണു്. ശാസ്ത്രം എന്ന പദം സകല ശാസ്ത്രങ്ങൾക്കും പററുന്നതാണെങ്കിലും പ്രകൃതിശാസ്ത്രങ്ങളെ പ്രത്യേകം പരാമർശിച്ചാണു് അതു സാമാന്യേന പ്രയോഗിക്കപ്പെടുന്നതു്. അതനുസരിച്ചു് തത്വശാസ്ത്രം ഭിന്നഗണത്തിലാണു പെടുന്നതു്. പ്രകൃതിശാസ്ത്രങ്ങൾ പ്രകൃതിയിൽ കാണുന്ന ശക്തികളുടേയും അവയുടെ പ്രവർത്തനങ്ങളുടേയും വിവരണങ്ങളാണു് (Description); നേരേമറിച്ചു് തത്വശാസ്ത്രം അവയുടെ വ്യാഖ്യാനമാണു് (Interpretation). പ്രകൃതിശാസ്ത്രങ്ങൾ പ്രകൃതിയിലെ ആസന്നകാരണങ്ങളെ (immediate causes) പരാമർശിക്കുന്നു; തത്വശാസ്ത്രമാകട്ടെ പ്രകൃതിയുടെ അന്തിമകാരണത്തെ (ultimate cause) ആരായുന്നു. തന്മൂലം ഈശ്വരാസ്തിക്യം പ്രകൃതിശാസ്ത്രജ്ഞന്മാരുടെ അന്വേഷണവിഷയത്തിൽ സ്വതവേ ഉൾപ്പെടുന്നില്ല; തത്വശാസ്ത്രത്തിന്റെ അന്വേഷണത്തിലാണു് സ്വതവേ ഉൾപ്പെടുന്നതു്. എന്നാൽ പ്രകൃതിശാസ്ത്രജ്ഞനായ ആൾ അതേസമയംതന്നെ തത്വശാസ്ത്രജ്ഞനാണെന്നുംവരാം. പ്രകൃതിശാസ്ത്രത്തിനു സഹജമായ അന്വേഷണരീതി സ്വീകരിക്കുന്നതിനുപുറമേ, അയാൾ തത്വശാസ്ത്രത്തിനു പ്രത്യേകമായ അന്വേഷണരീതി സ്വീകരിക്കുന്നുണ്ടെന്നുംവരാം. അങ്ങനെ ചെയ്യുമ്പോൾ പ്രകൃതിശക്തികളേയും അവയുടെ പ്രവർത്തനങ്ങളേയും സംബന്ധിച്ചുള്ള ജ്ഞാനം ലഭിക്കുന്നതിനുപുറമേ അവയുടെയെല്ലാം മൂലകാരണമായ ഈശ്വരനെപ്പററിയും അയാൾക്കു ജ്ഞാനം ലഭിക്കും. എന്നുവച്ചു് അയാളുടെ ഈശ്വരജ്ഞാനം പ്രകൃതിശാസ്ത്രജ്ഞാനത്തിൽ ഉൾപ്പെട്ടതായി ഗണിച്ചുകൂടാ; പ്രത്യുത തത്വശാസ്ത്രജ്ഞാനത്തിൽ ഉൾപ്പെട്ടതായിട്ടേ ഗണിക്കാവൂ. മി. കുററിപ്പുഴയുടെ ലേഖനത്തിൽ ആദ്യന്തം കാണുന്ന അബദ്ധം പ്രകൃതിശാസ്ത്രങ്ങളേയും തത്വശാസ്ത്രത്തേയും തമ്മിൽ മേൽവിവരിച്ച പ്രകാരം വിവേചിക്കാത്തതാണു്. തന്മൂലം ശാസ്ത്രജ്ഞന്മാരെ കൂട്ടുപിടിച്ചു ഈശ്വരാസ്തിക്യത്തിനെതിരായി അദ്ദേഹം ചെയ്യുന്ന യുക്തിവാദം കുയുക്തിവാദമായി പരിണമിക്കുകയാണു ചെയ്യുന്നതു്. എഡിങ്ടൺ എന്ന ശാസ്ത്രജ്ഞൻ പറഞ്ഞതായി ലേഖകൻ ഉദ്ധരിക്കുന്ന വാക്കുകൾതന്നെ ഞങ്ങൾ സൂചിപ്പിച്ച വ്യത്യാസത്തിനു സാക്ഷ്യംവഹിക്കുന്നുണ്ടു്. "If I say anything positive on this side of the question, it is not as a scientist that I claim to speak" ഇതിന്റെ അർത്ഥം ഈശ്വരാസ്തിക്യത്തെപ്പററി അദ്ദേഹം ഖണ്ഡിതമായി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ അതു ശാസ്ത്രജ്ഞനെന്നനിലയിലല്ല, പ്രത്യുത വേറെ നിലയിലാണു് എന്നാണല്ലോ. ലേഖകൻ പറയുന്നു: "ഈശ്വരവാദത്തിനും ശാസ്ത്രത്തിനും തമ്മിൽ ഒരു ബന്ധമുണ്ടെന്നു പറഞ്ഞുകൂടാ." ഞങ്ങൾ പറഞ്ഞ അർത്ഥത്തിൽ ഈ പ്രസ്താവം ശരിയാണു്. എന്നാൽ "വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചാണു് നമ്മുടെ ഈശ്വരൻ ജീവിക്കുന്നതു്. ശാസ്ത്രപ്രകാശത്തിൽ വെളിച്ചപ്പെട്ടാൽ ഈശ്വരൻ ഈശ്വരനല്ലാതെയായിപ്പോകും" എന്നാണു് ലേഖകന്റെ വാദം.

### ഈശ്വരാസ്തിക്യന്യായങ്ങൾ

"വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചാണു്" ഈശ്വരവിശ്വാസം നിലനില്ക്കുന്നതെന്നുള്ള മി. കുററിപ്പുഴയുടെ പ്രസ്താവത്തിൽനിന്നു ഞങ്ങൾ മനസ്സിലാക്കുന്നതു് ഈശ്വരാസ്തിക്യം തെളിയിക്കുവാൻ ഈശ്വരവാദികൾ, പ്രത്യേകിച്ചും കത്തോലിക്കരായ ഈശ്വരവാദികൾ, നല്കുന്ന തെളിവിനെപ്പററി അദ്ദേഹത്തിനു യാതൊരു ജ്ഞാനവുമില്ലെന്നാണു്. ഈ ജ്ഞാനം ലഭിക്കുവാൻ മററു പലരേയും അപേക്ഷിച്ചു് അദ്ദേഹത്തിനു വളരെ സൗകര്യമുണ്ടു്. അദ്ദേഹം അദ്ധ്യാപകജോലി നിർവഹിക്കുന്ന ആലുവാ യൂണിയൻ കോളെജിനോടു് തൊട്ടടുത്താണല്ലോ സെൻറ് ജോസഫ്സ് അപ്പസ്തോലിക്ക് സെമിനാരി. അവിടത്തെ വൈദികാദ്ധ്യേതാക്കൾ ഈശ്വരാസ്തിക്യം തെളിയിക്കുന്ന യുക്തിജന്യങ്ങളായ ന്യായങ്ങളും അവയ്ക്കെതിരായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങളും കൂലങ്കഷമായി പഠിക്കുന്നുണ്ടു്. അതിനവരെ സഹായിക്കുവാൻ പണ്ഡിതന്മാരായ പ്രൊഫസറന്മാരുമുണ്ടു്. അവരിൽനിന്നു് പ്രസ്തുത ന്യായങ്ങൾ ഗ്രഹിക്കാവുന്നതാണു്. അവയെപ്പററി പ്രതിപാദിക്കുന്ന അനേകം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അവിടെ കാണും. ആ മാർഗ്ഗങ്ങളുപയോഗിച്ചു പ്രസ്തുതന്യായങ്ങളെന്തൊക്കെയാണെന്നു പരിശോധിക്കുവാൻ ഞങ്ങൾ മി. കുററിപ്പുഴയോടു അഭ്യർത്ഥിക്കുന്നു. പരിശോധനയ്ക്കുശേഷം അവയെ ഖണ്ഡിക്കുവാൻ ഞങ്ങളദ്ദേഹത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. "വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചാണു്" ഈശ്വരവിശ്വാസം നില്ക്കുന്നതെന്നുള്ള അദ്ദേഹത്തിന്റെ വിശ്വാസം അന്ധമാണെന്നു് അദ്ദേഹത്തിനുതന്നെ ബോദ്ധ്യപ്പെടാതിരിക്കുകയില്ല. ഒരു കാലത്തു് അവിശ്വാസിയായിരുന്നശേഷം അനേകകാലത്തെ പഠനഫലമായി വിശ്വാസിയായിത്തീർന്ന അർനോൾഡ് ലൺ നിരീശ്വരന്മാർക്കു് ഈശ്വരാസ്തിക്യന്യായങ്ങളെക്കുറിച്ചുള്ള അജ്ഞതയെ പരാമർശിച്ചു പറഞ്ഞിട്ടുള്ള വാക്കുകൾ ഉദ്ധരണീയങ്ങളാണു്.

"വിശുദ്ധ തോമസ് (ഈശ്വരാസ്തിക്യന്യായങ്ങളെ സമർത്ഥമായി വിശദീകരിച്ചിട്ടുള്ള തത്വശാസ്ത്രപാരംഗതൻ) വിശ്വാസത്തേയൊ ഉദ്ദേശ്യത്തേയൊ വ്യക്തിപരമായ അനുഭവത്തേയൊ അല്ല ആധാരമാക്കുന്നതു്. അദ്ദേഹം തന്റെ പ്രതിപാദനം ആരംഭിക്കുന്നതു് ഒരു സങ്കല്പത്തോടുകൂടിയല്ല, പ്രത്യുത അനുദിനാനുഭവത്തിൽപ്പെട്ട നിസ്തർക്കമായ ഒരു വസ്തുതയോടുകൂടിയാണു്. ആ വസ്തുതയാകട്ടെ "ചില വസ്തുക്കൾ ചലിച്ചുകൊണ്ടിരിക്കുന്നു" എന്നതാണു്. ദൈവമുണ്ടെന്നുള്ള വസ്തുത തങ്ങൾക്കു ബോദ്ധ്യമായിട്ടില്ലെന്നു പ്രഖ്യാപിക്കുന്നവരിൽ ബഹുഭൂരിപക്ഷത്തിനും അതു ബോദ്ധ്യമാകാത്തതു വിശുദ്ധ തോമസ് നല്കുന്ന അഞ്ചു തെളിവുകളേയും അവർ പരിശോധിച്ചിട്ടു് അവ അസാധുവാണെന്നു കണ്ടതുകൊണ്ടല്ല, പ്രത്യുത ദൈവാസ്തിക്യത്തിന്റെ ചരിത്രപ്രസിദ്ധങ്ങളായ പ്രസ്തുതതെളിവുകൾ പഠിക്കുവാനുള്ള താല്പര്യമോ അവ മനസ്സിലാക്കാനുള്ള പാടവമോ അവർക്കില്ലാഞ്ഞിട്ടാണു്. സ്വതന്ത്രമായി ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യത്തോടുകൂടിയ സ്വതന്ത്രചിന്തകന്മാർ സമ്മതിച്ചുപറയുവാൻ നിർബ്ബന്ധിക്കപ്പെടും, വിശുദ്ധ തോമസിന്റെ യുക്തിവാദങ്ങളെ തടുക്കുവാൻ ഏററവും പ്രയാസമാണെന്നു്. പ്രസ്തുതയുക്തിവാദങ്ങളെ പരിശോധിക്കുവാനുള്ള അവരുടെ ശക്തമായ വിസമ്മതംമൂലം അങ്ങനെ സമ്മതിച്ചു പറയുവാനുള്ള വൈഷമ്യത്തിൽനിന്നു് അവർ രക്ഷപെട്ടിരിക്കുകയാണു്. മതവിഷയങ്ങളെ അധികരിച്ചു പത്രങ്ങളിൽ ഇംഗ്ലീഷ്കാണുന്ന ലേഖനപരമ്പരകളിൽ ദൈവാസ്തിക്യത്തെ തെളിയിക്കുന്ന ചരിത്രപ്രസിദ്ധങ്ങളായ ന്യായങ്ങൾ പരിച്ഛേദം വിസ്തരിക്കപ്പെടുകയോ പരിപൂർണ്ണമായും തെററിദ്ധരിക്കപ്പെടുകയോ ആണു പതിവു്. അത്തരം ലേഖനപരമ്പരകളിൽ പങ്കെടുത്തിട്ടുള്ള അകത്തോലിക്കരിൽ ഒരാൾക്കുമാത്രമേ പ്രസ്തുത ന്യായങ്ങളെപ്പററി അറിവുള്ളതായി ഞാൻ കണ്ടിട്ടുള്ളു; അയാളാകട്ടെ അവയെ തെററിദ്ധരിക്കുകയും ചെയ്തിരുന്നു."

മി. ലൺ പറയുന്ന എഴുത്തുകാരുടെ ഗണത്തിൽ മി. കുററിപ്പുഴയേയും പെടുത്താതെ നിവൃത്തിയില്ല. അതുകൊണ്ടാണു് പ്രസ്തുത ന്യായങ്ങൾ അറിയണമെന്നും പരിശോധിക്കണമെന്നും, കഴിവുണ്ടെങ്കിൽ അവയെ ഖണ്ഡിക്കണമെന്നും ഞങ്ങളദ്ദേഹത്തോടു് ആവശ്യപ്പെടുന്നതു്.

---

## പരിശുദ്ധ കുർബാന

(2-ാം പേജ് തുടർച്ച)

ച്ചുവന്ന ജനൗഘത്തെ, അവരുടെ മൗഢ്യത്തെപ്പററി പറഞ്ഞു മനസ്സിലാക്കുകയും, നിത്യജീവദായകമായ സ്വർഗ്ഗീയഭക്ഷണത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ ഉപദേശിക്കയും ചെയ്തു. വളരെ ശ്രദ്ധയോടും കരുതലോടുംകൂടെ പരിശുദ്ധ കുർബാനയുടെ പരമരഹസ്യത്തെ കുറിച്ചു്. സംശയരഹിതവും നിശിതവുമായ ഭാഷയിൽ അവിടുന്നു പ്രതിപാദിച്ചു.

താൻ വെളിപ്പെടുത്താൻ പോകുന്നതു് ഇടർച്ചയ്ക്കുകാരണമാകാതിരിപ്പാൻ ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതു തന്റെ കർത്തവ്യമാണെന്നു് അവിടുന്നു വിചാരിച്ചു. എന്നിട്ടും തന്റെ വാക്കുകളെ ആരെങ്കിലും അവിശ്വസിക്കുന്നുവെങ്കിൽ അതിനു അവിടുന്നു ഉത്തരവാദിയായിരിക്കയില്ലല്ലൊ.

ഒന്നാമതായി താൻ ദൈവത്താൽ നിയുക്തനാണെന്ന കാര്യം അവർ വിശ്വസിക്കണം. "ദൈവം നിങ്ങളിൽനിന്നു ആവശ്യപ്പെടുന്ന ശുശ്രൂഷ, അവിടുന്നു അയച്ചവനിൽ വിശ്വസിക്കുക എന്നതാണെ"ന്നു ദിവ്യനാഥൻ അവരെ മനസ്സിലാക്കി. പക്ഷെ, അവർക്കു ബോധ്യംവന്നില്ല. അവർ ചോദിച്ചു: "ഞങ്ങൾ കണ്ടുവിശ്വസിക്കേണ്ടതിനു നീ എന്തു അടയാളം ചെയ്യുന്നു? നീ എന്തു പ്രവർത്തിക്കുന്നു? അവർക്കു ഭക്ഷിക്കുവാൻ സ്വർഗ്ഗത്തിൽനിന്നു അവൻ അപ്പം കൊടുത്തു എന്നു എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവെച്ചു മന്നാ ഭക്ഷിച്ചുവല്ലൊ."

അവരുടെ സംശയത്തിനു നിവാരണം വരുത്തേണ്ടതുതന്നെയാണു്. മരുഭൂമിയിൽ വെച്ചു് മൂശ ആറുലക്ഷം ആളുകളെ 40 കൊല്ലം മന്നാകൊടുത്തു സംരക്ഷിച്ചു അയാൾ ദൈവമായിരുന്നില്ല; അങ്ങനെ വിശ്വസിക്കണമെന്നു ആ ദീർഘദർശി വാദിച്ചുമില്ല. ആകയാൽ അപ്പം വർദ്ധിപ്പിച്ചതു ദിവ്യത്വം തെളിയിക്കുന്നതിനു മതിയായ തെളിവായിട്ടില്ല. അതു കൂടാതെ വേറെ തെളിവു് അവർക്കു വേണം. ഈശോ ഇങ്ങനെ മറുപടി പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മൂശയല്ല സ്വർഗ്ഗത്തിൽനിന്നു നിങ്ങൾക്കു അപ്പംതന്നതു്. എന്നാൽ എന്റെ പിതാവു് സ്വർഗ്ഗത്തിൽനിന്നു സത്യമായ അപ്പം നിങ്ങൾക്കു തരുന്നു." അങ്ങനെ മൂശ സ്വശക്തിയാലല്ല അത്ഭുതം പ്രവർത്തിച്ചതെന്നു അവിടുന്നു പ്രസ്താവിച്ചു.

രണ്ടാമതായി തന്റെ ദിവ്യത്വത്തിന്റെ ഒരു പ്രത്യേകതയും ലോകം ഗ്രഹിക്കേണ്ടതുണ്ടു്. അതായതു്, സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടാനിഷ്ടങ്ങളാണു ദിവ്യനാഥന്റെ പ്രവൃത്തികളുടേയും ഉപദേശങ്ങളുടേയും മാനദണ്ഡമെന്നു്. പിതാവിന്റെ ഇഷ്ടമാകട്ടെ, "അവൻ എനിക്കു തന്നവരിൽ ഒരുത്തനേയും അവനിൽനിന്നു നശിപ്പിച്ചുകളയാതെ അവസാനനാളിൽ അവനെ ഞാൻ ഉയിർപ്പിക്കുന്നമെന്നതാകുന്നു" എന്നു അവിടുന്നു ഏററുപറഞ്ഞു. ആകയാൽ ഉപദേശങ്ങളുടെ വൈകല്യമോ അസ്പഷ്ടതയോ കാരണം ആരും നശിച്ചുപോകാൻ ഒരിക്കലും ഒരുനാളും മിശിഹാ അനുവദിക്കുന്നതല്ലെന്നു സ്പഷ്ടമാണല്ലോ.

"ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയ അപ്പമാകുന്നു" എന്നു ദിവ്യനാഥൻ അരുളിച്ചെയ്തപ്പോൾ, "ഇവൻ യൗസേപ്പിന്റെ മകനല്ലെ" എന്നും മററും പറഞ്ഞു് അവർ പിറുപിറുക്കുകയുണ്ടായി. അവർ അവിടുത്തെ ഭൂമിയിലെ (വളർത്തു) പിതാവിനെക്കുറിച്ചു സംസാരിച്ചു എന്നാൽ അവിടുന്നു തന്റെ സ്വർഗ്ഗീയപിതാവിനെ അനുസ്മരിക്കുകയും "പിതാവു് ആകർഷിച്ചിട്ടല്ലാതെ ഒരു മനുഷ്യനും തന്റെ അടുക്കൽ വരുവാൻ കഴിയുകയില്ലെന്നു" പ്രഖ്യാപിക്കുകയും ചെയ്തു. അവിടുന്നു തുടർന്നു പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടു്." ആകയാൽ പിതാവിന്റെ ആകർഷണവും പുത്രനിലുള്ള വിശ്വാസവും ഒന്നുതന്നെയാണെന്നും, അതു നിത്യജീവൻ പ്രദാനംചെയ്യുന്നതാണെന്നും, അവസാനദിവസത്തിലെ ഉയിർപ്പിനു അച്ചാരമാണെന്നും അവിടുന്നു പഠിപ്പിച്ചു അങ്ങനെ അവരുടെ ബോധത്തെ ഒരുക്കിയതിനുശേഷമാണു് ലളിതവും അസന്നിഗ്ദ്ധവുമായ വാക്യങ്ങളിൽ ആ പരമരഹസ്യത്തെ ദിവ്യരക്ഷകൻ പ്രതിശ്രവം ചെയ്തതു്.

T. L.

Sathya Deepam

Vol. 22 Ernakulam May 18, 1949 No. 37

## മേയ് മാസഗാനങ്ങൾ

I

(കന്നിയെ മാമരി—എ. മ.)

മേയ് മാസരാജ്ഞിയെ വാഴ്ക
ശ്രീയേശുവിൻ മാതാവെ.

ഈ മാസമങ്ങേക്ക കാഴ്ച
നൽകുന്നു ഞാൻ സവിനയം
സ്തോത്രം നിനക്കണയ്ക്കുവാൻ
മാത്രമാണമ്മെയീമാസം (മേ

സൽഗുണാധാരണിയാലെ
നിൻ മനസ്സാനന്ദിപ്പിക്കാൻ
നൽവരം നൽകണെ നാഥേ
നിൻപാദെ നിന്നീടുന്നോരിൽ. (മേ

(എ. ജെ. ജോസഫ്)

II

(ആടുവോമെ എ. മ.)

മേരിനിയെ മമനായികയെ
മാലിന്യരഹിതയാം ഗുണനിധിയെ
മമ (മേരി

1 ക്രൂശിതനേശുവിൻ തിരുജനനി തവ
ദാസരിൽ കനിയണെ വരംതരണെ
ഭൂമിയിലേവർക്കും നീ പരമനിധേ...
പരിപാലനം ചെയ്തിടെണെ നാഥ
യെ നീ (മേരി

2 വാനവറാണിയായ് പരിലസിച്ചി
ടും നീ
പാരിൽ പരിശുദ്ധയായ് വസിച്ചു
വല്ലോ
ശുദ്ധിതൻ ദീപമെ മമമരിയെ......
നിൻ ശുദ്ധതയെ ദാസർക്കായേകിടേ
ണെ. (മേരി

(ജോയി തോട്ടാൻ)

——

## ദോഷാരോപണങ്ങൾ

(1-ാം പേജ് തുടർച്ച)

നങ്ങൾ (Definition of dogmas) സാക്ഷാൽ പുതിയ മതതത്വങ്ങളല്ല. പഴയ ബോധനങ്ങളെ സംബന്ധിച്ചുള്ള സംശയങ്ങൾ തീർക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള വിശദീകരണങ്ങൾ മാത്രമാണ് അവ. പരിശുദ്ധ കന്യകമറിയം ദൈവമാതാവ് എന്ന പദത്തിനർഹയല്ലാ എന്ന് 5-ാം ശതകത്തിൽ നെസ്തോറിയസ് പഠിപ്പിച്ചുതുടങ്ങിയപ്പോൾ അതു തെറ്റാണെന്ന് സഭ പഠിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ ആ ദിവ്യജനനി അമലോത്ഭവയാണെന്നുള്ള പഴയ ഉൽബോധനത്തെപ്പറ്റി വേദശാസ്ത്രപണ്ഡിതന്മാർ, ചേരിതിരിഞ്ഞ് വാദപ്രതിവാദങ്ങൾ നടത്തിയതിന്റെ ഫലമായി, സഭ "മറിയത്തിന്റെ അമലോത്ഭവം" ഒരു വേദസത്യമായി 1854-ൽ പ്രഖ്യാപനംചെയ്യുവാനിടയായി. അതുപോലെതന്നെയാണ് മാർപ്പാപ്പായുടെ അപ്രമാദിത്വതത്വത്തിന്റെയും സ്ഥിതി. ലോകമാസകലമുള്ള ക്രൈസ്തവജനതയുടെ ആദ്ധ്യാത്മികപിതാവെന്നനിലയിൽ, മാർപ്പാപ്പാ ഔദ്യോഗികമായി ചെയ്യുന്ന മതപരമോ ധാർമ്മികമോ ആയ ഉൽബോധനങ്ങൾക്ക്, പരിശുദ്ധാത്മാവിയുടെ പ്രത്യേകസഹായംമൂലം തെറ്റാവരം ഉണ്ടെന്ന്, 1870 ൽ കൂടിയ വത്തിക്കാൻ സൂനഹദോസിൽ നിർവ്വചനം ചെയ്യുകയുണ്ടായി. അതും ഒരു പുതിയ തത്വമല്ല; പഴയതത്വത്തെപ്പറ്റി "ഗാലിക്കൻ"പക്ഷക്കാർ ഉന്നയിച്ചിരുന്ന സംശയങ്ങൾക്കു നല്കപ്പെട്ട ഒരു വിശദീകരണം മാത്രമാണ്. ഇങ്ങനെയുള്ള തത്വനിർവ്വചനങ്ങളും സംശയനിവാരണങ്ങളും മൂലമാണ്, സഭയിൽ പല കലഹങ്ങളും ഛിദ്രങ്ങളുമുണ്ടായിട്ടുള്ളതെന്ന് ഒരു എതിർവാദമുണ്ട്. അതും ശരിയല്ല. ശരിയായതത്വമേതെന്നു കാണിച്ച്, സഭാംഗങ്ങളെ അപ്പഴപ്പോൾ സത്യം ഉൽബോധിപ്പിക്കേണ്ടതു് സഭയുടെ അപരിത്യാജ്യകടമയാണ്. ആ കടമയെ നിർവ്വഹിക്കുന്നതിൽനിന്നുണ്ടാകുന്ന ഭവിഷ്യത്തുകളെയെല്ലാം ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാൻ സഭ എപ്പോഴും സന്നദ്ധയുമാണ്. അതിലാണ് സഭയുടെ ചതുർവിധ ലക്ഷണങ്ങൾ എപ്പോഴും തെളിഞ്ഞു കാണുന്നതു്.

(D) കത്തോലിക്കാസഭയെപ്പറ്റിയുള്ള മറെറാരു ദുഷ്പ്രചരണം, അവൾ ചിന്താസ്വാതന്ത്ര്യത്തിന്റെശത്രുവാണെന്നാണ്. ആധുനിക പ്രാപഞ്ചികശാസ്ത്രങ്ങളും തത്വചിന്തയും വളർന്നുവന്നിട്ടുള്ളതു സാക്ഷാൽ കത്തോലിക്കാസഭയുടെ തണലിലാണ്. പ്രാപഞ്ചികസത്യങ്ങളുടേയും വിശ്വാസസത്യങ്ങളുടേയും ഉല്പത്തി ദൈവത്തിൽനിന്നാണ്. ആകയാൽ അവ രണ്ടും തമ്മിൽ ഒരിക്കലും സംഘട്ടനം ഉണ്ടാകുവാൻ പാടുള്ളതല്ല. റോജർ ബേക്കൺ, ഗലിലിയോ, കോപ്പർനിക്കസ്, ലാവോസിയർ, ലൂയി പാസ്റ്റർ, മാർക്കോണി, തുടങ്ങിയ ശാസ്ത്രജ്ഞന്മാർ തികഞ്ഞ കത്തോലിക്കാവിശ്വാസികളായിരുന്നു. അവരിൽ ചിലരെപ്പററി വല്ല തെററിദ്ധാരണകളും സഭാധികാരികൾക്കുണ്ടായിരുന്നുവെങ്കിൽ അവ വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങളായിരുന്നു, സഭയുടെ ഔദ്യോഗികമായ പ്രഖ്യാപനങ്ങളല്ലായിരുന്നു എന്നുള്ളതു പ്രസ്താവ്യമാണ്. പക്ഷെ ദൈവദത്തമായ മതതത്വങ്ങളോടു് പ്രത്യക്ഷത്തിൽ വിയോജിക്കുന്ന നിരീശ്വരപരമായ തത്വാഭാസങ്ങളെ സഭ ഒരിക്കലും സ്വീകരിക്കുന്നതല്ല. അവ സാക്ഷാൽ സത്യമായിരിക്കുവാൻ പാടുള്ളതുമല്ല.

(E) കത്തോലിക്കാസഭ അവളുടെ സന്താനങ്ങളെ അജ്ഞതയിലും അവിദ്യയിലും ഇട്ടു നട്ടംതിരിക്കുന്നുവെന്നും, അവർക്കു ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്നുവെന്നും, പരസ്യമായ ദൈവാരാധനകൾ മൃതഭാഷകളിൽ നടത്തുന്നതു് ഇക്കാരണത്താലാണെന്നും, വേറൊരുവക ദോഷാരോപണവും ഒരു കാലത്തു പ്രചരിച്ചിരുന്നു. എന്നാൽ അതും തെല്ലും വിലപ്പോകുന്നതല്ല. അങ്ങനെ ഒരു ദുഷ്പ്രചരണത്തിനു് താല്ക്കാലികമായിട്ടെങ്കിലും ചില സ്ഥലങ്ങളിലും കാലങ്ങളിലും സ്വീകരണം ലഭിക്കുവാനിടയായതിനു പല കാരണങ്ങളുമുണ്ടായിരുന്നു. അതിൽ ഒന്നു ദരിദ്രരായ പിന്നോക്കസമുദായങ്ങളുടെ ഇടയിൽ കത്തോലിക്കാമിഷനറിമാർ ജോലിചെയ്തു സഭയെ വികസിപ്പിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ അങ്ങനെയുള്ള ജാതിക്കാരുടെ ഇടയിൽപ്പോലും ക്രമേണ വിദ്യാഭ്യാസം പുലർത്തിവരുന്നുണ്ട്. ഈ ദോഷാരോപണത്തിനുള്ള മറെറാരു ഹേതു വിമതസ്ഥരുടെ ആഭിമുഖ്യത്തിൽ നടത്തിയിരുന്ന വിദ്യാലയങ്ങളിൽ കത്തോലിക്കർ തങ്ങളുടെ കുട്ടികളെ അയക്കുവാൻ മടിച്ചിരുന്നു എന്നുള്ളതാണ്. അതിനുള്ള കാരണം, ഏതുപ്രകാരം തങ്ങളുടെ സന്താനങ്ങളുടെ മതവിശ്വാസത്തിനു ഭംഗംവരുമെന്നുള്ള ന്യായമായ ഭയമായിരുന്നുതാനും. കത്തോലിക്കർ തങ്ങളുടെ പരസ്യാരാധനകൾ സുറിയാനി ലത്തീൻ ഗ്രീക്കു് തുടങ്ങിയ മൃതഭാഷകളിൽ പ്രധാനമായി നടത്തിവരുന്നതു്, സത്യത്തെ നിഗ്രഹനം ചെയ്യുന്നതിനുവേണ്ടിയല്ല, പ്രത്യേകിച്ച് ഓരോ പ്രദേശങ്ങളിലുള്ള വ്യക്തികളുടെ സ്വതന്ത്രതർജ്ജമകൾകൊണ്ടു് സനാതന സത്യങ്ങളടങ്ങിയ ആരാധനക്രമങ്ങൾക്കു് കേടുപാടുകളോ, അർത്ഥവ്യത്യാസങ്ങളോ ഉണ്ടാകാതിരിക്കണമെന്നുള്ള ഉൽക്കണ്ഠകൊണ്ടാണ്. പരസ്യാരാധനയിൽ സംബന്ധിക്കുന്ന ആളുകൾ അതിന്റെ അർത്ഥവും ഗൗരവവും നല്ലതുപോലെ ഗ്രഹിച്ച്, ആരാധനയിൽ ബുദ്ധിപൂർവ്വം സഹകരിക്കണമെന്നാണു സഭയുടെ താല്പര്യം. ഇതിനുവേണ്ടി പരസ്യാരാധനക്രമങ്ങൾ നാട്ടുഭാഷകളിൽ നടപ്പിലാക്കേണ്ട ആവശ്യമുണ്ടെന്നു്, അതതുദേശത്തെ വൈദികമേലദ്ധ്യക്ഷരും ബഹുജനങ്ങളും അഭിലഷിക്കുന്നുവെങ്കിൽ, സഭാപരമാദ്ധ്യക്ഷന്റെ അംഗീകാരം അവർ അപേക്ഷിക്കേണ്ടതാണെന്നും യുക്തമെന്നു തോന്നുന്നപക്ഷം അതനുവദിക്കാവുന്നതാണെന്നും. ആധുനിക മാർപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്തിൽ വിശദമാക്കിയിട്ടുണ്ട്. അടുത്ത കാലത്തു് അന്ത്യോഖ്യൻ സിറിയൻ ആരാധനക്രമം മലയാളഭാഷയിൽത്തന്നെ നടപ്പിലാക്കിയിരിക്കുന്നതു് ഇതിനൊരുദാഹരണവുമാണല്ലോ. ഏതായാലും ലോകചരിത്രത്തിൽ വിദ്യാപ്രചരണാർത്ഥം കത്തോലിക്കാസഭ നടത്തിയിട്ടുള്ള തീവ്രയത്നങ്ങളുടെ ബാഹുല്യവും, കത്തോലിക്കരുടെ നേതൃത്വത്തിൽ ഇന്നും നിലവിലിരിക്കുന്ന പ്രൈമറി, സെക്കണ്ടറി, യൂണിവേഴ്സിററി വിദ്യാലയങ്ങളുടെ പ്രാബല്യവും സംഖ്യാബലവും, അവരുടെ വേദതത്വപ്രതിപാദകങ്ങളായ ജീവൽഭാഷാഗ്രന്ഥങ്ങളുടെ വൈപുല്യവും പരിഗണിച്ചാൽ ഈ ദോഷാരോപണവും കേവലം വ്യർത്ഥമാണെന്നു വിശദമാകുന്നതാണ്.

(F) കത്തോലിക്കാസഭയെക്കുറിച്ചുള്ള ഗുരുതരമായ മറെറാരു ദോഷാരോപണം, അതു വ്യക്തിസ്വാതന്ത്ര്യത്തെ വല്ലാതെ തടയുന്നു എന്നുള്ളതാണ്. കത്തോലിക്കനായാൽ വെള്ളിയാഴ്ചതോറും മാംസം വർജ്ജിക്കണം; ഞായറാഴ്ചതോറും ദിവ്യബലിയിൽ സംബന്ധിക്കണം; കൂദാശകൾ ഏഴുള്ളതിൽ കുമ്പസാരവും കുർബാനവും ആണ്ടിൽ ഒരിക്കലെങ്കിലും നിർബന്ധമായി സ്വീകരിക്കണം; ശിശുക്കളെ ജ്ഞാനസ്നാനം ചെയ്യിക്കേണ്ട കാലവും പ്രായവും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു; അകത്തോലിക്കരുമായുള്ള വിവാഹബന്ധം സാമാന്യമായി നിരോധിക്കപ്പെട്ടിരിക്കുകയാണ്; വിവാഹമോചനമേ വിലക്കപ്പെട്ടിരിക്കുന്നു എന്നിങ്ങനെയാണ് വെളിക്കു നില്ക്കുന്നവരുടെ പരാതി. മറവുള്ള സഭാവിഭാഗങ്ങളിൽ നിന്നാൽ ഇക്കാര്യങ്ങളിൽ എല്ലാം പരമസ്വാതന്ത്ര്യമാണുപോലും! ഈ വക സ്വാതന്ത്ര്യങ്ങളെല്ലാം ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ ചേർന്നില്ലെങ്കിൽ നിത്യരക്ഷ കിട്ടുകയില്ലെന്നു കത്തോലിക്കർ പറയുന്നതാണ് ചിലർക്കു തികച്ചും അസഹ്യമായിത്തീരുന്നതു്. അതോടുകൂടി കത്തോലിക്കർ സങ്കുചിതമനസ്കരാണെന്നുള്ള ഒരു പുതിയ ദോഷാരോപണവും ഉത്ഭവിക്കുന്നു.

ഈ ദോഷാരോപണങ്ങളുടെ യഥാർത്ഥനിറം മനസ്സിലാക്കണമെങ്കിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരവും സഭാസ്ഥാപനവും എന്തു ലക്ഷ്യത്തെ ഉദ്ദേശിച്ചായിരുന്നു എന്നു നാം ചിന്തിക്കണം. അഖിലാണ്ഡസൃഷ്ടികർത്താവായ സർവ്വേശ്വരൻ ഭൂലോകത്തിൽ ഒരെളിയ മനുഷ്യവ്യക്തിയായി അവതരിച്ചതും, 33 സംവത്സരം ത്യാഗങ്ങൾ സഹിച്ചു ജീവിച്ചതും, തന്റെ വിലതീരാത്ത ഉപദേശങ്ങൾ സ്വശിഷ്യന്മാർമൂലം ലോകമാസകലം പ്രചരിപ്പിച്ചതും, ലോകാവസാനത്തോളം നിലനില്ക്കുന്ന ഒരു സത്യസഭയെ സംസ്ഥാപിച്ചതും, ആ സഭയിൽ സകലദേശീയരേയും ചേർക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ അനുയായികൾക്കു നല്കിയതും, സഭയെ കേൾക്കാത്തവരെ അജ്ഞാനികളേയും ചുങ്കക്കാരേയും പോലെ പരിഗണിച്ചതും, സഭാംഗങ്ങളുടെ ആത്മവിശുദ്ധീകരണത്തിനായി ഏഴു "കൂദാശ"കൾ സ്ഥാപിച്ചതും, അവയുടെ അനുഷ്ഠാനത്തിനുവേണ്ട അധികാരം ശ്ലീഹന്മാർക്കും അവർവഴി അനന്തരഗാമികൾക്കും നല്കിയതും, സഭയുടെ അഭംഗമായ നിലനില്പിനുവേണ്ടി തന്റെ പരിശുദ്ധാത്മാവിയെ അയച്ചതും, എല്ലാം കേവലം കെട്ടുകഥയാണെന്നു വല്ലവരും വിചാരിക്കുന്നുവെങ്കിൽ എനിക്കു് അവരോടു് ഒന്നും പറയുവാനില്ല. നേരേമറിച്ച് ഇവയൊക്കെയും പരമാർത്ഥമാണെന്നു വന്നാൽ,—മനുഷ്യരക്ഷാർത്ഥം ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭ, സാക്ഷാൽ റോമാമേല്പട്ടക്കാരന്റെ സംസർഗ്ഗത്തിലിരിക്കുന്ന, ലോകവ്യാപകമായ കത്തോലിക്കാസഭയാണെന്നു വന്നാൽ—നിത്യശിക്ഷയിൽനിന്നു മോചനംപ്രാപിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിനു് അതിലെ അംഗത്വം സ്വീകരിക്കുകയും ക്രിസ്തുവിന്റെ ബോധനമനുസരിച്ചുള്ള അച്ചടക്കം പാലിക്കുകയും ആവശ്യമാണെന്നു വന്നാൽ—മേല്പറഞ്ഞ നിസ്സാരമായ "വ്യക്തിസ്വാതന്ത്ര്യ"ത്തെ ബലികഴിക്കാതെ ഗത്യന്തരമില്ലെന്നു സകലർക്കും ബോദ്ധ്യമാകുന്നതാണ്. കുരിശുവഹിക്കാതെ കിരീടം ധരിക്കാമെന്നോ അച്ചടക്കം പാലിക്കാതെ വിജയം പ്രാപിക്കാമെന്നോ, കൈനനയാതെ മീൻപിടിക്കാമെന്നോ ആരും വിചാരിക്കേണ്ടാ എന്നുമാത്രമേ ഈ വിഷയം സംബന്ധിച്ചു പറയേണ്ടതുള്ളൂ.




ഈയിടെ ഒരു "സ്വരാജ്യസ്നേഹി" മാർഷൽസ്റ്റാലിനു് കത്തെഴുതുകയുണ്ടായി: "താങ്കളുടെ പ്രശസ്തഭരണം റഷ്യയെ സ്വർഗ്ഗസദൃശമാക്കിത്തീർത്തിരിക്കുന്നുവെന്നറിഞ്ഞു സന്തോഷിക്കുകയും പ്രസ്തുത ഭാഗ്യം ഈ രാജ്യത്തിനും കൈവരട്ടെ എന്നു ആശംസിക്കുകയും ചെയ്യുന്നു."

ഇദ്ദേഹംതന്നെ മറെറാരവസരത്തിൽ അണുശക്തിഗവേഷണസമിതി സിക്രട്ടറിക്കു ഇപ്രകാരം ഒരു കത്തയച്ചതായി കേട്ടിട്ടുണ്ടു്: "നിങ്ങളുടെ ആററംബോംബു് ഹിറോഷിമായിലും നാഗസാക്കിയിലും ഉള്ള നിലങ്ങൾ വളരെ ഇളക്കമുള്ളതും ഫലപുഷ്ടിയുള്ളതുമാക്കിത്തീർത്തിരിക്കുന്നതിൽ അവിടങ്ങളിലെ കൃഷിക്കാരുടെ പേരിൽ നിങ്ങളെ അഭിനന്ദിക്കുകയും ഏതാദൃശമായ ഒരു സഹായം ഈ രാജ്യത്തിനും ചെയ്തുതരുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു."

ഇത്തരം സ്വരാജ്യസ്നേഹികൾ സിന്ദാബാദ്!!

* * *

"എന്റെ തൊഴിലാളിസഹോദരങ്ങളേ, നിങ്ങൾ ദിവസേന എല്ലുമുറിയെ വേലചെയ്യുന്നുണ്ടു്. എന്നാൽ നിങ്ങൾക്കു കിട്ടുന്ന കൂലി ഒരുനേരത്തെ കറുത്ത റൊട്ടിക്കോ, ഒരു കപ്പു സൂപ്പിനോ തികയുന്നില്ല. ഇതിനുവേണ്ടിയാണു നാം സമരംചെയ്യേണ്ടതു്."

"അയ്യോ, സഖാവേ, ഇതു ഇവിടെ പ്പറയേണ്ട പ്രസംഗമല്ല. ഇതു ഇൻഡ്യയാണ്."

"രാജ്യമേതായാലും കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങൾക്കും പ്രസംഗങ്ങൾക്കും മാററം വരുവാൻ പാടില്ല."

* * *

ഭിക്ഷക്കാരൻ ഗൃഹനായികയോടു്: ഈ മാവിൽനിന്നു രണ്ടു മാങ്ങ പറിച്ചെടുത്തുകൊള്ളട്ടെ?

ഗൃഹനായിക: രണ്ടെണ്ണംമാത്രമേ പറിക്കാവൂ.

മാങ്ങ പറിക്കാൻ സാധിക്കാഞ്ഞതിനാൽ ഭിക്ഷക്കാരൻ വീണ്ടും ഗൃഹനായികയെ സമീപിച്ചിട്ടു്: ആ രണ്ടു മാങ്ങയുടെ വിലതരൂ. പറിക്കുന്നതിനുള്ള കൂലി ഞാൻ വകവച്ചുതന്നേക്കാം.

* * *

അദ്ധ്യാപിക ബെഞ്ചമിൻ ഫ്രാങ്ക്ളിനെപ്പററിയുള്ള പാഠം എടുത്തുകൊണ്ടിരിക്കയിൽ ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ ശ്രദ്ധയോടുകൂടി പഠിക്കുകയാണെങ്കിൽ നിങ്ങളും വളർന്നുവരുമ്പോൾ വിദ്യുച്ഛക്തി കണ്ടുപിടിച്ച ബെഞ്ചമിനെപ്പോലെയായിത്തീരും."

തോമസ്: "ഈ പുസ്തകം പഠിച്ചിട്ടാണോ അദ്ദേഹത്തിനു വിദ്യുച്ഛക്തി കണ്ടുപിടിക്കാൻ സാധിച്ചതു്?"

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam